U8:1:N... 3269.1 Sreedharan Pillai: Desa Sancharakathakal ...

V8:1:N3
3269.1

MUL
165285

**Madras University Library.**

DOCTRINA VIM PROMOVET INSITAM

Call Number

Accession Number

Available for loan from

This book should be returned on or before the date last marked below.

RECON

51

RECON

# ദേശസഞ്ചാരകഥകൾ

[ഒന്നാം ഭാഗം]

പി. ശ്രീധരൻപിള്ള ബി. ഏ.

B. V. BOOK DEPOT
TRIVANDRUM.
AND PRINTING WORKS

UNIVERSITY LIBRARY
-8 JUL 1955
MADRAS

പ്രസാധകന്മാർ

ദേവികുമാർ & കമ്പനി

തിരുവനന്തപുരം

1115] [വില 6 ണ.

പ്രസാധകന്മാരുടെ മുദ്രയില്ലാത്ത പ്രതി വ്യാജനിർമ്മിതമാകുന്നു.

165285
38213
U8:1;N3
3.2 G9.1

LIBRARY
- 8 JUL 1955
MADRAS

# മുഖവുര

ഭൂമിശാസ്ത്രത്തോടടുത്ത ബന്ധമുള്ളതും, അതിൻെറ പഠനത്തിനും കാൎയ്യഗ്രഹണത്തിനും അത്യധികം ഉതകുന്നതുമായ ഒരു പ്രവൎത്തനവിഭാഗമാണല്ലോ ദേശാന്വേഷണാൎത്ഥമുള്ള പൎയ്യടനങ്ങളും അവയെ സംബന്ധിക്കുന്ന വിവരണങ്ങളും. ബാലവിദ്യാൎത്ഥികളുടെ കൌതുകത്തേയും ജിജ്ഞാസയേയും ഉത്തേജിപ്പിക്കുന്നവയും, അവരിൽ സാമാന്യമായി കാണപ്പെടുന്ന സാഹസികത്വത്തിനും വീരകൃത്യങ്ങളിലും അത്ഭുതസംഭവങ്ങളിലുമുള്ള താത്പൎയ്യത്തിനും ലക്ഷ്യനിർദ്ദേശം ചെയ്യുന്നവയുമായ ഇത്തരം ദേശസഞ്ചാരകഥകൾ പാശ്ചാത്യഭാഷകളിൽ അത്യന്തസുലഭങ്ങളാണു്. മലയാളഭാഷയിൽ ഈ വക വളരെ വിരളമാണെന്നുള്ള വസ്തുതയത്രേ പ്രകൃതകൃതിയെ ക്ഷമാൎഹമാക്കുന്നതു്. ദേശാന്വേഷണവും പൎയ്യടനവും ഒരു ജീവിതത്തൊഴിലായിത്തന്നെ സ്വീകരിച്ചിട്ടുള്ള വ്യക്തികളും സംഘങ്ങളും ഇംഗ്ലണ്ടു്, ഫ്രാൻസ്, ജൎമ്മനി, അമേരിക്ക മുതലായ രാജ്യങ്ങളിൽ ധാരാളമാണു്. ഇവരുടെ പ്രവൎത്തനംമൂലം, മനുഷ്യവിജ്ഞാനത്തിനു പൊതുവായും ഭൂമിശാസ്ത്രപഠനത്തിനു പ്രത്യേകമായും സിദ്ധിച്ചിട്ടുള്ള വികാസം ഇന്നത്തെ ഭൌതികപരിഷ്കാരത്തെ കുറച്ചൊന്നുമല്ല പുഷ്ടിപ്പെടുത്തിയിട്ടുള്ളതു്. വലിയ തോതിലുള്ള വ്യവസായങ്ങൾക്കാവശ്യമായ അസംസ്കൃതസാധനങ്ങൾ സംഭരിക്കുന്നതിനും ഈ സാധനങ്ങൾ ഉപയോഗിച്ചു നിൎമ്മിക്കപ്പെടുന്ന സാമാനങ്ങളെ വിററഴിക്കുന്നതിനും ഉള്ള ആസ്ഥാന-

ങ്ങളാകുന്നതിന്നു പുറമേ, ദേശാന്വേഷകർ തേടിപ്പിടിപ്പി ക്കുന്നവയോ മുമ്പേതന്നെ അറിയപ്പെട്ടിട്ടുണ്ടെങ്കിലും പുത്ത നായി സഞ്ചാരപരിശോധനകൾക്കു വിധേയമാക്കുന്നവ യോ ആയ് ദേശങ്ങൾ അവരുടെ സ്വദേശങ്ങളിൽ ഉള്ള വാകുന്ന ജനപ്പെരുപ്പത്തെ ക്രമീകരിക്കുവാൻ ഉതകുന്ന തായ ഉപനിവേശരാജ്യങ്ങൾ സ്ഥാപിപ്പാനും, പ്രയോജകീ ഭവിക്കുന്നു. ഇപ്രകാരം പരിഷ്കൃതമനുഷ്യനു തുലോം അത്യാവശ്യമായിത്തീന്നിരിക്കുന്ന വാസത്തിനുള്ള സ്ഥലം, കച്ചവടത്തിനുള്ള വിപണി അസംസ്കൃതസാധനങ്ങൾക്കു ള്ള ഉത്പത്തിസ്ഥാനം എന്നീ മൂന്നുകൂട്ടങ്ങളും കരഗതമാ കുവാൻ അവനെ ശേഷിമാനാക്കുന്ന ഒരു പരിശ്രമപദ്ധ തിയാണു് അവൻെറ ദേശാന്വേഷണപര്യടനം. ആക യാൽ ഇതെസ്സംബന്ധിച്ചുള്ള കഥകളും വിവരണങ്ങളും, കല്പിതങ്ങളായ സാഹസികകഥകളേയും ഇതിഹാസങ്ങ ളേയും കാൾ ജനസാമാന്യത്തിനു്, വിശിഷ്യ ബാലവിദ്യാ ത്ഥികൾക്കു്, ഉപയോഗപ്രദങ്ങളായിഭവിക്കുമെന്നുള്ളതിൽ പക്ഷാന്തരത്തിനു വകയില്ല. ഇങ്ങനെയുള്ള പ്രയോജന ത്തെ പരിഗണിച്ചു ചമയ്ക്കപ്പെട്ടിട്ടുള്ള പ്രകൃതഗ്രന്ഥം അതി ൻെറ ഉദ്ദേശം നിവ്വഹിക്കാൻ ഒരു ചെറുതോതിലെ ങ്കിലും പര്യാപ്തമാകണമെന്നുള്ളതാണു തൽക്കർത്താവിന്റെ എളിയ മോഹം. ഈ മോഹം അസ്ഥാനത്തിലാകാത്തപ ക്ഷം ഈ രീതിയിൽ ദേശസഞ്ചാരചരിത്രത്തിൽ സുപ്രതി ഷ്ഠ നേടിയിട്ടുള്ള പല സാഹസികകഥകളും വഴിയേ പ്ര സിദ്ധപ്പെടുത്താമെന്നുള്ള പ്രത്യാശയോടെ ഈ ലഘുഗ്രന്ഥ ത്തെ പ്രഥമതഃ പ്രകാശിപ്പിച്ചുകൊള്ളുന്നു.

ഗ്രന്ഥകർത്താ.

# വിഷയാനുക്രമം.


അദ്ധ്യായം 1

മദ്ധ്യ ഏഷ്യയിലെ മരുഭൂമികൾ — പുറം

സ്വെൻ ഹെഡിൻെറ സഞ്ചാരം. — 1

അദ്ധ്യായം 2

ഉത്തരധ്രുവം

നാൻസൻെറ ധ്രുവദേശത്തിലെ അനുഭവങ്ങൾ — 14

അദ്ധ്യായം 3

ആഫ്രിക്കയുടെ ഉൾപ്രദേശങ്ങൾ

ജോസഫ് താംസൻെറ അന്വേഷണയാത്രകൾ — 28

അദ്ധ്യായം 4

അൻറാർട്ടിക്കാ ഭൂഖണ്ഡം

സ്കാട്ട്, ഷാക്കിൾട്ടൺ, എന്നിവരുടെ
കണ്ടുപിടിത്തങ്ങൾ — 40

അദ്ധ്യായം 5

എവറസ്റ്റ് ആരോഹണം

ബ്രൂസ്, മാലൊറി, സാമർവെൽ, നാർട്ടൺ
മുതലായ ധീരന്മാരുടെ പരിശ്രമങ്ങൾ — 49

അദ്ധ്യായം 6

ഹിമാലയത്തിൻെറ രഹസ്യം

മാലൊറി, ഇർവിൻ ഇവരുടെ തിരോധാനം — 63

8 JUL 1955
MADRAS

# ദേശസഞ്ചാര കഥകൾ

## ഒന്നാം ഭാഗം

### അദ്ധ്യായം ൧

#### മദ്ധ്യഏഷ്യയിലെ മരുഭൂമികൾ.

സ്വെൻ ഹെഡിൻെറ സഞ്ചാരം.

അന്യദിക്കുകളിൽ എന്തൊക്കെയാണു സംഭവിക്കുന്നതു്, തങ്ങളിൽനിന്നും ഭിന്നവർഗ്ഗക്കാരായ അയൽദേശക്കാർ ഏതു രീതിയിലാണു ജീവിക്കുന്നതു് എന്നൊക്കെ അന്വേഷിച്ചു കണ്ടുപിടിപ്പാനുള്ള ജിജ്ഞാസ മനുഷ്യസഹജമായ ഒരു താത്പര്യമാണു്. പരിഷ്കാരത്തിൻെറ വളച്ച്യ്ക്കും വികാസത്തിനും വളരെയൊക്കെ ഉതകിയിട്ടുള്ള ഈ താത്പയ്യമത്രേ ഭൂഗോളത്തിൻെറ അറിയപ്പെടാത്തതും, ഏകാന്തവുമായ ദൂരഭാഗങ്ങളിലേയ്ക്കു് സ്വയംവൃതമായ ബഹിഷ്കരണത്തിനും, നാനാപ്രകാരേണയുള്ള ക്ലേശങ്ങളേയും കഷ്ടതകളേയും സോത്സാഹം സഹിക്കുന്നതിനും, ചില ആളുകളെ ശക്തിയായി പ്രേരിപ്പിക്കുന്നതും അറിയപ്പെടാത്ത സ്ഥലങ്ങളെ കണ്ടുപിടിച്ചു് അവയിലെ വിശേഷങ്ങൾ ശാസ്ത്രീയമായി പരിശോധിക്കുക എന്ന ഉദ്ദേശമായാലും, അഥവാ വെറും സാഹസികത്വം കൊണ്ടായാലും, ഇങ്ങനെ ദേശാന്വേഷണങ്ങൾക്കു് ഒരുങ്ങിയിറ

ങ്ങുന്ന മഹാരഥന്മാർ മനുഷ്യവിജ്ഞാനത്തിന്റെ പരിധിയെ തങ്ങളുടെ നിരീക്ഷണങ്ങളാൽ വിപുലമാക്കുകയാണു ചെയ്തിട്ടുള്ളതു്. ആകയാൽ അവരിൽ ചിലരെപ്പററിയും അവരുടെ പര്യടനങ്ങളെക്കുറിച്ചും അല്പം ആരായുന്നതു രസാവഹമായിരിക്കും.

ക്രിസ്താബ്ദം ൧൮൯൫—നു മുമ്പുള്ള ഭൂപടങ്ങൾ പരിശോധിക്കുന്നപക്ഷം, മധ്യഏഷ്യയിൽക്കൂടി വടക്കോട്ടൊഴുകുന്ന 'യാർക്കണ്ഡ്' എന്ന നദിക്കും അതിന്റെ ഒരു പോഷകനദിയായ 'ഖോട്ടാൻ' എന്ന നദിക്കും ഇടയിലായി സുമാർ ൨൦൦ മയിൽ വീതിയിൽ ഉള്ള സ്ഥലവിഭാഗം "അറിയപ്പെടാത്തതു്" എടയാളപ്പെടുത്തിയിരിക്കുന്നതായി കാണാം. ഇതു് ഒരു മരുഭൂമിയാണു്. കയറിക്കടക്കുവാൻ സാധ്യമല്ലാത്തവിധം പൊക്കമുള്ള മണൽക്കുന്നുകൾ നിറഞ്ഞതത്രെന്നും, ഈ മണൽക്കുന്നുകളുടെ അടിയിലായി ഏകദേശം രണ്ടായിരംകൊല്ലം മുമ്പു നല്ല പരിഷ്കാരദശയെ പ്രാപിച്ചിരുന്ന ഏഴു പട്ടണങ്ങൾ മൂടിക്കിടപ്പുണ്ടെന്നും മററും ഈ പ്രദേശത്തെക്കുറിച്ചു ചില കേട്ടുകേൾവികൾ ഉണ്ടായിരുന്നതല്ലാതെ, ഈ സ്ഥലത്തു് പോയി പരിശോധിച്ചു ജീവനോടെ തിരിച്ചുപോന്ന യാതൊരാളും അക്കാലങ്ങളിൽ ഉണ്ടായിരുന്നില്ല.

'ടാക്ലമാക്കാൻ' എന്ന പേരിനാൽ അറിയപ്പെട്ടുവന്നിരുന്ന ഈ ഭയങ്കരമരുഭൂമിയെ വിജയകരമാംവണ്ണം തരണം ചെയ്തു് അവിടത്തെ വിശേഷങ്ങൾ കണ്ടു മനസ്സിലാക്കി തിരിച്ചെത്തണം എന്ന മോഹം ൧൮൯൫-നോടു സമീപിച്ചു്, ഡാക്ടർ സ്വെൻ ഹെഡിൻ എന്ന സ്വീഡൻ

രാജ്യക്കാരനായ ഒരു സഞ്ചാരിയുടെ മനസ്സിൽ ഉദിച്ചു. ആ സ്ഥലത്തെപ്പററിയുള്ള വർണ്ണനകളും, അതു് ആരാലും അധൃഷ്യമെന്നുള്ള വാദവും സെപൻ ഹെഡിൻെറ ജിജ്ഞാസയെ വർദ്ധിപ്പിച്ചതേയുള്ളു. അദ്ദേഹമാകട്ടെ, ഇതിന്മുമ്പായി പെഴ്സ്യാ, ടർക്കിസ്ഥാൻ, മുതലായ രാജ്യങ്ങളിലെ വലിയ മരുഭൂമികളിൽ സഞ്ചരിച്ചു് ഇക്കാൎയ്യത്തിൽ വേണ്ടത്ര പരിചയവും നേടിയിരുന്നു. ആകയാൽ ഒരു യാത്രാസംഘത്തെ സജ്ജീകരിച്ചു്, ടാക്ലമാക്കാൻ മരുഭൂമി കടക്കുന്നതിനായി അദ്ദേഹം, ൧൮൯൫ ഏപ്രിൽ മാസത്തിൽ 'യാർക്കണ്ടു്' എന്ന സ്ഥലത്തുനിന്നും പുറപ്പെട്ടു.

സെപൻ ഹെഡിൻെറ യാത്രാസംഘത്തിൽ, സപഭൃത്യനെ കൂടാതെ മരുഭൂമികളിൽ സഞ്ചരിച്ചു പരിചയമുള്ള മൂന്നു മഹമ്മദീയരും ഉൾപ്പെട്ടിരുന്നു. അവർ എട്ടൊട്ടകങ്ങളെയും കുറെ പട്ടികൾ, ആടു്, കോഴി, എന്നിവയെയും കൂടി കൊണ്ടുപോന്നിരുന്നു. മരുഭൂമിയുടെ ഒത്ത നടുക്കായി വിലങ്ങത്തിൽ ഒരു പൎവ്വതപംക്തി ഉള്ളതായി അവർ കേട്ടിരുന്നു. ഈ പർവതത്തിൻെറ ചുവട്ടിൽ എത്തിച്ചേരുകയായിരുന്നു അവരുടെ ആദ്യത്തെ ഉന്നം. അപൂർവം ചില കുററിച്ചെടികളും ഉപ്പുരസം കലൎന്ന വെള്ളവും പർവതത്തിൻെറ പാർശ്വംവരെ അങ്ങുമിങ്ങുമായി ഉണ്ടായിരുന്നതല്ലാതെ അവൎക്കു് അവിടെങ്ങും യാതൊരു ജീവജന്തുവിനേയും കാണ്മാൻ കഴിഞ്ഞില്ല. താമസിയാതെ ആ സംഘം പർവതത്തിൻെറ ചുവട്ടിൽ വന്നുചേൎന്നു. പർവതംകടന്നു് അപ്പുറത്തെത്തിയപ്പോൾ കണ്ട കാഴ്ച അവരെ അത്ഭുതപരതന്ത്രരാക്കി. ഒരു മഹാസമുദ്രത്തെക്കാൾ പരപ്പേറിയ മണലാരണ്യമാണു് അവരുടെ ദൃഷ്ടിപഥത്തിൽ എത്തി

യതു്. എന്നാൽ പർവ്വതത്തിന്റെ ഈ ചരിവിൽ ഉണ്ടായിരുന്ന ശുദ്ധജലം നിറഞ്ഞ ചെറുതടാകങ്ങളും പുൽച്ചെടികളും കാട്ടുകോഴി മുതലായ ജന്തുക്കളും അവൎക്കു് അല്പം ആശ്വാസത്തിനു വക കൊടുത്തു.

യാത്രാസംഘത്തിലെ 'വഴികാട്ടി'കളുടെ അഭിപ്രായമനുസരിച്ചു് ഈ സ്ഥലത്തുനിന്നും 'ഖോട്ടാൻ' നദിയിലേയ്ക്കു് ഉദ്ദേശം അഞ്ചു ദിവസത്തെ സഞ്ചാരം വേണ്ടിയിരുന്നു. ഇടയ്ക്കുള്ള സ്ഥലത്തു വെള്ളംകിട്ടുകയില്ല എന്നു തിട്ടമായിരുന്നതിനാൽ സ്വെൻ ഹെഡിൻ തന്റെ അനുചരന്മാരോടു് പത്തുദിവസത്തേയ്ക്കു വേണ്ട വെള്ളം കരുതിക്കൊള്ളാൻ ആജ്ഞാപിച്ചു. എന്നാൽ, തന്റെ ഈ ആജ്ഞയനുസരിച്ചു് അവർ പ്രവൎത്തിച്ചുവോ എന്നു് അദ്ദേഹം പരിശോധിക്കാൻ വിട്ടുപോയി. മടിയന്മാരായ ഉഷ്ട്രപാലന്മാരാകട്ടെ, നാലുദിവസത്തേയ്ക്കു വേണ്ട വെള്ളം മാത്രമെ ശേഖരിച്ചിരുന്നുള്ളുതാനും. ഈ കാൎയ്യം അവൎക്കെല്ലാവൎക്കും തന്നെ അത്യന്തമായ കഷ്ടപ്പാടിനും ചിലൎക്കു ജീവാപായത്തിനുകൂടിയും ഇടവരുത്തി.

ഏപ്രിൽമാസം ൨൩-ാംനു- അവർ പർവതപാൎശ്വം വിട്ടു മണലാരണ്യത്തിലൂടെ സഞ്ചരിപ്പാൻ തുടങ്ങി. കുറെ കഴിഞ്ഞപ്പോൾ പുല്ലും കുററിച്ചെടികളും തീരെ കാണാനില്ലാതായി. ഏറെ കിഴക്കോട്ടു പോകുംതോറും മണൽക്കുന്നുകളുടെ വലുപ്പം വർദ്ധിച്ചുവർദ്ധിച്ചു കണ്ടുതുടങ്ങി. ചുവട്ടുമുതൽ അററംവരെ ൨൦൦-അടിയും കൂടുതലുമുള്ള മണൽക്കുന്നുകൾ ഒന്നിനുപുറകിൽ ഒന്നായി അവരുടെ മാൎഗ്ഗനിരോധംചെയ്തു. ഇവയെ കയറിക്കടക്കുക എന്നുള്ളതു് ഏററവും

ശ്രമമേറിയ പണിയായിരുന്നു. ചരിവുള്ളതും താഴോട്ട് എളുപ്പം വഴുതുന്നതുമായ ഈ കുന്നുകളുടെ ഒരുവശത്തു പകുതി കയറിക്കഴിയുമ്പോൾ, ആളുകളും ഒട്ടകങ്ങളും ഒന്നായി കീഴ്പോട്ടു വഴുതിവീണു പിന്നെയും ആവർത്തിച്ചു കേറേണ്ടതായ പല സന്ദർഭങ്ങളും അവക്കു നേരിടേണ്ടതായി വന്നു. മുകളിൽ കയറിക്കഴിഞ്ഞാൽ മറുഭാഗത്തേക്കിറങ്ങുന്ന കാര്യമായിരുന്നു ഇതിലും ആപൽക്കരം. വളരെ സൂക്ഷിച്ചില്ലെങ്കിൽ, പിന്നിട്ട ഭാഗങ്ങളിൽനിന്നു മണൽ വഴുതിവീണു യാത്രക്കാരെയും ഒട്ടകങ്ങളേയും മുഴവൻ മൂടുവാൻ എളുപ്പമായിരുന്നു. ഇങ്ങനെ ആയാൽ അതിൽ നിന്നു രക്ഷപ്രാപിക്കാൻ വളരെ അധ്വാനപ്പെടുകയും വേണം. ചില ഘട്ടങ്ങളിൽ കാൽ ഉറയ്ക്കാതെ ഒട്ടകങ്ങൾ താഴോട്ടുരുളുകയായി. ഇങ്ങനെ സംഭവിച്ചു കഴിഞ്ഞാൽ കുന്നിൻെറ ചുവട്ടിൽ എത്തുന്നതുവരെ പല കുട്ടിക്കരണങ്ങളും മറിഞ്ഞുകൊണ്ട് ഉരുളുക എന്നല്ലാതെ ഒരു വിധത്തിലും അവയെ നിയന്ത്രിക്കുന്നതിനു മാർഗ്ഗവുമില്ലായിരുന്നു.

ഈ സ്ഥലങ്ങളിൽ യാതൊരു തരത്തിലുള്ള ചെടികളോ ജീവജന്തുക്കളോ ഉണ്ടായിരുന്നില്ല. വെള്ളത്തിൻെറ കാര്യം പറയാനുമില്ലല്ലൊ. യാത്രപുറപ്പെട്ടതിൻെറ രണ്ടാം ദിവസം മാത്രമാണു ഡാക്ടർ ഹെഡിൻ തൻെറ അനുയായികൾ പത്തുദിവസത്തേയ്ക്കുവേണ്ട വെള്ളം സംഭരിച്ചിരുന്നില്ല എന്നു കണ്ടുപിടിച്ചതു്. എങ്കിലും തിരിയെ പോവുക എന്തായാലും പാടില്ല എന്നദ്ദേഹം തീർച്ചയാക്കി.

മൂന്നാംദിവസം ദാഹംമൂലം രണ്ടൊട്ടകങ്ങൾ ചാകാനിടയായി. അന്നുരാത്രി അവർ ആ മണൽക്കാട്ടിൽ പതി

നഞ്ചടിയോളം കുഴിച്ചുനോക്കി. പക്ഷെ വെള്ളത്തിന്റെ മയംപോലും അവിടെയെങ്ങും കാണാൻ കഴിഞ്ഞില്ല. ഒട്ടകങ്ങളിൽകയറാതെ അവർ കാൽനടയായി സഞ്ചരിക്കാൻ തുടങ്ങി. മുന്നോട്ടുള്ള പോക്ക് വളരെ സാവധാനത്തിലായിരുന്നു. കാര്യങ്ങൾ കുറെക്കൂടി വിഷമതരമാക്കാൻ, അതുവരെ മൂടൽ മഞ്ഞുപോലുള്ള ഒരു തരം മങ്ങൽപൂണ്ട് ഇരുണ്ടിരുന്ന അന്തരീക്ഷം പെട്ടെന്നുതെളിഞ്ഞു. തനി നീലവർണ്ണമായ ആകാശത്തുനിന്നും സൂര്യൻ തന്റെ തീക്ഷ്ണരശ്മികളെ ചുററുപാടും വീശാൻ തുടങ്ങി. ഒരു രാത്രി അവർ താവളമുറപ്പിച്ച സ്ഥലത്തിനു ചുഴലവും ഒരു ചീററലും മുഴക്കവും കേട്ടു. അല്പം ക്ഷണനേരങ്ങൾക്കുള്ളിൽ മഴപോലെ മണൽവർഷിക്കുന്ന ഒരു ഭയങ്കരമായ ചുഴലിക്കാററ്, അവരെ വലയം ചെയ്തു. കുപ്പിച്ചില്ലുകൾപോലെ മൂർച്ചയേറിയതും, അതിസൂക്ഷ്മങ്ങളുമായ മണൽത്തരികൾ അവരുടെ വസ്ത്രങ്ങളിലും, രോമകൂപങ്ങളിൽക്കൂടിയും അടിഞ്ഞുകയറി അവരിൽ ഒരു വക ഉന്മാദമുളവാക്കി. സാമാനങ്ങളും മണ്ണുകൊണ്ടു മൂടി. ഈ മണൽവർഷത്തെ ഏഴെട്ടു മണിക്കൂർനേരം സഹിച്ചതിനുശേഷം പിറേറന്നു പ്രഭാതത്തിൽ സാമാനങ്ങളുംമററും വളരെ ശ്രമപ്പെട്ടു കുഴിച്ചെടുക്കേണ്ടതായി വന്നു.

യാത്രതുടങ്ങിയതിന്റെ ആറാംദിവസം ജലക്ഷാമം അസഹ്യമായ നിലയെ പ്രാപിച്ചു. നദീതീരത്തേയ്ക്ക് ഇനി അധികം ദൂരം ഉണ്ടായിരിക്കയില്ല എന്ന സങ്കല്പം ദാഹത്താൽ വിവശരെങ്കിലും അവരെ മുന്നോട്ടുതന്നെ നീങ്ങാൻ പ്രേരിപ്പിച്ചു. വളരെ ക്ലേശിച്ചു പകൽ മുഴുവനും യാത്ര ചെയ്തിട്ടും നദിവക്കത്ത് എത്തിച്ചേരായ്കയാൽ അതി

നിരാശയോടെ ആ രാത്രിയിലും അവർ വഴിയരികിൽ വിശ്രമിച്ചു.

പിറേറദിവസം പ്രഭാതത്തിൽ ഒരു മൺവെട്ടിയും, വടക്കുനോക്കിയന്ത്രവും, പണവും, തൻെറ നോട്ടുപുസ്തകവും ഒഴികെ ബാക്കിസാമാനങ്ങളെല്ലാം അവിടെ ഉപേക്ഷിച്ചുംവച്ച് സെപൻ ഹെഡിനും അനുചരന്മാരും യാത്ര തുടൻു. ഈ ഘട്ടത്തിൽ രണ്ടുപാട്ട വെള്ളം മാത്രമേ ശേഷിപ്പുണ്ടായിരുന്നുള്ളു. അതിൽ അധികം ഭാഗവും അനുചരന്മാരിൽ ഒരുവൻ അത്യാർത്തിയോടെ മോഷ്ടിച്ചു കുടിച്ചു. നാലുദിവസമായി അവർ ആഹാരമൊന്നും കഴിച്ചിരുന്നില്ല. ഒട്ടകങ്ങൾക്കു വെള്ളം കൊടുക്കാൻ നിവൃത്തിയില്ലാതിരുന്നതിനാൽ ആദ്യം യാത്രക്കാക്കു തിന്നാനുള്ള റൊട്ടിമുഴുവനും, പിന്നീടു വെണ്ണ മുഴുവനും, അവയ്ക്കു കൊടുത്തു തീത്തിരുന്നു. യാത്രക്കാരുടെ തൊണ്ടകൾ ഉണങ്ങി വരണ്ടുപോയി. പക്ഷെ അവക്കു വിശപ്പു തീരെ ഇല്ലായിരുന്നു. എന്തെന്നാൽ വിശപ്പു തോന്നിയ ഘട്ടം വളരെ മുമ്പേതന്നെ കഴിഞ്ഞുപോയി. എന്നാൽ അത്യന്തമായ ദാഹം അവരെ വല്ലാതെ വലച്ചു. ഒരു കുമ്പിൾ വെള്ളത്തിനു ജീവനെപ്പോലും വിൽക്കാൻ അവർ അപ്പോൾ സന്നദ്ധരായിരുന്നു. ദാഹം സഹിക്കവയ്യാതെ ഹെഡിൻ തൻെറ സ്റ്റൗ കത്തിക്കാൻ വേണ്ടിയുള്ള സ്പിരിററിനെ പാനം ചെയ്തു. എന്നാൽ അതു് അദ്ദേഹത്തിൻെറ അപാരമായ തൃഷയെ ഉദ്ദീപിപ്പിക്ക മാത്രമേ ചെയ്തുള്ളു. അദ്ദേഹം മോഹാലസ്യപ്പെട്ടു വീണുപോയി. അനുയായികൾ ആ മരണഗർത്തത്തിൽ നിൽക്കാതെ തങ്ങ

ളുടെ നായകനെ ഏകാകിയായി വിട്ടുംവച്ച് മുന്നോട്ടുതന്നെ പോയി.

അല്പസമയം കഴിഞ്ഞു് മോഹാലസ്യത്തിൽ നിന്നു മുക്തനായ ഡാക്ടർ എണിററ് അവരെ പിൻതുടൎന്നു. മൂന്നുമയിൽ അകലെയായി അവർ യാത്രയിൽ നിന്നും വിരമിച്ചു നിലകൊണ്ടിരുന്നു. അവരിൽ രണ്ടുപേർ ദാഹശമനത്തിനുള്ള സർവ്വ ആശകളും നശിക്കമൂലം ജീവിച്ചിരിക്കാൻപോലും ആകാംക്ഷ ഇല്ലാത്തവരായി കാണപ്പെട്ടു; ശേഷിച്ചിരുന്ന ഒട്ടകങ്ങളും ജീവശ്ശവങ്ങളായിത്തീൎന്നിരുന്നു. അവരിൽ ഡാക്ടർ ഫെഡിനും സ്വഭൃത്യനും യാക്കൊട്ടുകാരനായ കാസിം എന്ന ഒരുവനും മാത്രം ആ അത്യുഗ്രമായ വെയിലിൽനിന്നു തങ്ങൾക്കു് തൽക്കാലരക്ഷ കിട്ടുന്നതിനുവേണ്ടി ഒരു കൂടാരം നിൎമ്മിക്കുവാനുള്ള ശക്തിയും പ്രജ്ഞയും ശേഷിച്ചിരുന്നു. ഡാക്ടർ ഈ ഘട്ടംവരെ, വളരെ വളരെ പണിപ്പെട്ടിട്ടാണെങ്കിലും തന്റെ യാത്രയുടെ ഒരു ചുരുങ്ങിയ കുറിപ്പു് അപ്പപ്പോൾ എഴുതി സൂക്ഷിക്കാറുണ്ടായിരുന്നു. എന്നാൽ തന്റെ ജീവിതം അതിലോലമായ ഒരു ലൂതാതന്തുവിൽ തൂങ്ങുന്നു എന്നു ഗ്രഹിച്ച ഈ അവസരത്തിൽ, എങ്ങനെ ഇത്ര വെള്ളം കിട്ടും എന്ന ഏക ചിന്തയല്ലാതെ മററു യാതൊരു വിചാരവും അദ്ദേഹത്തിനുണ്ടായില്ല.

അന്നുരാത്രി, സ്വല്പം തണുപ്പു തോന്നിത്തുടങ്ങിയപ്പോൾ, അദ്ദേഹം തന്റെ ഭൃത്യനോടും, കാസിമിനോടും കൂടി, ഒരു റാന്തലുംകൊണ്ടു പുറപ്പെട്ടു. മററു രണ്ടുപേരും അനങ്ങാൻപോലും തയ്യാറില്ലാതെ കിടപ്പായിരുന്നു. അവരെ അതിനുശേഷം ആരും കണ്ടിട്ടില്ല. ആകയാൽ

അവർ അവിടെത്തന്നെ കിടന്നു മരിച്ചിരിക്കണം. ഷെഡിനും മററും വളരെ സാവധാനത്തിൽ മുന്നോട്ടു നടന്നു. എത്ര സാവധാനത്തിലെന്നു് പാതിരാത്രിയായപ്പോൾ, കൂടാരമടിച്ച സ്ഥലത്തുനിന്നു രണ്ടരമയിൽ ദൂരത്തു് എത്തിച്ചേരാനേ അവൎക്കു കഴിഞ്ഞുള്ളു എന്നുള്ളതിൽ നിന്നനുമാനിക്കാം. ഡാക്ടരുടെ ഭൃത്യൻ ഈ ഘട്ടത്തിൽ തനിക്കിനി ഒരു ചുവടുകൂടി മുമ്പോട്ടു വെയ്ക്കാൻ കഴികയില്ല എന്നു പറഞ്ഞു വഴിയിൽ കിടന്നു. ഗത്യന്തരമില്ലായ്കയാൽ തങ്ങളുടെ റാന്തലും അവനെ ഏല്പിച്ചു് ഡാക്ടരും കാസിമും മാത്രം കുററിരുട്ടത്തു് പിന്നെയും മുന്നോട്ടുതന്നെ യാത്രതുടൎന്നു.

നേരം ക്രമേണ പുലൎന്നു. അതു് അവരുടെ യാത്രയുടെ ഒൻപതാം ദിവസമായിരുന്നു. അവർ രണ്ടുപേരും എത്തുമാത്രം ക്ഷീണിച്ചിരുന്നു എന്നു് അവരുടെ മുൻപോട്ടുള്ള ഗതിവേഗം വളരെ തുച്ഛമായിരുന്നു എന്നതിൽനിന്നു തന്നെ നിശ്ചയിക്കാം. എന്നത്തെക്കാളും ഉഷ്ണം അന്നു വളരെ കൂടുതലായി അവൎക്കു തോന്നി. നന്നേ ക്ഷീണിച്ചിരുന്ന അവർ ഏകദേശം ഉച്ചയായപ്പോൾ മണലിൽ ഒരു കുഴികുഴിച്ചു് അതിൽ ഇറങ്ങിയിരുന്നു തങ്ങളുടെ വസ്ത്രങ്ങൾ അഴിച്ചു കുഴിയുടെ മുകൾഭാഗം മൂടി. അസ്തമിച്ചതിന്റെ ശേഷം വീണ്ടും എഴുന്നേററു നടക്കാൻ തുടങ്ങി. രാത്രി വന്നപ്പോൾ അല്പം തണുപ്പുണ്ടായിരുന്നതു് അവൎക്കു കുറെ ആശ്വാസം നല്കി. അവർ രാത്രിമുഴുവൻ മെല്ലെമെല്ലെ നടന്നു. പിറേറന്നു നേരംവെളുത്തപ്പോൾ സ്വല്പം ദൂരത്തായി കാസിം ഒന്നുരണ്ടു ചെടികളെ കണ്ടുപിടിച്ചു. മണലാരണ്യത്തിൽ പ്രവേശിച്ചശേഷം അതാദ്യമായിട്ടായി

രുന്നു അവർ പച്ചനിറമുള്ള എന്തെങ്കിലും കണ്ടെത്തു്. അവർ ആ ചെടികളുടെ അടുത്തേയ്ക്കു നടന്നെത്തി ആർത്തിയോടെ അവയുടെ ഇലകൾ പറിച്ചു ചവച്ചുതിന്നു. ഒരു വിധം ആശ്വാസം കിട്ടിയ ഉടനെ ഈ പച്ചിലകൾ തങ്ങളുടെ ജീവരക്ഷയ്ക്കുപകരിച്ചു എന്ന വിചാരത്താൽ അവിടെ വീണുകിടന്നുംകൊണ്ടു് അവർ ദൈവത്തെ സ്തുതിച്ചു.

ആ പകൽ മുഴവൻ അവർ ഒരു ചെടിയുടെ മറവിൽ കഴിച്ചുകൂട്ടി. ചുററും അനേകം പാഴ്ചെടികളുണ്ടായിരുന്നു എങ്കിലും അതിനടുത്തെങ്ങും വെള്ളം ഇല്ലായിരുന്നു. വൈകിയപ്പോൾ പിന്നിലിട്ടിട്ടുപോന്ന ഭൃത്യൻ കാണുവാൻവേണ്ടി അവർ ഒരു തീ കത്തിച്ചു. എന്നാൽ പിറേറ ദിവസമായിട്ടും അവൻ അവരോടൊപ്പം എത്തിച്ചേർന്നില്ല.

അവർ വീണ്ടും മുന്നോട്ടുപോയി. എന്നാൽ ക്രമേണ ചെടികളുള്ള ദേശം അവസാനിക്കയും ശൂന്യമായ മറെറാരു മരുപ്രദേശം തങ്ങളുടെ മുമ്പിൽ നോക്കെത്തുന്നെടത്തോളം ദൂരത്തിൽ നീണ്ടുകിടക്കയും ചെയ്യുന്നതായി കണ്ടപ്പോൾ അവർ രണ്ടാളുടേയും മനസ്സിടിഞ്ഞു. തീരെ ക്ഷമയും ആശയും നശിച്ചു കാസിം പരാജയം സമ്മതിച്ചുകൊണ്ടു് ഇനിയും മുന്നോട്ടു പോകാൻ തന്നാൽ അസാധ്യമെന്നു പറഞ്ഞു വഴിയിൽ ഇരുന്നു. ഇങ്ങനെ ഏകാകിയായിത്തീൎന്ന സൈപൻ ഹെഡിൻ ഇതൊന്നുകൊണ്ടും അധൈര്യപ്പെടാതെ മുന്നോട്ടുതന്നെ നീങ്ങി. ആറുമണിക്കൂർ നേരത്തെ സാഹസത്തിനുശേഷം ക്ഷീണംനിമിത്തം തീരെ അവശനായി അദ്ദേഹവും വഴിയിൽ വീണുപോയി.

കുറെനേരം കഴിഞ്ഞപ്പോൾ വീണ്ടും ധൈര്യമവലംബിച്ചു പിന്തുടന്നെത്തിയ കാസിം അദ്ദേഹത്തെ കണ്ടെത്തി. അവർ രണ്ടുപേരുംകൂടി പിന്നെയും യാത്രതുടൎന്നു. പിറേറന്നു രാവിലെ അവർ ദൂരത്തായി ഒരു വരി ചെടികൾ നിൽക്കുന്നതുകണ്ടു. തീർച്ചയായും ഇതു് ഒരു നദിയുടെ സമീപമായിരിക്കണമെന്നു് അവർ അനുമാനിച്ചു. ആറു ദിവസം ഒരു തുള്ളിവെള്ളംപോലും കുടിക്കാഞ്ഞിട്ടും ഇനിയും ജീവിച്ചിരിക്കുന്നതിൽ അവർ തന്നത്താൻ അത്ഭുതപ്പെട്ടു. വെള്ളം കുടിക്കാതെ ഒരു നിമഷംകൂടെ കഴിച്ചുകൂട്ടുക അസാദ്ധ്യമെങ്കിലും ക്ഷീണം വല്ലാതെ പീഡിപ്പിക്കയാൽ ആ കൊട്ടുവെയിലിൽക്കൂടി നദീതീരംവരെ നടക്കുക എന്ന കാര്യം അവൎക്കു കേവലം ദുസ്സാധമായിത്തോന്നി. ആകയാൽ പകൽമുഴവൻ ചില കുററിച്ചെടികളുടെ ഇടയിൽ കഴിച്ചുകൂട്ടി. ഇതിനിടയ്ക്കു കാസിം മോഹാലസ്യപ്പെട്ടു വീണുപോയി. തന്മൂലം അന്തിയായപ്പോൾ ഹെഡിൻ തനിച്ചു നദിയുടെ അടുക്കലേക്കു ചെന്നു. അവിടെ എത്തിയപ്പോൾ, കഷ്ടമേ! നദിയുടെ തടം ജലശൂന്യമായി വറണ്ടു വററിക്കിടക്കുന്നതാണു് കണ്ടതു്.

എന്നാൽ ഡാക്ടരുടെ ഓൎമ്മശക്തി ഈ ക്രൂരമായ ദുരവസ്ഥയിൽപോലും അദ്ദേഹത്തെ കൈവെടിഞ്ഞില്ല. നദീതടത്തിൽ കുറേക്കൂടി അപ്പുറത്തായി വെള്ളംകെട്ടിനില്ക്കുന്ന പ്രദേശങ്ങൾ ഉണ്ടായിരിക്കാൻ ഇടയുള്ളതായി അദ്ദേഹം പെട്ടെന്നൂഹിച്ചു. ബലം തീരെ ക്ഷയിച്ചിരുന്ന അദ്ദേഹം നദിയുടെ മറുതീരത്തേക്കു് ഇഴയുകതന്നെ ചെയ്തു. രണ്ടുമയിൽദൂരം അഞ്ചു മണിക്കൂർകൊണ്ടാണു കടന്നതു്

കേൾക്കുമ്പോൾ ക്ഷീണം എത്രമാത്രമായിരുന്നു എന്നു സങ്കല്പിക്കാമല്ലോ. അവിടെ വല്ലവിധത്തിലും എത്തിച്ചേൎന്നപ്പോഴേക്കും അത്യാനന്ദകരമായ ഒരു കാഴ്ച അദ്ദേഹം കണ്ടു. അതു്, ഒരു താറാക്കോഴി സ്വല്പം ഉയൎന്നു പറക്കുന്നതും അടുത്തുതന്നെ വെള്ളത്തിൽ ഒരു ശബ്ദത്തോടുകൂടി പതിക്കുന്നതും ആയിരുന്നു. അല്പസമയത്തിനുള്ളിൽ ഡാക്ടരും ആ പക്ഷി പറന്നു വീണ സ്ഥലത്തു ചെന്നുചേൎന്നു.

തന്റെ അതിതൃഷ്ണ പൂൎണ്ണമായി ശമിക്കുന്നതുവരെ സ്വെൻ ഹെഡിൻ വെള്ളംകുടിച്ചു. ചുട്ടുനീറുന്ന മുഖത്തെയും ഭുജങ്ങളേയും ആ അമൃതധാരയിൽ മതിയാവോളം മുക്കി. എന്നാൽ അവിടെ അങ്ങിനെ നിന്നുകളയാൻ അദ്ദേഹത്തിനു മനസ്സുവന്നില്ല. പരവശനായി ഓൎമ്മയില്ലാതെ ദൂരെ കുററിച്ചെടികൾക്കിടയിൽ കിടക്കുന്ന കാസിമിന്റെ കഥ അദ്ദേഹം സ്മരിച്ചു. ഉടൻതന്നെ തന്റെ രണ്ടു ബൂട്ട്സും നിറയെ വെള്ളം എടുത്തുംകൊണ്ടു് കാസിമിന്റെ അരികിലേക്കു് ഓടി. ആ വെള്ളം കുടിച്ചുകഴിഞ്ഞതിനുശേഷവും കാസിമിനു നടക്കാൻ സാധ്യമുണ്ടായില്ല. അതുകൊണ്ടു്, കാസിമിനെ അവിടെത്തന്നെ വിട്ടുംവച്ചു് ഡാക്ടർ നദിയുടെ താഴ്വാരത്തേക്കു നടന്നു. അദ്ദേഹത്തിനു് ഇപ്പോൾ നല്ലപോലെ വിശപ്പുതോന്നിത്തുടങ്ങിയിരുന്നു. എന്നാൽ ചില പുല്ലുകളും ഉമ്പിളുന്തയെപ്പോലുള്ള ചില ജന്തുക്കളുമല്ലാതെ ഒന്നുംതന്നെ തിന്നാൻ കിട്ടിയില്ല. രണ്ടുരാത്രിയും മൂന്നുപകലും ഇപ്രകാരം നദീതടത്തിൽക്കൂടി താഴോട്ടു നടന്നശേഷം സ്വെൻ ഹെഡിൻ ചില ആട്ടിടയന്മാരെ കണ്ടുമുട്ടി. ഇങ്ങനെ, അദ്ദേഹം അതിഭയങ്കരമായ ഒരു തരം മരണത്തിൽനിന്നു്, ആത്മവി

ശ്വാസം എന്ന ഏകഗുണത്താൽ രക്ഷപ്രാപിക്കയും, അതേസമയം തന്നെ, അതുവരെ യാതൊരു യൂറോപ്യനും തരണംചെയ്തിട്ടില്ലാത്ത 'ടാക്ലാമാക്കൻ' എന്ന മദ്ധ്യ ഏഷ്യയിലെ വമ്പിച്ച മരുഭൂമിയെ കടക്കുകയും ചെയ്തു.

ലോകത്തിലെ ദേശാന്വേഷകന്മാരിൽ ഒന്നാം കിടക്കാരനായ ഡാക്ടർ സ്വെൻ ഹെഡിൻ മുൻ വിവരിച്ച മരുഭൂമിയാത്രക്കു ശേഷം പിന്നെയും വളരെ ദേശാന്വേഷണപരമായ സഞ്ചാരങ്ങൾ വിജയപൂർവം നിർവ്വഹിച്ചിട്ടുണ്ട്. അദ്ദേഹമാണ് ആദ്യമായി 'ടിബററു'' സന്ദർശിച്ച യൂറോപ്യൻ. സുപ്രസിദ്ധമായ ഗോബി മരുഭൂമി ആദ്യമായി കടന്ന യൂറോപ്യനും അദ്ദേഹംതന്നെ. ബ്രഹ്മപുത്രാനദിയുടെ ഉൽപത്തിസ്ഥാനം കണ്ടുപിടിച്ചതും മദ്ധ്യ ഏഷ്യയിലെ അനേകം പവ്വതപംക്തികളെ ഭൂപടത്തിൽ കൊള്ളിച്ചതും മററാരുമല്ല. താൻ സന്ദർശിച്ച ഭൂവിഭാഗങ്ങളുടെ പടങ്ങൾ വളരെ ശരിയായും, നിസ്സാരഭാഗങ്ങൾ പോലും വിടാതെയും, ചിത്രീകരിക്കാനുള്ള അദ്ദേഹത്തിന്റെ പ്രത്യേക വാസന ഇദാനീന്തനകാലത്തെ ഭൂമിശാസ്ത്രപഠനത്തെ ഏററവും സുഗമമാക്കിച്ചെയ്തിട്ടുണ്ട് എന്നുള്ളതു് സവ്വവിദിതമാണ്.

## ഉത്തരധ്രുവം

### നാൻസൻ എന്ന സഞ്ചാരിയുടെ അനുഭവങ്ങൾ

ഭൂഗോളത്തിന്റെ അജ്ഞാതങ്ങളായ പ്രദേശങ്ങൾ പകൽ പോലും സൂര്യരശ്മികടക്കാത്ത ഘോരവനങ്ങളോ, ചുട്ടുപഴുത്ത വെൺമണൽ നിറഞ്ഞ ഊഷരഭൂമികളോമാത്രമല്ല. അത്യധികമായ ശൈത്യം നിമിത്തം മനുഷ്യവാസയോഗ്യമല്ലാത്തതും, ഒരിക്കലും ശരിയായ സൂര്യപ്രകാശം തട്ടാത്തതിനാൽ ഉറച്ചു പാറപോലെ കിടക്കുന്ന മഞ്ഞുകട്ടകളാൽ മിക്കവാറും മൂടപ്പെട്ടതും, യാതൊരുവിധം സസ്യങ്ങളും ഉണ്ടാകാത്തതുമായ ധ്രുവദേശങ്ങളും ഇതിൽ ഉൾപ്പെടുന്നു.

ഉദ്ദേശം നാനൂററമ്പതു കൊല്ലങ്ങളോളം കാലം പലപ്പോഴായി പലരും ഉത്തരധ്രുവത്തെ കണ്ടുപിടിക്കാൻ ശ്രമിച്ചു വന്നിരുന്നു. ഉത്തരധ്രുവമേഖലയ്ക്കു ചുററും കിടക്കുന്ന ആർക്ക്ട്ടിക് ഓഷൻ എന്ന ഹിമനിബദ്ധമായ മഹാസമുദ്രത്തെ തരണം ചെയ്തു ധ്രുവമദ്ധ്യത്തിൽ എത്തിച്ചേരുന്നതിനു ക്രിസ്ത്വാബ്ദം പതിനഞ്ചാം ശതകം മുതൽക്കുതന്നെ പല സംഘങ്ങളും ഒരുമ്പെട്ടു പോന്നിരുന്നു. എന്നാൽ അനേകകാലത്തേയ്ക്കു് ഈ പരിശ്രമങ്ങളെല്ലാം പരാജയത്തിലും ജീവാപായത്തിലും മാത്രമാണു് കലാശിച്ചിരുന്നതു്. പക്ഷേ, ഉത്തരധ്രുവത്തിന്റെ വശ്യശക്തി പിന്നെയും

പിന്നെയും സാഹസികന്മാരായ പല അന്വേഷകന്മാരെയും അങ്ങോട്ടേയ്ക്ക് നിരന്തരമായി ആകർഷിച്ചുകൊണ്ടു തന്നെയിരുന്നു. ഇക്കൂട്ടരിൽ ഏററവും പ്രശസ്തിസമ്പാദിച്ചതു് ഡാക്ടർ നാൻസൻ എന്ന നാർവേരാജ്യക്കാരനായ സഞ്ചാരി ആയിരുന്നു.

ധ്രുവദേശങ്ങളിലെ പരിതസ്ഥിതികൾ എങ്ങനെ ഇരിക്കുമെന്നു് വളരെ തണുപ്പേറിയതും, മഞ്ഞുകട്ടകളാൽ മൂടപ്പെട്ടതുമായ ഗ്രീൻലണ്ടിന്റെ ഒരററംമുതൽ മറേറ അററംവരെ ഒന്നിലധികം പ്രാവശ്യം സഞ്ചരിച്ചിട്ടുണ്ടായിരുന്ന നാൻസനു് ഏറെക്കുറേ അറിയാമായിരുന്നു. ഒരു നവീനസമ്പ്രദായത്തിൽ ആർക്ടിക് മഹാസമുദ്രത്തിന്റെ ഭൂരിഭാഗവും സഞ്ചരിക്കാൻ അദ്ദേഹവും തന്റെ സഹചാരിയായ ജോഹൻസെനും കൂടി തീർച്ചയാക്കി. കപ്പലുകൾ ഈ മഹാസമുദ്രത്തെകടക്കാൻ ഉപകരിക്കയില്ലാതിരുന്നതിനാൽ അവർ ഒരുതരം ഹിമശകടം (Sledge) നിർമ്മിച്ചു് അതുമുഖേന തങ്ങളുടെ യാത്രനിർവഹിക്കാൻ ഒരുമ്പെട്ടു. ഈ ഹിമശകടങ്ങളെ മഞ്ഞുകട്ടകളുടെ മുകളിൽ കൂടിവലിച്ചുകൊണ്ടു പോകാൻ ഒരുകൂട്ടം വലിയ പട്ടികളെയും പരിശീലിപ്പിച്ചു. ഒരു നല്ല ദേശാന്വേഷകനു വേണ്ടതായ സകല മുൻകരുതലുകളും നാൻസൻ ഈ യാത്രയുടെ പ്രാരംഭഘട്ടത്തിൽ ചെയ്തിരുന്നു. ഈ മുൻകരുതലുകളും, അദ്ദേഹത്തിന്റെ കരയററ ധൈര്യവും, പ്രത്യുൽപന്നബുദ്ധി, മഹത്തായ സഹനശക്തി, എന്നീ ഗുണങ്ങളും നിമിത്തം നാൻസനു്, മററാരും തന്നെ അതുപര്യന്തം എത്തിയിട്ടില്ലാത്ത ഉത്തരധ്രുവത്തിന്റെ ൨൦൦ മൈൽ സമീപം വരെ എത്തിച്ചേരുവാൻ സാദ്ധ്യമായി.

ആൎക്കട്ടിക് മഹാസമുദ്രത്തിൽ കൂടി കപ്പലിൽ സഞ്ചരിക്കുകയാണെങ്കിൽ ചിലപ്പോൾ കപ്പലിനു ചുററുമുള്ള വെള്ളം പെട്ടെന്നു ഘനീഭവിച്ച് കപ്പൽ മഞ്ഞുകട്ടകളാൽ ആവൃതമായിത്തീരുക എന്നുള്ളതു് ഒരു സാധാരണ സംഭവമായിരുന്നു. ഇങ്ങനെ സംഭവിക്കുമ്പോൾ ഉണ്ടാകുന്ന സമ്മൎദ്ദം സാധാരണ രീതിയിൽ പണിത കപ്പലുകളെ ഉടയ്ക്കുന്നതിനുവേണ്ട ശക്തിയോടുകൂടിയതുമായിരുന്നു. ആകയാൽ ഈ അപകടങ്ങളെ നിവാരണം ചെയ്യത്തക്ക വിധത്തിൽ കരുതിക്കൂട്ടി ഒരിംഗ്ലീഷുകാരനാൽ പണികഴിക്കപ്പെട്ട "ഫ്രാം" എന്ന കപ്പലിലാണു് നാൻസൻ യാത്രയാരംഭിച്ചതു്. കപ്പലിൽ മൂന്നു വഷത്തേയ്ക്കാവശ്യമുള്ള സകല സാമഗ്രികളും സംഭരിച്ചിരുന്നു. അവർ ൧൮൯൩ ജൂലായി മാസത്തിൽ നാൎവേരാജ്യത്തിന്റെ തലസ്ഥാനമായ ക്രിസ്ത്തിയാന്യാ എന്ന തുറമുഖത്തിൽ നിന്നു യാത്രതിരിച്ചു. ക്രമേണ ഭൂലോകത്തിന്റെ പൂൎവ്വാൎദ്ധഗോളത്തിലെ ഏററവും വടക്കെ അററത്തുള്ളതായ 'ചെല്യുസ്കിൻ' എന്ന കോടിയേയും പിന്നിട്ടു് അവർ ഹിമനിബിഡമല്ലാത്ത ഒരു സമുദ്രത്തിൽ പ്രവേശിച്ചു. പക്ഷെ, സെപ്ടംബർ മാസം അടുത്തപ്പോൾ, അവർ സഞ്ചരിച്ചുകൊണ്ടിരുന്ന മാൎഗ്ഗങ്ങളാകമാനം മഞ്ഞുകട്ടകൊണ്ടു നിറഞ്ഞു കഴിഞ്ഞതിനാൽ മുന്നോട്ടുള്ള ഗതിക്കു തടസ്സം നേരിട്ടു. ഇങ്ങനെ ൧൮൯൫ ആഗസ്റ്റുമാസം വരെ, കപ്പൽ ഹിമമധ്യത്തിൽ ഉറച്ചുകിടക്കാനിടയായി. എങ്കിലും സമുദ്രത്തിന്റെ അടിയിൽക്കൂടി ഉണ്ടായിരുന്ന ഒരു പ്രവാഹം ആ കപ്പലിനേയും അതിനെ താങ്ങിനിന്നിരുന്ന ഹിമഗിരിയേയും ഒന്നിച്ചു് മന്ദമായി പടിഞ്ഞാറോട്ടേയ്ക്കു

നീക്കിക്കൊണ്ടിരുന്നു. 'സ്പിററ്സ്ബെർഗൻ' എന്ന ദ്വീപസമൂഹങ്ങളെ അടുക്കുന്നു എന്നു മനസ്സിലാക്കിയ നാൻസൻ ഈ ഘട്ടത്തിൽ വെടിമരുന്നിന്റെ പ്രയോഗംകൊണ്ട് കപ്പലിനെ ചുററിയിരുന്ന മഞ്ഞുകട്ടയെ പിളർന്ന് അതിനെ സ്വതന്ത്രമാക്കി. ഇക്കാലമത്രയും ജീവസംബന്ധമായും പ്രധാനമായ പല ശാസ്ത്രനിരീക്ഷണങ്ങളും അദ്ദേഹം ചെയ്തുവന്നിരുന്നു. ഇതിനുമുമ്പ് ഫെബ്രുവരി ലെ ശിശിരകാലത്തുതന്നെ, "ഫ്രാം" കപ്പൽ ഉത്തരധ്രുവം കടപ്പാൻ പര്യാപ്തമാകയില്ലെന്നു നാൻസൻ മനസ്സിലാക്കിക്കഴിഞ്ഞിരുന്നു. ആകയാൽ ഒരു കൂട്ടുകാരനുമൊന്നിച്ച് കപ്പലുപേക്ഷിച്ച ഹിമശകടം മൂലേന ധ്രുവമദ്ധ്യത്തിൽ എത്തിച്ചേരാൻ അദ്ദേഹം തീർച്ചയാക്കി. സമുദ്രത്തിനു മുകളിൽ വ്യാപിച്ചിരുന്ന മഞ്ഞുകട്ടകൾക്ക് താഴോട്ട് എട്ടുമുതൽ ഇരുപതോളം അടി കനം ഉണ്ടായിരുന്നു. കപ്പലുപേക്ഷിച്ചുകഴിഞ്ഞാൽ തിരിച്ച് അതിൽ വന്നെത്തുന്ന കാര്യം വളരെ സംശയമായിരുന്നതിനാൽ ആവശ്യമുള്ള ആഹാരസാധനങ്ങളും മററും കരുതിക്കൊണ്ടാണ് അവർ പുറപ്പെട്ടത്.

ഫെബ്രുവരി മാർച്ച് ൧൪-ാംനു- നാൻസൻ ജോഹാൻസനും ഒന്നിച്ച് "ഫ്രാം" വിട്ടു. കപ്പലിലെ മററുചിലർ കുറേദൂരം അവരെ അനുഗമിച്ചശേഷം തിരിച്ചുപോന്നു. മൂന്നു ഹിമശകടങ്ങളോടും അവയെ വലിക്കാൻ പ്രത്യേകം പരിശീലിപ്പിച്ചിട്ടുള്ള ഇരുപത്തിമൂന്നു നായ്ക്കളോടും ആവശ്യമുള്ള ഭക്ഷണസാധനങ്ങളോടും മററു സാമഗ്രികളോടും കൂടി ധ്രുവത്തിലേക്കു നാൻസനും കൂട്ടുകാരനും തങ്ങളുടെ

യാത്രയുടൻ. വെള്ളമുള്ള സ്ഥലംകടക്കാനായി അവർ രണ്ടു എസ്കിമോവള്ളങ്ങൾ കൂടി കരുതിയിരുന്നു. മാത്രമല്ല, ആവശ്യം ഉണ്ടാകുന്നപക്ഷം ഉപയോഗിക്കാൻ തോക്കുകളും വെടിമരുന്നുംകൂടി സംഭരിച്ചിരുന്നു. അവർ കമ്പിളിയുടുപ്പുകളാണു് ധരിച്ചിരുന്നതു്. ആ സ്ഥലങ്ങളിലെ കഠോര ശൈത്യംനിമിത്തം അവരുടെ വിയർപ്പുപോലും ഉടുപ്പുകളിൽ ഉറഞ്ഞു മഞ്ഞായിത്തീർന്നു് അനങ്ങുമ്പോൾ ഒരു തരം ശബ്ദത്തോടെ അടർന്നു വീണുകൊണ്ടിരുന്നു. അനേകമാസം ഇടവിടാതെ ഇത്തരം കഠിനമായ ശൈത്യം സഹിച്ചു ജീവിക്കാൻ തയ്യാറായ ഇവരുടെ ദേഹബലവും ഉൾക്കരുത്തും അന്യാദൃശംതന്നെ ആയിരുന്നു.

കഴിയുന്നതും വേഗത്തിൽ അവർ വടക്കോട്ടു പ്രയാണംചെയ്തു. ദിവസത്തിൽ പത്തുമണിക്കൂർവീതം ഹിമശകടങ്ങളെ മഞ്ഞിൻെറ മുകളിൽകൂടി നയിക്കയും ഇതിനിടെ അൽപസമയംമാത്രം വിശ്രമിക്കയുമായിരുന്നു അവരുടെ പതിവു്. പ്രത്യേകം തയ്യാറാക്കിയിരുന്ന ഒരു വലിയ തുകൽസഞ്ചിയ്ക്കുള്ളിൽ രാത്രിയാവുമ്പോൾ അവർ രണ്ടാളും കടന്നു വിശ്രമിക്കുമായിരുന്നു. ആ സ്ഥലങ്ങളിലെ ശൈത്യബാധയുടെ ഒരു പരിമാണം, മിക്കവാറും സമയങ്ങളിൽ ഡിഗ്രി—൪0നും —൪൯-നും മദ്ധ്യേ ആയിരുന്നു അവിടത്തെ ശീതോഷ്ണസ്ഥിതി എന്നുള്ള വസ്തുതയിൽ നിന്നുതന്നെ ഏറെക്കുറെ ഊഹ്യമാണല്ലോ.

ആദ്യം അഞ്ചാറുദിവസം മഞ്ഞുനിലങ്ങളിൽകൂടിയുള്ള അവരുടെ യാത്ര അത്ര പ്രയാസമേറിയ ഒന്നല്ലായിരുന്നു. എന്നാൽ ക്രമേണ ഭൂമുഖം അധികമധികം ദുർഗ്ഗമമാ

ന്നിത്തീരുകയും കോട്ടമതിലുകൾപോലുള്ള ഹിമക്കൂട്ടങ്ങൾ അവരുടെ മാർഗ്ഗത്തെ വളരെ ക്ലേശമുള്ളതാക്കിത്തീർക്കയും ചെയ്തു. ഈ മഞ്ഞു ചുവരുകളിൽ കൂടി ഹിമശകടങ്ങളെ വലിച്ചുകൊണ്ടുപോകാൻ അവർ നന്നേ പണിപ്പെട്ടു. തണുപ്പേറിയ ശീതക്കാററു് വാൾത്തലയുടെ മൂർച്ചയോടുകൂടി അവരുടെ ദേഹത്തിൽ അടിച്ചതു് അവരെ വല്ലാതെ അസഹ്യപ്പെടുത്തി. കൈകാലുകൾ മരവിച്ചു് ഇഷ്ടംപോലെ ഇളക്കാൻ പാടില്ലാത്ത വിധത്തിലായി. മാർഗ്ഗമദ്ധ്യേ വേറെ പല അപകടഘട്ടങ്ങളും ഉണ്ടായി. ചില സ്ഥലങ്ങളിൽ മഞ്ഞുകട്ടയ്ക്കു് തീരെ കനമില്ലാതിരുന്നതു നിമിത്തം ഭാരം ഏററപ്പോൾ അവ പൊട്ടി ഒന്നിലധികം ആവൃത്തി യാത്രക്കാരും ശകടങ്ങളും കടലിൽ തന്നെ പതിക്കാനിടയായി.

ഏപ്രിൽ ൪-ാം തിയതി ആയപ്പോൾ ഉദ്ദേശിച്ചിരുന്നിടത്തോളം തങ്ങൾ ധ്രുവത്തോടു് അടുത്തെത്തുന്നില്ല എന്നവർ കണ്ടുപിടിച്ചു. കാരണം മഞ്ഞുനിലം ആകമാനം മന്ദമായി പടിഞ്ഞാറേയ്ക്കു മാറുന്ന എന്നുള്ളതായിരുന്നു. തന്നിമിത്തം അവർ നേർ വടക്കോട്ടേയ്ക്കാണു് യാത്ര ചെയ്തിരുന്നതു് എന്നുവരികിലും ധ്രുവത്തിൽനിന്നു വളരെ അകന്നു പോകുകയാണുണ്ടായതു്. നാൻസനും കൂട്ടുകാരനും ഈ അവസരത്തിൽ മനസ്സുമടുത്തു. ഇതിന്നകം അവർ അനുഭവിച്ച കഷ്ടനഷ്ടങ്ങളും കായക്ലേശങ്ങളും ചില്ലറയല്ലായിരുന്നു. പലപ്പോഴും ക്ഷീണത്താൽ ഉറക്കംതൂങ്ങിക്കൊണ്ടായിരുന്നു അവരുടെയാത്ര. ആകയാൽ ഏപ്രിൽ ൭-ാം തീയതി ആയപ്പോഴേയ്ക്കും, ധ്രുവത്തിൽ എത്തിച്ചേരാ

നുള്ള ഉദ്യമത്തെ നാൻസൻ നിവൃത്തിവച്ചു. അവർ വ്വന്നു ഡിഗ്രി ൧൩-മിനിട്ട് വടക്കൻ അക്ഷരേഖാവരയ്ക്കും എത്തിയിരുന്നു. ഇതേവരെ ഉത്തരധ്രുവത്തിന് ഇത്ര അടുത്തു മററാരും എത്തിയിരുന്നില്ല.

അവർ എത്തിയ പ്രദേശത്തുനിന്നും ഏററവും അടുത്ത സ്ഥലവിഭാഗത്തേയ്ക്കു ൪൦൦-മൈൽ ദൂരമുണ്ടായിരുന്നു. ശരൽക്കാലം സമീപിച്ചിരുന്നതിനാൽ മഞ്ഞിൻെറ മുകളിൽക്കൂടിയുള്ള യാത്ര ഒന്നിനൊന്ന് അപകടകരവും പ്രയാസമേറിയതുമായി പരിണമിക്കാനും ഇടയുണ്ടായിരുന്നു. ആകയാൽ ഉടൻതന്നെ അവർ തിരികെയുള്ള യാത്ര തുടരുവാൻ നിശ്ചയിച്ചു. ഫ്രാൻസ്സ് ജോസഫ് ലാൻഡ് എന്ന ദ്വീപിനെ ലക്ഷ്യമാക്കിക്കൊണ്ടു് അവർ ധ്രുവസമീപത്തുനിന്നും തിരിയെ പുറപ്പെട്ടു.

വടക്കുനോക്കിയന്ത്രത്തിൻെറ സഹായത്തോടുകൂടി തെക്കോട്ടു യാത്രതുടന്ന അവരുടെഗതി, അവർ സഞ്ചരിച്ചിരുന്ന മഞ്ഞുനിലം ആകെക്കൂടി വടക്കോട്ടു മെല്ലെ മെല്ലെ വഴുതുകയാൽ പ്രയോജനശൂന്യമായിത്തീർന്നു. വേണ്ട ആഹാരസാധനങ്ങൾ കൈവശമുണ്ടായിരുന്നെങ്കിലും കൂട്ടത്തിലുള്ള നായ്ക്കൾക്കുംകൂടി അവ മതിയാകാതെ വന്നതുനിമിത്തം നായ്ക്കളെ ഒന്നൊന്നായി കൊല്ലേണ്ട ആവശ്യം നേരിട്ടു. കൂടാതെ കാലംചെല്ലുംതോറും ക്ഷീണിച്ചുവന്ന ആ ജന്തുക്കൾ ഇതിനിടെ സഹായത്തിനുപകരം അവർക്ക് ഒരു ഭാരവും ആയിത്തീർന്നിരുന്നു.

ഏപ്രിൽ അവസാനത്തോടുകൂടി അവർ സഞ്ചരിച്ചിരുന്ന മഞ്ഞുനിലങ്ങളിൽ പലടത്തും വിടവുകൾ

ഉണ്ടായി തോട്ടംപോലെ കടൽവെള്ളം പ്രത്യക്ഷപ്പെട്ടു. ഇതുനിമിത്തം വഴി വളരെ വളച്ചു പോകേണ്ടിവരികയും പലപ്പോഴും ലോലമായ മഞ്ഞുകട്ടകളുടെ മീതെ ചവിട്ടി വളരെ ഭയപ്പാടോടെ പലയിടവും കടക്കേണ്ടിവരികയും ചെയ്തു. മേ ൧൯-ാംതീയതി കരയെത്തുത്താമെന്ന് അവർ പ്രതീക്ഷിച്ചിരുന്നു. എന്നാൽ അതിനുശേഷം പിന്നെയും പലനാളത്തേയ്ക്ക് അവർ സമുദ്രത്തിനുമുകളിൽ തന്നെ ആയിരുന്നു. ഈ അവസരത്തിൽ അവർ ധ്രുവപ്രദേശത്തെ ചില വെള്ളക്കരടികളുടെ കാൽപ്പാടുകൾ കണ്ടെത്തി. ഇതു് അവൎക്കു് അല്പം ആശ്വാസം നൽകി. എന്തെന്നുവച്ചാൽ ആഹാരസാധനങ്ങൾ ആകമാനം അവസാനിച്ചാൽ ഇവയിൽ ഒന്നിനെ കൊന്നു തിന്നാമായിരുന്നു.

അപ്പോഴത്തെ കാലസ്ഥിതി വളരെ അപകടകരമായ ഒന്നായിരുന്നു. അല്പം ചൂടുണ്ടായിരുന്നതുനിമിത്തം പലഭാഗത്തും മഞ്ഞുകട്ടകൾ ഉരുകാൻ തുടങ്ങിയിരുന്നു. ഉരുകുന്ന മഞ്ഞുകട്ടകളിൽനിന്നും പൊങ്ങിയ ഒരുതരം മൂടൽമഞ്ഞു് അവരുടെ ചുറ്റും പരന്നു നാലുദിക്കും മറച്ചു. മഞ്ഞുനിലങ്ങളുടെ മുകൾപ്പരപ്പിൽക്കൂടി പലപ്പോഴും ഹിമശകടങ്ങളെ വലിച്ചുകൊണ്ടുപോകാൻ നിവൃത്തിയില്ലാതിരുന്നതിനാൽ അവയെ മിക്കപ്പോഴും അവൎക്കു ചുമക്കേണ്ടതായും വന്നു. മേ ൨൯-ാംതീയതി അവർ ആദ്യമായി ഒരു പക്ഷിയെ കണ്ടു. തന്നിമിത്തം അധികം അകലത്തല്ലാതെ ഭൂഭാഗം ഉണ്ടായിരിക്കണമെന്നു് അവൎക്കു് തീർച്ചയായി. പക്ഷേ ഇതിനകം അവർ തീരെ തളൎന്നുപോ

യിരുന്നു. മുന്നിൽകണ്ട അനേകം വെള്ളച്ചാലുകളെ കടക്കാൻവേണ്ടി തങ്ങൾ നേരത്തെ കൊണ്ടുപോന്നിരുന്ന എസ്കിമോ വള്ളങ്ങളെ അററകുററങ്ങൾ തീർത്തു ശരിയാക്കി. ഇങ്ങനെ ഒരു വാരം കഴിഞ്ഞു. അപ്പോൾ, അവർ ക്രസ്റ്റാനിയായിൽനിന്നു തിരിച്ചതിനുശേഷം ആദ്യമായി ഒരു വർഷപാതം ഉണ്ടായി.

ഗ്രീഷ്മകാലത്തിൻെറ മൂർദ്ധന്യാവസ്ഥ എത്തിപ്പോയി എന്നും മഞ്ഞുമുഴുവൻ ഉരുകിക്കഴിഞ്ഞാൽ തങ്ങളുടെ സ്ഥിതി അത്യാപല്ക്കരമാകുമെന്നും കണ്ടറിഞ്ഞ നാൻസന്ന് അപ്പോൾപോലും ഒരേ ഒരു ഭയമേ ഉണ്ടായിരുന്നൊള്ളു. ആയത്ത് തങ്ങളുടെ ഭക്ഷണസാധനങ്ങൾ ഒടുങ്ങിപ്പോയേക്കുമെന്നുള്ളതായിരുന്നു. ഭാഗ്യവശാൽ ജൂൺ ൨൨-ാംതീയതി അവർ സീൽ എന്ന ഒരുതരം ജലജന്തുവിനെ വേട്ടയാടി വധിച്ചു. ഇങ്ങനെ ആഹാരസാധനം എത്തിപ്പോകുമെന്നുള്ള പേടിയും തല്ക്കാലം ഇല്ലാതായി.

നിരന്തരമായ ഉപയോഗംനിമിത്തം അവരുടെ വള്ളങ്ങൾ പ്രയോജനശൂന്യമായിത്തീർന്നിരുന്നു. ഇവയെ നന്നാക്കുന്നതിനായി സ്വല്പം താമസം നേരിട്ടു. ഇക്കാലത്ത് അവക്ക് ഒരു വെള്ളക്കരടിയേയും അതിൻെറ രണ്ടു കുട്ടികളേയും കൊല്ലുവാൻ സാധിച്ചു. ഇങ്ങനെ പുതിയ ഇറച്ചിയും തികത്തിക്കാനുള്ള കൊഴുപ്പും അവക്കു കിട്ടി. ജൂലായി ൨൩-ാംതീയതി തങ്ങളുടെ ആപല്ക്കരമായ സ്ഥിതിയിൽനിന്നു മാറിയൊഴിയാൻ അവർ വീണ്ടും യത്നിച്ചു. ഇത്തവണ അവരുടെ സംരംഭം വിജയത്തിൽ കലാശിച്ചു. എന്തെന്നാൽ അടുത്തദിവസംതന്നെ അതിദൂരത്തായി അവർ കരകണ്ടു. എന്നാൽ മഞ്ഞുകട്ടകളോട്ട് അതിധീര

മായ ഒരു പോരാട്ടംകൂടാതെ അവക്ക് ഫ്രാൻസ് ജോസഫ് ലാൻഡിൻെറ ഉത്തരഭാഗത്തു് എത്തിച്ചേരാൻ കഴിഞ്ഞില്ല. ഈ ഘട്ടത്തെപ്പററി നാൻസൻ തൻെറ നാൾവഴിക്കുറിപ്പിൽ ഇങ്ങനെ എഴുതിക്കാണുന്നു. "വിചാരിക്കാൻകൂടി വയ്യാത്തവിധത്തിൽ അത്ര അദ്ധ്വാനമേറിയ പ്രയത്നം. ഇതിൽനിന്നും എങ്ങനെയെങ്കിലും രക്ഷനേടണം എന്ന നിർബന്ധവിചാരമില്ലായിരുന്നു എന്നുവരികിൽ ഞങ്ങൾ നിശ്ചയമായും വിധിക്കു കീഴടങ്ങിപ്പോയേനെ."

ഒരുദിവസം രണ്ടുപേരും മഞ്ഞുകട്ടകളോട്ട് എതിരിട്ടുകൊണ്ടിരിക്കുന്ന അവസരത്തിൽ ജോഹാൻസെന്നിന് ഒരു അപകടം നേരിട്ടു. ഒച്ചകേൾപ്പിക്കാതെ അയാളെ പിൻതുടന്നെത്തിയ ഒരു വെള്ളക്കരടി പുറകേ വന്ന് അയാളെ പിടികൂടി തള്ളിയിട്ടു. ദൈവാധീനംകൊണ്ടു് നാൻസൻ അടുത്തുതന്നെ ഉണ്ടായിരുന്നു. സ്നേഹിതൻെറ വിളികേട്ട് ഓടിയെത്തിയ അദ്ദേഹം ഒരൊററ വെടികൊണ്ടു് ആ കരടിയുടെ കഥകഴിച്ചു.

അവർ ഫ്രാൻസ് ജോസഫ് ലാൻഡിൽ വന്നുചേൻ എങ്കിലും മററു മനുഷ്യരുമായി ഇടപെടുംമുമ്പ് അവക്കു വീണ്ടും പല ക്ലേശങ്ങളെയും നേരിടേണ്ടതായി ഉണ്ടായിരുന്നു. അവർ എത്തിയിരുന്ന ഭൂഭാഗം കേവലം വിജനമായിരുന്നു. ആകയാൽ ആ ദ്വീപിൻെറ ദക്ഷിണപ്രദേശങ്ങളിലേയ്ക്കു് അവർ യാത്ര ആരംഭിച്ചു. വളരെ ബുദ്ധിമുട്ടുകൾ അനുഭവിച്ചശേഷം ആഗസ്റ്റ് 4-ാംതിയതി അവർ ദ്വീപിൻെറ പടിഞ്ഞാറൻ പ്രദേശങ്ങളിൽചെന്നു

ചേൻ. അവർക്കറിവുണ്ടായിരുന്നില്ല എങ്കിലും ആ അവസരത്തിൽ ആ ദ്വീപിന്റെ തെക്കുവശത്തുണ്ടായിരുന്ന പൈവരത്തുത്തുകളിൽ ബ്രിട്ടീഷുകാരായ ഒരു യാത്രാസംഘം താവളമുറപ്പിച്ചിരുന്നു. പക്ഷേ, കാലസ്ഥിതി അവരെ വീണ്ടും തെക്കോട്ടു യാത്രചെയ്യുന്നതിൽനിന്നു പിന്തിരിപ്പിച്ചു. ആ ദിക്കിലാകട്ടെ സീൽ, വാൽറസ്സ്, (കടൽക്കുതിര) കരടികൾ മുതലായ ജന്തുക്കൾ ഉണ്ടായിരുന്നു. ശൈത്യകാലം അടുത്തിരുന്നതിനാൽ ആ സ്ഥലം വിട്ടു തെക്കോട്ടുപോയാൽ ആഹാരത്തിനുപോലും ഒന്നും കിട്ടാതെ വന്നെങ്കിലോ എന്ന സംശയം അടുത്ത ശരൽക്കാലംവരെ അവരെ അവിടെത്തന്നെ താമസിക്കുന്നതിനു നിർബന്ധിതരാക്കി. അതിശക്തിയേറിയ തണുത്ത കാററിൽ നിന്നും രക്ഷപ്രാപിക്കുന്നതിനായി കല്ലുകൾകൊണ്ടു് അവർ അവിടെ ഒരു ഗുഹ നിർമ്മിച്ചു് അതിൽ അഭയം പ്രാപിച്ചു. എന്നാൽ കുറേക്കാലം കഴിച്ചുകൂട്ടാൻ ഈ ഗുഹ മതിയാകയില്ലന്നുകണ്ടിട്ടു് അവർ അതിലും വലുതായ ഒരു കുടിൽതന്നെ പണിയാൻ ആരംഭിച്ചു. ഉപകരണങ്ങളൊന്നും ഉണ്ടായിരുന്നില്ല. എങ്കിലും ഒരു ഹിമശകടത്തിന്റെ അച്ചുതണ്ടു പിഴുതെടുത്തു് ഒരു കന്താലിയായും, ഒരു കടൽകുതിരയുടെ മുതുകെല്ലു് മൺവെട്ടിയായും ഉപയോഗിച്ചു് പലനാളത്തെ പരിശ്രമത്തിനുശേഷം പത്തടി നീളവും ആറടി വീതിയുമുള്ള ഒരു കുടിൽ അവർ കെട്ടിയുണ്ടാക്കി. അതിന്റെ മേൽക്കൂട്ടു് കടൽതീരത്തുനിന്നും കിട്ടിയ ഒരു തടിയും, വേട്ടയാടി കിട്ടിയ കടൽക്കുതിരകളുടെ ചർമ്മവുംകൊണ്ടു് ഒരുവിധം ശരിയാക്കി ഉറപ്പിച്ചു. ആ കുടിൽ മനുഷ്യവാസത്തിനു പാ

യതായിരുന്നില്ല എങ്കിലും അതിന്നകത്തെ ശീതോഷ്ണ സ്ഥിതി പുറത്തുള്ളതിൽനിന്നും വളരെവളരെ ഭേദമായിരുന്നു.

അവർ ആഹാരത്തിനായി കരടിമാംസവും, തീയെരിക്കുന്നതിനായി വാൽറസ്സിൻെറ കൊഴുപ്പും ധാരാളം ശേഖരിച്ചുവച്ചു. എന്നിട്ട് സമാധാനത്തോടെ ശരൽക്കാലം വരുന്നതും മഞ്ഞുരുകുന്നതും പ്രതീക്ഷിച്ച് ആ കുടിലിൽ കഴിച്ചുകൂട്ടി. അടുത്ത മേ മാസംവരെ, അതായത്ത് ഒമ്പതുമാസത്തോളം, അവിടെത്തന്നെ പാർത്തു. രണ്ടാളും അധിക സമയവും ഉറങ്ങിക്കഴിച്ചു. ഇതു ബുദ്ധിപൂർവ്വമായ പ്രവൃത്തിയായിരുന്നു. എന്തുകൊണ്ടെന്നാൽ അത്യധികമായ തണുപ്പുള്ള സ്ഥലങ്ങളിൽ ഉറക്കം ദേഹത്തിൻെറ ചൂടിനെ ക്രമീകരിക്കാൻ വളരെ ഉതകുന്നു.

ആ പ്രദേശത്തു് ശിശിരകാലമത്രയും ഇരുട്ടായിരുന്നു. ധ്രുവദേശങ്ങളിൽ ആറുമാസം പകലും ആറുമാസം രാത്രിയും ആണല്ലോ. ഫ്രാൻസ് ജോസഫ്ലാൻഡ് ഉത്തരധ്രുവത്തിൽനിന്നും അധികം അകലെ അല്ല. തണുപ്പുകാലത്തു് അവിടെ ഒരു "ക്രരാപ്പു"പോലുള്ള മങ്ങിയ വെളിച്ചമേ ഉണ്ടായിരിയ്ക്കുയുള്ളു. പക്ഷേ ഇതിനിടയ്ക്കു് നാൻസനും കൂട്ടുകാരനും ഈ മങ്ങലിൽക്കൂടി വസ്തുക്കളെ തിരിച്ചറിയത്തക്ക നേത്രപരിശീലനം സിദ്ധിച്ചുകഴിഞ്ഞിരുന്നു. അവർ സുഖമായിട്ടല്ലെങ്കിലും, ചുററുപാടുമുള്ള കഠോരശൈത്യത്തിൽനിന്നും, കൊടുങ്കാററുകളിൽനിന്നും, ഒരുവിധം സുരക്ഷിതമായിട്ടുതന്നെ ആ കുടിലിൽ കാലയാപനം ചെയ്തു. ഒരവസരത്തിൽ ചില കുറുക്കന്മാർ കുടിലിൽ പ്രവേശിച്ച്

ഒരു തുലുണ്ട, തെർമോമീററർ (ഊഷ്മമാപിനി) ഒരു കപ്പൽപ്പായ്, എന്നിവയെല്ലാം കടിച്ചെട്ടുത്തുകൊണ്ടു പൊയ്ക്കളഞ്ഞു. മറെറാരവസരത്തിൽ ഭയങ്കരമായ ഒരു ചുഴലിക്കാററ് അവരുടെ ചില എസ്കിമോ വള്ളങ്ങളെ തുറന്നൂററമ്പതടിയോളം അകലത്തിൽ അടിച്ചുകൊണ്ടുപോയി. ഇങ്ങനെയുള്ള ചില സംഭവങ്ങളല്ലാതെ ഇക്കാലത്തു് അവക്കു പറയത്തക്ക അനത്ഥങ്ങളൊന്നും നേരിട്ടില്ല.

൧൮൯൬-ലെ ശരൽക്കാലം സന്നിഹിതമായപ്പോൾ അവരുടെ ആശ വീണ്ടും ഉണന്നു. കഴിവുള്ള വേഗത്തിൽ ദക്ഷിണദിക്കിലേക്കു പോരുന്നതിനു് അവർ ഒരുങ്ങി. മേ ൨൦-ാംനു- അവർ കുടിൽ ഉപേക്ഷിച്ചു പുറപ്പെട്ടു. ഏകദേശം ഒരു മാസത്തോളം കാലം ദ്രുതയാത്ര ചെയ്തതിനു ശേഷം, ജൂൺ ൧൭-ാംനു-, മുൻപറഞ്ഞ ബ്രിട്ടീഷ് ദേശാന്വേഷണസംഘത്തിലെ ഒരംഗമായ ജാക്സൺ എന്നയാളെ അവർ കണ്ടെത്തി. ജാക്സൺ നാൻസനെ ഉടൻതന്നെ കണ്ടുമനസ്സിലാക്കുകയും അദ്ദേഹത്തെയും കൂട്ടുകാരനേയും താൻ പാർപ്പുറപ്പിച്ചിരുന്ന കേപ്പ്ഫ്ലോറാ എന്ന സ്ഥലത്തുള്ള സ്വന്തം കുടിലിലേക്കു് കൂട്ടിക്കൊണ്ടു പോകയും ചെയ്തു. ഇങ്ങനെ അവരുടെ കഷ്ടപ്പാടുകൾക്കു് ഒരവസാനം കണ്ടു. അടുത്ത ആഗസ്റ്റ്മാസത്തിൽ വന്നെത്തുമായിരുന്ന ആവിക്കപ്പലിന്റെ വരവും പാത്തു് അവിടെ സമാധാനമായി വസിക്കുകയല്ലാതെ അവക്കു തൽക്കാലം മറെറാന്നും ചെയ്വാനുണ്ടായിരുന്നില്ല.

താമസിയാതെ വിജയപൂവം നാവ്വേയിൽ തിരിച്ചെത്തിയ നാൻസനെ കണ്ടപ്പോൾ രാജ്യവാസികളെല്ലാം വളരെ അത്ഭുതപ്പെട്ടു. അദ്ദേഹം മുമ്പുതന്നെ മരിച്ചു

പോയതായി സങ്കല്പിച്ചിരിക്കയായിരുന്നു അവർ. രാജ്യത്തിന്റെ നാനാഭാഗങ്ങളിലും, മാത്രമല്ല ഭൂലോകത്തിന്റെ എല്ലാം പ്രധാന സ്ഥലങ്ങളിൽക്കൂടിയും, അതിവേഗത്തിൽ നാൻസന്റെ പ്രത്യാഗമനവാർത്ത പരന്നു. അതോടുകൂടി തന്നെ വിജിഗീഷുക്കളായ ലോകസഞ്ചാരികളുടെ കൂട്ടത്തിൽ സുസ്ഥിരമായ ഒരു സംപൂജ്യസ്ഥാനം അദ്ദേഹത്തിനു ലബ്ധമാകയും ചെയ്തു.

ഉത്തരധ്രുവത്തിൽ ആദ്യമായി കാലൂന്നുവാൻ സാധിച്ചതു് ഒരമേരിക്കൻ കപ്പൽ സഞ്ചാരിയായ റാബർട്ടു് ഈ. പീറി എന്ന ആളിനായിരുന്നു. ആർട്ടിക്മഹാസമുദ്രപര്യടനത്തിൽ ൧൮൯൧-ാംകൊല്ലം മുതൽക്കു പ്രയത്നിച്ചുപോന്നിരുന്ന ഇദ്ദേഹം, പല പരാജയങ്ങൾക്കുശേഷം ൧൯൦൯ ഏപ്രിൽ ൬-ാംനു ഉത്തരധ്രുവത്തെ തരണംചെയ്തു ഭൂഗോളത്തിന്റെ മറുവശത്തുകൂടി തിരിച്ചുപോന്നു. ഇതിനുശേഷം, അടുത്തകാലങ്ങളിൽ ആമൺഡ്സെൻ, ബൈഡ്, വിൽക്കിൻസ് മുതലായി പല വൈമാനികന്മാരും ഉത്തരധ്രുവത്തിന്റെ മുകളിൽക്കൂടി പറന്നിട്ടുണ്ടു്. ആകയാൽ ഈ ഭൂപ്രദേശം ഇന്നു് അത്രത്തോളം അജ്ഞാതമായിട്ടല്ല അവശേഷിക്കുന്നതു്.

### അദ്ധ്യായം ൩

## ആഫ്രിക്കായുടെ ഉൾപ്രദേശങ്ങൾ

### ജോസഫ് താംസൻെറ അന്വേഷണ യാത്രകൾ

ആഫ്രിക്കാഭൂഖണ്ഡത്തിൻെറ തെക്കെ അററത്തുള്ള 'കേപ്പ്ടൌൺ' പട്ടണത്തിൽനിന്നും വടക്കേ അററത്തുള്ള 'കെയിറോ'പട്ടണംവരെ തീവണ്ടിയിൽ സഞ്ചരിക്കാമെന്നുള്ള ഇക്കാലത്തു്, ഈ മഹാഖണ്ഡത്തിൽ പല ദേശാന്വേഷകന്മാരും ചിരകാലം പ്രവൎത്തിച്ചുപോന്നു എന്നുള്ള വസ്തുത ഒരു വെറും പഴങ്കഥയായി ഗണിക്കപ്പെട്ടേക്കാം. എന്നാൽ ഇപ്പോൾപോലും ഈ ഭൂവിഭാഗത്തിൽ പല പ്രദേശങ്ങളും പ്രായേണ പരിഷ്കൃതലോകത്തിനു അറിയപ്പെടാത്തവയായി ഉണ്ടെന്നുള്ളതു് ഒരു വാസ്തവം മാത്രമാകുന്നു. ഇരുപത്തുകൊല്ലങ്ങൾക്കു മുമ്പു കൂടിയും ഇവയിൽ ചില സ്ഥലങ്ങൾ ഒരു യൂറോപ്യൻ സഞ്ചാരിക്കു് വളരെ ആപൽക്കരങ്ങളായിരുന്നു എന്നുള്ള കാൎയ്യം പശ്ചിമാഫ്രിക്കായിലെ ചാഡ് എന്ന കായൽത്തീരത്തുവച്ചു് ൧൯൦൪-ൽ ദേശാന്വേഷകനായ ബോയിഡ് അലക്സാൻഡർ എന്ന ആൾ ഒരു കൂട്ടം നീഗ്രോജാതിക്കാരാൽ അതിക്രൂരമാംവിധം കൊല്ലപ്പെട്ടു എന്നുള്ള സംഗതിയിൽനിന്നു അനുമാനിക്കാവുന്നതാണല്ലോ.

പത്തൊൻപതാം ശതകത്തിൻെറ അവസാനഘട്ടത്തിൽ ആഫ്രിക്കയിൽ സഞ്ചരിച്ചിരുന്ന ദേശാന്വേഷക

ന്മാക്ക് എതിരിടേണ്ടിയിരുന്ന പ്രതിബന്ധങ്ങളുടെ മേദുര
തയും വൈവിധ്യവും എത്രമാത്രമായിരുന്നു എന്നുള്ളത്
ഗണനാതീതമത്രെ. രാജ്യമാകെ അപരിഷ്കൃതരും മുട്ടാള
ന്മാരുമായ കാട്ടുജാതിക്കാരാൽ നിറയപ്പെട്ടിരുന്നു. ഇവ
രിൽ പല സംഘക്കാരും വെള്ളക്കാരായ സഞ്ചാരികളെ
ഒരു വക വിശേഷപ്പെട്ട ആഹാരസാധനമായിട്ടാണ്
ഗണിച്ചുപോന്നത്. ഒരിടത്തും റോഡുകളോ പാതകളോ
ഉണ്ടായിരുന്നില്ല. നെടുനീളത്തിൽ കിടക്കുന്ന ശൂന്യമായ
മരുപ്രദേശങ്ങളും, മരങ്ങളും വള്ളികളും ഇടതിങ്ങിവളൎന്ന
സൂൎയ്യപ്രകാശമേൽക്കാത്ത വൻകാടുകളും, ചെളിയും വെള്ള
വും നിറഞ്ഞ വമ്പിച്ച ചതുപ്പുനിലങ്ങളും കൊണ്ടു ആ
ഭൂഖണ്ഡത്തിൻെറ മിക്കഭാഗങ്ങളും മൂടപ്പെട്ടിരുന്നു. പോ
രെങ്കിൽ, ആഫ്രിക്കൻ ഭൂമിക്കു പ്രത്യേകമായിട്ടുള്ള ചില
ഭയങ്കര വ്യാധികളും ആ ദിക്കിൽ സഞ്ചരിക്കുവാൻ മുതിരു
ന്ന വിദേശികൾക്ക് കാലപാശമാകത്തക്ക വിധത്തിൽ
പ്രവൎത്തിച്ചുകൊണ്ടിരുന്നു.

എന്നാൽ സാധാരണക്കാൎക്കു ഭീമങ്ങളെന്നു തോന്നാ
വുന്ന വൈഷമ്യങ്ങളോടും, ആപത്തുകളോടും, നേൎത്തു പോ
രാടുന്നതു് ചില സാഹസികാത്മാക്കൾക്ക് അത്യന്തം ഹി
തകരമായ ഒരു വ്യാപാരമാണ്. ഇതായിരിക്കാം, പേരും
പ്രശസ്തിയും ഉള്ള പല ദേശാന്വേഷകമഹാന്മാരെയും,
ഭൂഗോളത്തിൻെറ മററു ഭാഗങ്ങളെ അപേക്ഷിച്ചു് എത്ര
യോ കുടുതലായി, 'ഇരുൾനിറഞ്ഞ' ആഫ്രിക്കാഖണ്ഡം
ആകൎഷിച്ചതു്. ഡേവിഡ് ലിവിങ്സ്റ്റൻ, സ്റ്റാൻലി,
മംഗോപാൎക്ക്, ഗ്രാൻറ മുതലായ ഇംഗ്ലീഷുകാരും ഡുഷെ
ല്യൂ, സെലസ് തുടങ്ങിയ ഫ്രെഞ്ചുകാരും ഈ മഹാന്മാ

ങ്കടെ കൂട്ടത്തിൽ പെട്ട ചില സുപ്രസിദ്ധന്മാരാണ്. ഇവരിൽ ചിലക്ക തങ്ങളുടെ ദേശാന്വേഷണങ്ങൾ പരിപൂർത്തിയാകും മുമ്പുതന്നെ സ്വജീവനെപ്പോലും ആ സംരംഭത്തിനു ബലിയായി അർപ്പിക്കേണ്ടിവന്നു എന്നോക്കമ്പോൾ ആഫ്രിക്കൻ സഞ്ചാരത്തിന്റെ അത്യപകടകരമായ അവസ്ഥ ഏറെക്കുറെ വിശദമാകുന്നതാണ്.

ആഫ്രിക്കൻ സഞ്ചാരത്തിൽ, മുൻവിവരിച്ച മഹാന്മാരോട് തുല്യമായ സ്ഥാനത്തെ അർഹിക്കുന്ന ഒരാളാണ് ജോസഫ് താംസൻ. ഇദ്ദേഹം ആഫ്രിക്കയിലേക്ക് അഞ്ചു ദേശാന്വേഷണയാത്രകൾ നടത്തിയ ഒരു ധീരനാണ്. മുപ്പത്തേഴാമത്തെ വയസ്സിൽ അകാലചരമമടഞ്ഞില്ലാ എന്നു വരികിൽ താംസന്റെ പ്രശസ്തി ഇപ്പോഴുള്ളതിലും വിപുലമായിത്തീരുമായിരുന്നു.

താംസന്റെ അഞ്ചു യാത്രകളിൽവച്ച് അതിസാഹസകരമായിരുന്നതു് അഞ്ചാമത്തെ യാത്രയായിരുന്നു. ആഫ്രിക്കയുടെ വടക്കുപടിഞ്ഞാറേ ഭാഗത്തുള്ള 'മൊറാക്കോ' എന്ന രാജ്യത്തിന്റെ തെക്കേ അററത്തേയ്ക്കായിരുന്നു ഈ യാത്ര. ഇതു് ഫവ്വവ്വൻ-ൽ ആയിരുന്നു. മൊറാക്കോ രാജ്യത്തെ അധിവസിക്കുന്നവർ ഇസ്ലാം മതക്കാരാണ്. ആ രാജ്യത്തിൽ അടിമക്കച്ചവടം ഇന്നും നിലനിന്നുപോരുന്നുണ്ട്. തങ്ങളുടെ രാജ്യത്തു പ്രവേശിച്ച് അടിമക്കച്ചവടം നിരോധിക്കാനും, ജീവിതസമ്പ്രദായങ്ങൾ മനസ്സിലാക്കാനും ഉദ്യമിക്കുന്ന ക്രിസ്ത്യൻ 'കാഫർ'കളെ നിഷ്കൃപം വധിക്കുന്നതിനു് അതിർകടന്ന മതഭക്തിയുള്ളവരും പ്രകൃത്യാ ക്രൂരന്മാരുമായ ആ രാജ്യക്കാർ ഒട്ടും മടികാണിച്ചി

രുന്നില്ല. താംസനാകട്ടെ, ആ രാജ്യത്തെ സുൽത്താൻെറ അനുമതിയോടുകൂടാതെയാണ് യാത്രയ്ക്കു മുതിന്നതും. അദ്ദേഹത്തിൻെറ ഉന്നം വടക്കേ ആഫ്രിക്കയിലെ ആൽപ്സ് എന്ന് അറിയപ്പെട്ടുവരുന്ന 'ആററ്ലസ്' പർവ്വതനിരകളെപ്പററി ശരിയായ വിവരങ്ങൾ ശേഖരിക്കുക എന്നുള്ളതായിരുന്നു.

ആററ്ലസ് പർവ്വതത്തിൻെറ ഒരു കൊടുമുടിയിൽ കയറിക്കൊണ്ടിരുന്ന ഒരവസരത്തിൽ അദ്ദേഹത്തെ താഴെ നിന്നും ചില നാട്ടുകാർ വെടിവച്ചു. എന്നാൽ അദ്ദേഹം അത്ഭുതമാംവണ്ണം അവരുടെ വെടിയുണ്ടകളിൽ നിന്നും തെററിയൊഴിഞ്ഞു പർവ്വതാരോഹണം നിർവ്വഹിക്കതന്നെ ചെയ്തു. വേറൊരവസരത്തിൽ മോറാക്കോവിലെ പ്രധാന പട്ടണത്തിൽവച്ച് താംസനേയും അദ്ദേഹത്തിൻെറ ഒരു കൂട്ടുകാരനേയും തദ്ദേശവാസികൾ ദയാലേശമില്ലാതെ കല്ലെറിഞ്ഞു ക്ഷതപ്പെടുത്തി. അവിടുന്ന് അവർ ജീവനുംകൊണ്ടു രക്ഷപ്പെടാൻ വളരെ വിഷമിച്ചു.

താംസൻെറ മറെറാരുയാത്രയും, അതിൽവച്ചുണ്ടായ സംഭവങ്ങളുടെ ബഹുലതയാൽ പ്രാധാന്യത്തെ അർഹിക്കുന്ന ഒന്നാണ്. ഇതു തൻെറ മൊറാക്കോയാത്രയ്ക്കു നാലഞ്ചുകൊല്ലം മുമ്പായിരുന്നു അദ്ദേഹം നിർവഹിച്ചതു്. ഇപ്പോൾ ബ്രിട്ടീഷ് ഈസ്റ്റാഫ്രിക്ക എന്നറിയപ്പെടുന്ന ഭൂവിഭാഗം അന്നു ജർമ്മൻകാരുടെ കൈവശമായിരുന്നു. സമുദ്രതീരത്തുള്ള മൊംബാസാ എന്ന പട്ടണത്തിനും, വിക്ടോറിയാ മഹാതടാകത്തിനും മദ്ധ്യേയായി യാതൊരു വെള്ളക്കാരനും അതുവരെ ദർശിച്ചിട്ടില്ലാത്ത വനങ്ങൾ, മരുഭൂമികൾ, നദികൾ എന്നിവ നീണ്ടുകിടന്നിരുന്നു.

സമുദ്രതീരത്തിനും വിക്ടോറിയാ തടാകത്തിനും ഇടയിലുള്ള പ്രദേശത്തെത്തുന്നതിന് 'മാസായ്' എന്ന വർഗ്ഗക്കാരുടെ അധിവാസദേശം കടക്കാനുണ്ടായിരുന്നു. ഇവർ ബലിഷ്ഠന്മാരായ ഒരുകൂട്ടം കാപ്പിരികളായിരുന്നു. ഇവർ അക്രമികളും കന്നുകാലിമോഷണം കൊണ്ടു ഉപജീവിച്ചു വന്നവരുമായിരുന്നു. തങ്ങളുടെ ദേശത്തുകൂടി സഞ്ചരിക്കുന്ന ആളുകളെ നിർദ്ദയം വധിക്കയോ അതിനു സാധിക്കാത്തപക്ഷം അവരുടെ മുതലെല്ലാം കവർച്ചചെയ്തശേഷം വിട്ടയയ്ക്കയോ ആയിരുന്നു ഇവരുടെ പതിവ്. താംസൻെറ യാത്ര സ്വല്പം നീണ്ടുനില്ക്കാനിടയുണ്ടായിരുന്നതിനാൽ അദ്ദേഹത്തിനു ധാരാളം ആഹാരസാധനങ്ങളും മററുപകരണങ്ങളും കൂടെകൊണ്ടുപോകേണ്ടിയിരുന്നു. ഇതിനു കുറെ ചുമട്ടുകാരേയും മററനുചരന്മാരേയും ആവശ്യമായിരുന്നു. എന്നാൽ 'മാസായ്' ദേശം കടക്കുന്നതിനുള്ള ഒരു സംരംഭത്തിൽ പങ്കുകൊള്ളാൻ തന്നാട്ടുകാരായ ഒരുത്തരും ഒരുമ്പെട്ടില്ല. ആകയാൽ, മൊംബാസായിലും അതിൻെറ പരിസരപ്രദേശങ്ങളിലും നിന്ന് വിശ്വാസയോഗ്യരല്ലാത്തവരും ഏതു കുത്സിതവൃത്തിയിലും ഏർപ്പെടാൻ മടിയില്ലാത്തവരുമായ വെറും തെണ്ടികളെ മാത്രമെ താംസന് തൻെറ അനുയായികളായി ലഭിച്ചുള്ളു.

ഏതായാലും ഈ സന്നാഹത്തേയും കൊണ്ട് അദ്ദേഹം യാത്രതിരിച്ചു. അധികം താമസിയാതെ അവർ വൃക്ഷങ്ങളില്ലാത്ത ഒരു മരുഭൂമിയിൽ എത്തി. ഇതിനെക്കടന്ന്, ഉഷ്ണമേഖലയിലെ വൃക്ഷലതാസമൃദ്ധിയോടുകൂടിയ ഒരു

വനഭൂമിയിൽ അവർ വന്നുചേൻ്റു. അവിടെനിന്നും 'കിലിമാൻജരോ' എന്ന അത്യുന്നതമായ പർവ്വതശിഖരത്തിന്റെ ചുവട്ടിൽ ചെല്ലുവാൻ അധികം ദിവസം വേണ്ടിവന്നില്ല. 'മാസായ്'' ദേശത്തിൻെറ അതിർത്തി ഇതിന്നോടടുത്താകയാൽ, ഈ അവസരത്തിൽ തൻെറ സംഘത്തിലെ ആളുകൾ ഒന്നൊന്നായി തിരിച്ചുപോകാൻ ആരംഭിക്കുന്നതുകണ്ടു് താംസൻ അവരെയും കൂട്ടിക്കൊണ്ടു മുന്നോട്ടു പോകാൻ നന്നേ പണിപ്പെട്ടു. ഒടുവിൽ ഓരോരുത്തൎക്കും നിർദ്ദിഷ്ടസ്ഥലത്തു ചെന്നുചേൎന്നാൽ അവർ അർഹിക്കുന്നതിൽ വളരെ കൂടുതൽ പ്രതിഫലം കൊടുക്കുന്നതാണെന്നു ആവൎത്തിച്ചുള്ള വാഗ്ദാനങ്ങൾ നിമിത്തം, അവരെ ഒരുവിധം വശത്താക്കി അദ്ദേഹം യാത്രതുടൎന്നു.

വഴിക്കു് അത്യാഗ്രഹികളായ പല കിരാതസാമ്രാട്ടുകളേയും സമ്മാനങ്ങൾ കൊടുത്തു അനുനയിപ്പിക്കേണ്ടതായി ഉണ്ടായിരുന്നു. ഇവരിൽ 'മൻഡറാ' എന്ന ഒരുത്തൻ താംസൻെറ തോക്കുപോലും കൈയടക്കി. ഇതിലൊക്കെ വിചിത്രമായിരുന്നതു് തൻെറ സംഘത്തിലെ വഴികാട്ടിയായ ഒരുവൻ ഈ ക്ഷുദ്രപ്രമാണികളോടു് രഹസ്യമായി ഒത്തുചേൎന്നു് തന്നെ പലപ്രകാരത്തിൽ അവരെക്കൊണ്ടു് കൊള്ളചെയ്യിച്ചു് അതിൽ ഓരോഹരിയും പററി വന്നിരുന്നു എന്നുള്ളതാണു്.

മൻഡറായുടെദേശത്തു് അധികകാലം താമസിക്കാൻ അയാൾ താംസനെ പല പ്രകാരത്തിൽ പ്രേരിപ്പിച്ചു. തൻെറ കൈവശമുണ്ടായിരുന്ന സകല സാധനങ്ങളും പററിച്ചു വാങ്ങണമെന്നുള്ളതാണു് അയാളുടെ ആഗ്രഹമെന്നു മനസ്സിലാക്കിയ താംസൻ യാത്രപറയാതെതന്നെ

ഒരു രാത്രി ആ ദേശം വിട്ടു. അധികം താമസിയാതെ ആ സംഘം, ഡാക്ടർ ഫിഷർ എന്ന ഒരു ജമ്മൻ സഞ്ചാരി അല്പം മുമ്പു സഞ്ചരിച്ചിരുന്നതായ വഴിയിൽ ചെന്നെത്തി. ഡാക്ടർ ഫിഷറിനെ 'മാസായ്' വൎഗ്ഗക്കാർ വളരെ വിഷമിപ്പിക്കയും ഗത്യന്തരമില്ലായ്കയാൽ അദ്ദേഹം അവരിൽ ചിലരെ വെടിവച്ചു കൊല്ലുകയും ചെയ്തിരുന്നു. ഇതു നിമിത്തം 'മാസായ്' വൎഗ്ഗക്കാൎക്ക് വെള്ളത്തമനുഷ്യരോടു വളരെ ദ്വേഷവും വെറുപ്പും ഉണ്ടായിരുന്ന ഒരവസരത്തിലായിരുന്നു താംസൻ അവരുടെ രാജ്യത്തിൽക്കൂടി കടന്നുപോവാൻ ആരംഭിച്ചതു്. താംസൻെറ അനുചരന്മാർ തീരെ വിശ്വാസയോഗ്യരല്ലെന്നറിയാമായിരുന്നിട്ടും, തനിക്ക് ആപച്ഛങ്കയ്ക്കു ധാരാളം ന്യായങ്ങളുണ്ടെന്നു വരികിലും, തൻെറ ഉദ്യമത്തിൽ നിന്നും പിന്തിരിയാൻ അദ്ദേഹം തയ്യാറായില്ല. ധൈര്യമായി 'മാസായ്' രാജ്യത്തു പ്രവേശിച്ച് അവരുടെ ഒരു ഗ്രാമത്തിൽക്കൂടി യാത്ര തുടൎന്നു. ഗ്രാമവാസികൾ ഈ സംഘത്തിനുചുററും കൂടി താംസനെ കൂക്കിവിളിക്കയും പല്ലിളിച്ചു കാട്ടുകയും മററും ചെയ്തു. എന്നാലും അദ്ദേഹം രക്തച്ചൊരിച്ചിലിനിടയാക്കരുതു് എന്ന ദൃഢവ്രതക്കാരനായിരുന്നതിനാൽ അവരോട് അപ്രിയമൊന്നും കാണിക്കാതെ മുന്നോട്ടു നടന്നതേയുള്ളു. ഗ്രാമവാസികൾ താംസനെ വിട്ട്, ചുമട്ടും കൊണ്ടു പുറകേ വരുന്ന തൻെറ സംഘത്തോടടുത്തു. അല്പസ്വല്പം ചില സാമാനങ്ങൾ പിടിച്ചുപറിച്ചശേഷം ബാക്കി അന്നുരാത്രി സൌകൎയ്യമായി കൊള്ളചെയ്യാമെന്നു കരുതി അവർ തൽക്കാലം പിൻമാറി. അവരുടെ ഉദ്ദേശം മനസ്സിലാക്കിയ താംസൻ അധികം ഇരുട്ടുന്നതിനു മുമ്പു

തന്നെ വീണ്ടും യാത്രയാരംഭിച്ചു. അപ്പോൾ ഒരു വലിയ മഴ പെയ്തത് അവരുടെ പലായനത്തിനു സഹായമായിത്തീരുകയുംചെയ്തു.

നേരം വെളുക്കുന്നതിനുമുമ്പ് താംസനും സംഘവും, അത്ര അപകടമില്ലാത്ത ഒരു സ്ഥലത്തെത്തി. വിക്ടോറിയാതടാകതീരത്തേയ്ക്ക് ഇനിയും ധാരാളം ദൂരമുണ്ടായിരുന്നു. ഇതിനിടെ അവരുടെ ഭക്ഷണസാധനങ്ങളും മററു സാമഗ്രികളും മിക്കവാറും തീരാറായിരുന്നു. വഴിക്ക് കൊള്ളമൂലവും കാട്ടുപ്രഭുക്കൾക്കു സമ്മാനമായിട്ടും, തന്റെ സംഭാരങ്ങളിൽ മുക്കാൽപങ്കും പൊയ്പ്പോയുമിരുന്നു. ആകയാൽ മൊംബാസായ്ക്കു മടങ്ങിപ്പോയി വീണ്ടും കുറെ ആഹാരസാധനങ്ങളും മററുപകരണങ്ങളും കൊണ്ടുവന്നെങ്കിൽ മാത്രമേ ഇനിയുള്ള യാത്ര തുടരുന്നതിന് നിവാഹമുള്ളു എന്ന് അദ്ദേഹം കണ്ടു. സംഘത്തെ അതിന്റെ തലവനെ ഭരമേൽപ്പിച്ച് അവിടെ താമസിക്കാൻ ചട്ടംകെട്ടിയും വച്ച് താംസനും നാലഞ്ചു ചുമട്ടുകാരുമൊന്നിച്ച മൊംബാസായിലേയ്ക്കു തിരികെ പുറപ്പെട്ടു. ഇങ്ങനെ അഞ്ചു മാസത്തെ യാത്ര വ്യർത്ഥമായി പരിണമിച്ചു.

മൊംബാസായിൽനിന്നും വേണ്ട ഭക്ഷണസാധനങ്ങളേയും കൂടുതൽ ആളുകളേയും മററുംകൊണ്ട് താംസൻ വേഗം തിരിച്ചെത്തി വീണ്ടും യാത്രതുടൻ. ഇത്തവണ അവക്കു നല്ല സംഘബലമുണ്ടായിരുന്നതിനാൽ 'മാസായ്''കൊള്ളക്കാർ വലിയ ഉപദ്രവമൊന്നും ചെയ്തില്ല. എന്നാൽ മാഗ്ഗത്തിന്റെ ഒരു ഘട്ടത്തിൽ 'റീനോസെറസ്സ്'' (കാണ്ടാമൃഗം) എന്നു പേരുള്ള ആഫ്രിക്കായിലെ ഭയ

കരജന്തുക്കൾ ആ സംഘത്തെ എതിർത്തു. ഒരു റീനാസറസ്സ് മൃഗത്തിൻെറ തോലിനു് ഒന്നര ഇഞ്ചോളം കട്ടിയുണ്ടു്. അതിൻെറ തേററ ഒരു കാട്ടുപന്നിയുടെ തേററയെക്കാൾ ശക്തിയേറിയതുമാണു്. തന്നിമിത്തം ഇവയെ എതിർത്തുകൊല്ലുന്നതു് അത്ര എളുപ്പമായ കാര്യമല്ലായിരുന്നു. കാണ്ടാമൃഗങ്ങൾ അവരോടടുത്തപ്പോൾ, ചുമട്ടുകാരും ഗർദ്ദഭങ്ങളും നാലുവഴിക്കും പാഞ്ഞു. ഒരു മൃഗം താംസൻെറ നേക്കു പാഞ്ഞടുത്തു. അപായത്തിൽപെട്ട ആ സന്ദർഭത്തിൽപോലും അദ്ദേഹം തൻെറ വിപദിധൈര്യം കൈവെടിഞ്ഞില്ല. ഒരു മരത്തിൻെറ ചുവട്ടിൽ അഭയംപ്രാപിച്ചുകൊണ്ടു് അതിൻെറ മറവിൽ നിന്നു് അദ്ദേഹം ആ മൃഗത്തെ തെരുതെരെ വെടിവച്ചു. തൻെറ ഉണ്ടകളെല്ലാം നിഷ്ഫലമാകുന്നതുകണ്ടു് താംസൻ ഒരു സൂത്രം അനുഷ്ഠിച്ചു. മരത്തിൻെറ പിന്നിൽനിന്നും ആ മൃഗം കാണത്തക്കവിധത്തിൽ മുമ്പോട്ടുവന്നു് അതു തൻെറ അടുത്തെത്തിയപ്പോൾ വീണ്ടും പിറകിൽ മറഞ്ഞു. വീറോടെ ആ മൃഗം മരത്തിൻെറനേക്കു പായുകയും അതിൻെറ തേററകളിൽ ഒന്നു് മരത്തിൽ ബലമായി തറയ്ക്കുകയും ചെയ്തു. ഈ അവസരം പാഴാക്കാതെ താംസൻ അതിൻെറ കഴുത്തിൽ വെടിവച്ചു. മററുഭാഗങ്ങളെ അപേക്ഷിച്ചു് കാണ്ടാമൃഗത്തിൻെറ കഴുത്തിലെ തോലിനു് കട്ടി കുറവാണു്. ആകയാൽ ഉണ്ടയേററു് ആ ദുഷ്ടമൃഗം മൃതിയടഞ്ഞു.

മറെറാരവസരത്തിൽ, ഒരു രാത്രി മുഴുവനും അവർക്കു സിംഹങ്ങളെ ഭയപ്പെട്ടു് അങ്ങുമിങ്ങും ഒളിച്ചിരിക്കേണ്ടതായിവന്നു. വഴിയാത്ര തുടർന്നുകൊണ്ടിരുന്നപ്പോൾ പെട്ടെന്നു്

അകലെയല്ലാതെ സിംഹനാദം കേൾക്കുകയും അതു കേട്ട ഉടൻതന്നെ സാമാനങ്ങളും ഉപേക്ഷിച്ച് ആളുകളും കഴുതകളും നാലുദിക്കിലേക്കും പായുകയുമാണുണ്ടായത്. നേരം വെളുക്കുന്നതുവരെ താംസന്ന് തന്റെ സംഘാംഗങ്ങളെപ്പററി യാതൊരു തുമ്പുമുണ്ടായില്ല. പ്രഭാതത്തിനു മുമ്പുതന്നെ സിംഹങ്ങൾ എങ്ങോ പോയൊളിച്ചു. അതിനുശേഷം, ഭീതരായ യാത്രക്കാർ ഓരോരുത്തരായി തങ്ങളുടെ അഭയസ്ഥാനങ്ങളിൽനിന്നും പുറത്തുവന്നു. സിംഹങ്ങൾ അഞ്ചാറു കഴുതകളെ പിടിച്ചുകൊണ്ടു പോയിരുന്നു. ബാക്കിയുള്ള കഴുതകളേയും കണ്ടുപിടിച്ച്, അങ്ങുമിങ്ങും ചിതറിക്കിടപ്പുണ്ടായിരുന്ന സാമാനങ്ങളേയും പെറുക്കിയെടുത്തും കൊണ്ട് അവർ വീണ്ടും യാത്ര തുടൎന്നു.

ഇക്കാലമത്രയും, താൻ സഞ്ചരിച്ചിരുന്ന ഭൂഭാഗത്തിന്റെ പടം തയ്യാറാക്കുന്ന കാര്യത്തിൽ താംസൻ പ്രത്യേകം ശ്രദ്ധവച്ചിരുന്നു. കൂടുതൽദൂരം സഞ്ചരിച്ചതോടു കൂടി, കൂടുതൽകൂടുതൽ വിവരങ്ങൾ പടത്തിൽ കൊള്ളിക്കാൻ കഴിവുണ്ടായി. കൂടക്കൂടെ 'മാസായ്' വൎഗ്ഗക്കാരിൽ നിന്നും ശല്യങ്ങളും ഉപദ്രവങ്ങളും ഉണ്ടായിക്കൊണ്ടിരുന്നു എങ്കിലും ഇവയെ താംസൻ അത്ര കാൎയ്യമായി ഗണിച്ചില്ല.

താമസിയാതെ അവർ മനോഹരമായ 'നൈവാഷം' എന്ന തടാകത്തിന്റെ സമീപം എത്തി. ഇവിടെനിന്നും 'മാസായ്' രാജ്യത്തിന്റെ കേന്ദ്രഭാഗത്തുകൂടി ക്രൂസലെന്നിയേ കടന്നുചെന്ന് അദ്ദേഹം 'കെന്യാ' എന്ന പൎവ്വതശിഖരത്തിന്റെ താഴ്‌വാരത്തെത്തി. 'കെന്യാ' 'കിലിമാൻജരോ'വിനെ പോലെ തന്നെ, അത്യുന്നതമായ ഒരു

കൊടുമുടിയാകുന്നു. പക്ഷേ ഇവിടം മനുഷ്യവാസയോഗ്യമല്ലാത്തതും മലമ്പനിയുള്ളതുമായ സ്ഥലമായിരുന്നതുകൊണ്ട് ആ സംഘം ഉടൻതന്നെ അവിടംവിട്ട് 'ബാറിംഗോ' എന്ന മറ്റൊരു തടാകത്തിന്റെ സമീപത്തു ചെന്നെത്തി.

'ബാറിംഗോ'ക്കായലിന്റെ തീരത്തുനിന്നും വിക്ടോറിയാ നയാൻസായ്ക്കു് അധികം ദൂരമുണ്ടായിരുന്നില്ല. എന്നാൽ കടന്നുപോകാനുള്ളതു് ഒരു ഭയങ്കര മരുപ്രദേശത്തുകൂടി ആയിരുന്നു. ഇതിലേ സഞ്ചരിച്ചിട്ടുള്ള സംഘങ്ങളിൽ മിക്കതിനും ഈ മണലുകാടു കടക്കുന്ന അവസരത്തിൽ ആൾച്ചേതം നേരിടാതിരുന്നിട്ടില്ല. ഈ വിവരം അറിവുള്ള താംസന്റെ അനുയായികൾ ആ മരുഭൂമി തരണംചെയ്യുന്നതിനു് വിസമ്മതം പ്രകടിപ്പിച്ചു. അവരുടെ തടസ്സങ്ങളെ വകവയ്ക്കാതെ, താംസൻ അവരിൽ അദ്ദേഹത്തെ പിൻതുടരാൻ സന്മനസ്സുണ്ടായിരുന്ന ചിലരുമൊന്നിച്ച് ആ വിജനപ്രദേശം കടക്കുകതന്നെ ചെയ്തു. ധൈര്യവാനായ ഈ സഞ്ചാരിക്കാകട്ടെ മററുള്ളവർക്കാകട്ടെ ആ മരുഭൂമിയിൽവച്ച് യാതൊരാപത്തും നേരിട്ടില്ല എന്നുള്ളതും ഒരു വിശേഷവിധിയായിരുന്നു.

ഒടുവിൽ, അനേകനാളത്തെ ദൃഢപരിശ്രമത്തിനുശേഷം, താംസൻ വിക്ടോറിയാതടാകത്തിന്റെ പരിസരങ്ങളിൽ വന്നുചേർന്നു. ആ യാത്രയുടെ അവസാനവും കണ്ടു. തടാകത്തിന്റെ ചുററും വസിച്ചിരുന്ന 'കവിറോൺഡോ' എന്ന ജാതിക്കാർ മററു് ആഫ്രിക്കൻ വർഗ്ഗക്കാരെ അപേക്ഷിച്ച് പരിഷ്കാരത്തിലും പരിശ്രമത്തിലും മുന്നിട്ടുനിന്ന ഒരു കൂട്ടരായിരുന്നതിനാൽ താംസനു

തൻെറ പക്ഷിനിരീക്ഷണങ്ങൾ നിർബാധം നിർവഹിക്കുന്നതിനു സാധിച്ചു.

എങ്കിലും, അവിടെത്തന്നെ അധികകാലം താമസിച്ചു തൻെറ ഭൂമിശാസ്ത്രപരമായ അന്വേഷണങ്ങൾ മുഴമിക്കുന്നതിന് അവശ്യം വേണ്ടിയിരുന്ന ഉപകരണങ്ങളും മററു സാമാനങ്ങളും ഇതിനകം എത്തിപ്പോയിരുന്നതിനാൽ, താംസന് ഒന്നുകൂടി മോംബാസായിലേയ്ക്കു പോയി തിരിച്ചുവരേണ്ടിയിരുന്നു. ഈ യാത്രയിൽ അദ്ദേഹത്തിന് ഒരത്യാഹിതം നേരിട്ടു. മലമ്പനിയുടെ ഉപദ്രവം കുറേശ്ശ ആരംഭിച്ചുതുടങ്ങിയിരുന്ന അദ്ദേഹത്തെ വഴിക്കുവച്ച് ഒരു കാട്ടുകാള എതിക്കയും കുത്തി മുറിപ്പെടുത്തുകയും ചെയ്തു. അനുയായികളിൽ ഒരാൾ ആ മൃഗത്തെ ഉടൻ വെടിവച്ചുകൊന്നില്ല എന്നുവരികിൽ അതു തീർച്ചയായും താംസൻെറ ജീവാപായം വരുത്തുമായിരുന്നു.

ഇതിനുശേഷം ഒരു മാസത്തിൽ കൂടുതൽ രോഗശയ്യയെ അവലംബിക്കേണ്ടിവന്ന താംസൻ തൽക്കാലത്തേയ്ക്കു തൻെറ ഭൂമിശാസ്ത്രസംബന്ധമായ അന്വേഷണങ്ങളെ നിർത്തിവച്ച് സ്വദേശത്തേക്കു മടങ്ങി.

---

## അദ്ധ്യായം ൪

## അൻറാർട്ടിക്കാ ഭൂഖണ്ഡം.

### സ്കാട്ട്, ഷാക്കിൾട്ടൺ എന്നിവരുടെ കണ്ടുപിടിത്തങ്ങൾ.

ദക്ഷിണധ്രുവത്തിനു സമീപമായി ഒരു വലിയ ഭൂഖണ്ഡം സ്ഥിതിചെയ്യുന്നുണ്ട് എന്ന് ഇദംപ്രഥമമായി പരിശോധിച്ചു കണ്ടുപിടിച്ചതു് ക്യാപ്റ്ററൻ സ്കാട്ട് എന്ന ഒരു ഇംഗ്ലീഷ് ദേശാന്വേഷകനായിരുന്നു. ദക്ഷിണധ്രുവത്തിൻെറ മദ്ധ്യം കണ്ടുപിടിക്കണം എന്ന ഉദ്ദേശത്തോടെയാണു് ഇദ്ദേഹം തൻെറ ആദിയാത്ര ആരംഭിച്ചതു്. എന്നാൽ അൻറാർട്ടിക്കായുടെ ചില ഭാഗങ്ങളിൽ സഞ്ചരിച്ച ശേഷം ധ്രുവത്തിലേയ്ക്കുള്ള യാത്ര തല്ക്കാലം തുടരാതെ ഇദ്ദേഹം തിരിച്ചുപോരികയാണുണ്ടായതു്.

സ്കാട്ട് അൻറാർട്ടിക്കാ ഖണ്ഡത്തിലേയ്ക്കു് രണ്ടാമതും ഒരു യാത്രചെയ്തു. ഇത്തവണ ദക്ഷിണധ്രുവത്തിൽ എത്തിച്ചേരാതെ മടങ്ങുന്നതല്ല എന്ന ദൃഢവ്രതത്തോടെയാണു് അദ്ദേഹം തിരിച്ചതു്. അനേകം ക്ലേശങ്ങളും ബുദ്ധിമുട്ടുകളും സഹിച്ചു് അദ്ദേഹം ൧൯൧൨ ജനുവരി ൧൮-ാംനു- ദക്ഷിണധ്രുവത്തിൽ ചെന്നുചേൎന്നു. എന്നാൽ സുമാർ ഒരു മാസം മുമ്പു് ആമൺഡ്സെൻ എന്ന നാർവേക്കാരനായ ദേശാന്വേഷകൻ ഇവിടെ എത്തിയിരുന്നു. തനിക്കു് ദക്ഷിണധ്രുവത്തിൽ ഒന്നാമതായി എത്താൻ സാധിക്കാത്തതിൽ വളരെ നിരാശയുണ്ടായിരുന്നെ

ങ്കിലും, സ്കോട്ട് അക്കാര്യത്തിൽ തന്നെ തോല്പിച്ച ആമണ്ഡ്സെനെ ബഹുമാനപൂർവ്വം അഭിനന്ദിക്കയാണു് ചെയ്തതു്. അവിടെ നിന്നും മടങ്ങിവരുന്ന വഴിക്കു്, തന്റെ കൂട്ടത്തിലുണ്ടായിരുന്ന രണ്ടു സ്നേഹിതന്മാരുമൊന്നിച്ചു് സ്കോട്ട് ഉഗ്രമായ ഒരു ചുഴലിക്കാററിലകപ്പെട്ടു. ആലിപ്പഴം വർഷിക്കുന്ന ഈ ഘോരവാതം ഒരാഴ്ചയോളം നീണ്ടുനിന്നു. തങ്ങളുടെ ആഹാരസാധനവും വിറകും നഷ്ടപ്പെട്ട നമ്മുടെ സഞ്ചാരികൾ മൂന്നുപേരും അസഹ്യമായ തണുപ്പു നിമിത്തവും വിശപ്പുനിമിത്തവും ഇതിനകം അകാലമൃത്യുവടഞ്ഞു.

സ്കോട്ടിനാൽ സമാരംഭിക്കപ്പെട്ട അൻറാർട്ടിക്കാ ഖണ്ഡത്തെപ്പററിയുള്ള ഭൂമിശാസ്ത്രപരമായ പര്യവേക്ഷണങ്ങൾ പൂർത്തിയാക്കിയതു്, സർ ഏർണസ്റ്റ് ഷാക്കിൾട്ടൺ എന്ന മറെറാരു ആംഗ്ലേയദേശാന്വേഷകനായിരുന്നു. സ്കോട്ടിൻെറ രണ്ടാമത്തെ യാത്രാസംഘത്തിലെ ഒരംഗമായിരുന്ന ഇദ്ദേഹം ൧൯൧൪-ൽ എൻഡ്യൂറൻസ് (സഹനം) എന്ന കപ്പലിൽ തൻെറ സുപ്രസിദ്ധമായ ദക്ഷിണധ്രുവയാത്ര തുടങ്ങി. ഷാക്കിൾട്ടൻെറ സംഘത്തിൽ വൈൽഡ്, ആഡാംസ്, മാർഷൽ, എന്ന മൂന്നു സഞ്ചാരികൾ കൂടി ഉൾപ്പെട്ടിരുന്നു. തൊണ്ണൂററിഒന്നു ദിവസത്തേക്കു വേണ്ട ആഹാരസാധനങ്ങൾ അവർ കപ്പലിൽ ശേഖരിച്ചിട്ടുണ്ടായിരുന്നു. ഹിമശകടങ്ങളേയും, അവയേ വലിക്കാൻ ശൈത്യരാജ്യമായ സൈബീരിയായിൽ ജനിച്ചു വളന്ന കുറെ കുതിരകളേയും അവർ കൊണ്ടുപോയിരുന്നു. അൻറാർട്ടിക്കായിൽ എത്തിയതിനു ശേഷം അവർ കപ്പൽ

വിട്ട് ഹിമശകടങ്ങളുമായി മഞ്ഞു നിലങ്ങളിൽ കൂടി സഞ്ചരിക്കാൻ തുടങ്ങി. നിമ്നോന്നതമായ പ്രദേശങ്ങളിൽ കൂടി ആയിരുന്നു യാത്ര എങ്കിലും, അതികഠിനമായ കാററുണ്ടായിരുന്നുവെങ്കിലും അവർ ദിവസമൊന്നുക്ക് പതിനഞ്ചുമയിൽവീതം സഞ്ചരിച്ച് തെക്കൻ അക്ഷാംശം 81 ഡിഗ്രിവരെ എത്തി. ഇവിടെവച്ച് ആഹാരാത്ഥം ഒരു കുതിരയെ വധിക്കേണ്ടതായിവന്നു. പത്തു ദിവസത്തിനകം രണ്ടുകുതിരകളെക്കൂടി ഇങ്ങനെ അവർ കൊന്നു. ബാക്കി ശേഷിച്ച ഒററക്കുതിരയേയും കൊണ്ടു് 'ബാരിയർ' സമതലം എന്നു വിളിക്കപ്പെട്ട ആ പ്രദേശത്തിൻെറ അതിത്തിയിൽ അവർ എത്തി. ഇനിയും തെക്കോട്ടു പോകാൻ ഒരു വലിയ മഞ്ഞുമല കടക്കേണ്ടിയിരുന്നു. നോക്കെത്താത്തവിധം പൊക്കത്തിൽ നിന്നിരുന്ന ഈ ഹിമകരിക്കു് അവർ "ബീയർഡ്മോർ ഗ്ലേസിയർ" എന്ന പേർ കൊടുത്തു.

മല കയറുന്നതിനു പററിയ രീതിയിലുള്ള ബൂട്സുകളോ മററുപകരണങ്ങളൊ അവക്കില്ലായിരുന്നു. എന്നാലും ഹിമശകടങ്ങളും വലിച്ചുകൊണ്ടു് ഈ മലയുടെ മുകളിലേയ്ക്കു യാത്രചെയ്യാൻതന്നെ ഷാക്കിൾട്ടൻ സന്നദ്ധനായി. മലയിൽ ഇടക്കിടയ്ക്കു് അത്യഗാധങ്ങളായ വിള്ളലുകൾ ഉണ്ടായിരുന്നു. ഇതിലൊന്നിൽ വീണു് ഒടുവിൽ ശേഷിച്ചിരുന്ന കുതിരയും നഷ്ടപ്പെട്ടു. ഈവിധം അവർ സമുദ്രനിരപ്പിൽനിന്നും ആദ്യം ൬൦൦൦ അടി പൊക്കംവരെയും, അതിന്നുശേഷം ൯൦൦൦ അടി പൊക്കംവരെയും കയറി. എന്നിട്ടും ആ മലയുടെ മുകൾപ്പരപ്പിൽ ചെല്ലാറായില്ല. ഒടുവിൽ അനേകദിവസത്തെ അത്യദ്ധ്വാനത്തിനുശേഷം അവർ ആ മലയുടെ മൂർദ്ധാവിൽ എത്തിച്ചേർന്നു.

അവിടെ നടത്തിയ ചില നിരീക്ഷണങ്ങളുടെ ഫലമായി അവർ ആ മഹാഗിരിയുടെ അടിവാരത്തിൽ നിന്നും ൩൫൦ മയിൽ അകലെ ആയിരുന്നു അപ്പോൾ ചെന്നുചേന്നിരുന്നതു് എന്നും, ഇനിയും ദക്ഷിണധ്രുവത്തിനു് അവിടെനിന്നും ൧൭൩ മയിൽ ദൂരംകൂടി ഉണ്ടെന്നും ഗ്രഹിച്ചു.

ഇതിനിടയ്ക്കു് ഷാക്കിൾട്ടണും കൂട്ടുകാരും ദേഹാധ്വാനം നിമിത്തവും ആഹാരത്തിന്റെ കുറവുകൊണ്ടും അവിടങ്ങളിലെ അസഹ്യമായ തണുപ്പു നിമിത്തവും, നന്നേ ക്ഷീണിച്ചിരുന്നു. എങ്കിലും അവർ ധ്രുവത്തിനു് എത്ര അടുത്തെത്താമൊ അത്രയും സമീപം വരെ സഞ്ചരിക്കുന്നതിനുള്ള തങ്ങളുടെ ഉദ്ദേശത്തിൽ നിന്നും പിന്തിരിയാൻ ഒരുമ്പെട്ടില്ല. ആകയാൽ വീണ്ടും യാത്രതുടൎന്നു, ജാനുവരി ൯-ാംനു- അവർ ദക്ഷിണധ്രുവത്തിന്റെ ൧൦൦-മയിൽ അകലത്തിൽ എത്തി അവിടെ ബ്രിട്ടീഷുകൊടി നാട്ടി.

അഴുകാൻ തുടങ്ങിയിരുന്ന കുതിരഇറച്ചി തിന്നുകയാൽ അവരിൽ മിക്കവൎക്കും വയറുകടിപിടിക്കുക കാരണം ഉടൻതന്നെ തിരിയെ പുറപ്പെടേണ്ടിവന്നു. മററു ഭക്ഷണസാധനങ്ങൾ മിക്കവാറും ഒടുങ്ങിയിരുന്നു. ക്ഷീണം നിമിത്തം, തിരിച്ചുള്ള യാത്ര വളരെ സാവധാനത്തിലായിരുന്നു. എന്നാൽ കാററിന്റെ ഗതി അവൎക്കനുകൂലമായിരുന്നതിനാൽ ഹിമശകടത്തിൽ ഒരു കപ്പൽപ്പായ് വച്ചുകെട്ടി, മഞ്ഞുനിലങ്ങളുടെ മീതെക്കൂടി വലിയ ആയാസംകൂടാതെ സഞ്ചരിക്കുവാൻ തല്ക്കാലം അവൎക്കു സാധ്യമായി. തിരിച്ചുള്ള യാത്രമുഴുവനും കാൽനടയായി വേണ്ടിയിരുന്നെങ്കിൽ കണിശമായും അതിന്റെ അവസാനം കാണാൻ അവൎക്കു ദുസ്സാദ്ധ്യമായി വന്നേനെ.

അവർ "ബീയർഡ്മോർ ഗ്ലേസിയറി"ന്റെ സമീപം ഒരു സ്ഥലത്തു കുറെ ഭക്ഷണസാധനങ്ങൾ നിക്ഷേപിച്ചിട്ടുണ്ടായിരുന്നു. അനേകം മയിൽ വഴിവിട്ടു സഞ്ചരിക്കേണ്ടിയിരുന്നു. എങ്കിലും കൂട്ടത്തിലുണ്ടായിരുന്ന മാർഷൽ എന്ന ആൾ തനിയെ ആ പ്രദേശത്തുചെന്നു് ഈ ഭക്ഷണസാധനങ്ങൾ എടുത്തുകൊണ്ടുപോന്നു. ഇങ്ങനെ അല്പദിവസത്തേയ്ക്കുകൂടി ആ സംഘത്തിനു് ആഹാരത്തിനു് വകകിട്ടി. എങ്കിലും ഇനിയും അനേകശതം നാഴിക തരണം ചെയ്താൽമാത്രമേ ഒരു രക്ഷാസ്ഥാനത്തു് എത്തുമായിരുന്നുള്ളു. കുറെദൂരംകൂടി സഞ്ചരിച്ചപ്പോൾ വയറുകടി നിമിത്തം അത്യാതുരനായി മാർഷൽ വഴിയിൽ മൂർഛിച്ചുവീണു. സഹായത്തിനായി ആഡംസിനെ അവിടെ വിട്ടുംവച്ചു് ഷാക്കിൾട്ടനും വൈൽഡും കൂടി കപ്പൽ നിന്നിരുന്ന സ്ഥലത്തേയ്ക്കു നടന്നു. അവിടെ വല്ലവിധത്തിലും ചെന്നുചേൎന്ന ഉടൻതന്നെ കപ്പലിൽനിന്നും ആഹാരസാധനങ്ങളും മററും കൊടുത്തു് ഒരു ചെറിയ സംഘത്തെ അയച്ചു് മാർഷിലിനേയും ആഡംസിനേയും രക്ഷപ്പെടുത്തി.

അവരുടെ ഈ യാത്ര എത്രയോ ആപൽക്കരമായ ഒന്നായിരുന്നു. ദൈവാധീനം ഒന്നുകൊണ്ടുമാത്രമല്ലായിരുന്നു എങ്കിൽ ഫൻഫവൽ സ്കാട്ടിനുപററിയതുപോലുള്ള ഒരനുഭവം ഇവരുടെയും പ്രാണാപായത്തിനു് ഇടവരുത്തുമായിരുന്നു. എന്നാൽ വലിയ അപകടങ്ങളൊന്നും കൂടാതെ ഈ യാത്ര അവസാനിക്കാനിടയായതിൽ വച്ചുള്ള ധൈര്യത്തോടെ, ഷാക്കിൾട്ടൺ അചിരേണ വീണ്ടും ഒരു സഞ്ചാരത്തിനു മുതിൎന്നു. ഇത്തവണ അൻറാർട്ടിക്കായുടെ അന്തർഭാ

ഗങ്ങളെ പരിശോധിക്കണം എന്നായിരുന്നു അദ്ദേഹത്തിന്റെ താല്പര്യം.

ഇത്തവണത്തെ സഞ്ചാരപദ്ധതി മുമ്പിലത്തേതിലും ധീരമായ ഒന്നായിരുന്നു. അൻറാർട്ടിക്കാ ഭൂഖണ്ഡത്തിന്റെ ഒരുവശം—തെക്കെ അമേരിക്കയുടെ തെക്കേ അററത്തിന് എതിരായുള്ള വശം—മാത്രമേ, അതുവരെ ഷാക്കിൾട്ടൻേറയും, സ്കാട്ട മുതലായ മുൻഗാമികളുടെയും അന്വേഷണങ്ങൾക്കു വിഷയമായി ഭവിച്ചിരുന്നുള്ളു. തൻെറ അഭിനവോദ്യമത്തിൽ ഈ ഭാഗത്തിൻെറ നേരെ എതിർവശത്ത്, ദക്ഷിണധ്രുവത്തിനപ്പുറമായി ഉണ്ടായിരുന്ന മറുഭാഗത്തു ചെന്നെത്തി. ആ സ്ഥലത്തെ വിശേഷങ്ങൾ പരിശോധിക്കണം എന്ന് ഷാക്കിൾട്ടൺ നിശ്ചയിച്ചു. ആകയാൽ, ആവശത്തുണ്ടായിരുന്ന വെഡൽ സീ എന്ന ഹിമാവൃതമായ സമുദ്രത്തിൽക്കൂടി കപ്പലോടിച്ചു കരയിൽ ഇറങ്ങി അവിടെനിന്നും ദക്ഷിണധ്രുവം വഴി അൻറാർട്ടിക്കാഖണ്ഡത്തിൻെറ വിലങ്ങത്തിൽ സഞ്ചരിച്ച്, താങ്കൾ മുമ്പു ഒന്നുരണ്ടുതവണ പരിശോധിച്ചിട്ടുള്ളതായ ഇങ്ങേ വശത്ത് എത്തിചേരണമെന്നുള്ളതായിരുന്നു അദ്ദേഹത്തിൻെറ പുതിയ പദ്ധതി. പുറപ്പെടുന്ന കപ്പൽ വെഡൽ സീയിൽ ഉപേക്ഷിച്ചിട്ട്, ഇപ്പുറം എത്തുമ്പോൾ അവിടെ മുൻകൂട്ടി തയ്യാർചെയ്തു നിർത്തിയിരിക്കുന്ന മറെറാരു കപ്പലിൽ മടങ്ങിപ്പോരിക എന്നും അദ്ദേഹം ഉറച്ചു.

പൊതുജനങ്ങളുടെ ഉദാരമായ സംഭാവനകളുടെ ഫലമായി 'എൻഡ്യൂറൻസ്' എന്ന തൻെറ കപ്പലിൽ ഷാക്കിൾട്ടൺ യാത്ര ആരംഭിച്ചു. വെഡൽ സമുദ്രത്തെ പ്രയാ

സത്തോടെയെങ്കിലും വിജപൂർവ്വം മുക്കാലും തരണംചെയ്തു. അൻറാർട്ടിക്കാ ഖണ്ഡം ദക്ഷിണധ്രുവത്തിൻെറ ചുററുപാട്ടമായി കിടക്കുന്ന ഒന്നാണ്. ദക്ഷിധ്രുവത്തിൽനിന്നും എങ്ങോട്ടു പുറപ്പെട്ടാലും അതു വടക്കോട്ടായിരിക്കുമെന്നുള്ളതിനാൽ വടക്ക്, കിഴക്ക്, തെക്ക്, പടിഞ്ഞാറ് എന്ന ദിക്ഭേദങ്ങൾ അനുസരിച്ച് ഈ ഖണ്ഡത്തിൻെറ നാനാഭാഗങ്ങളും നിർവചിക്കപ്പെടാൻ നിർവാഹമില്ല. വൃത്താകൃതിയിൽ കിടക്കുന്ന ഈ ഭൂഭാഗത്തിൻെറ ഒരു വശത്ത് വെഡൽ സീയും എതിരെ മറുവശത്തായി ഉള്ള 'അഡേർ'എന്ന കോടിയുടെ അരികിലായി റാസ്സ് സീ എന്ന സമുദ്രവും ആണുള്ളതെന്നും, ദേശാന്വേഷകന്മാരുടെ ഇതിനമുമ്പുണ്ടായ പ്രവത്തനങ്ങൾ മുഴവനും ഈ അഡേർ കോടിയുൾപ്പെട്ട ഭാഗങ്ങളിലായിരുന്നു എന്നും ഓർമ്മിക്കണം.

കരയ്ക്കടുക്കാൻ ഇനിയും കുറേദൂരംകൂടിമാത്രമേ ഉണ്ടായിരുന്നുള്ളു. ഇതേവരെ താരതമ്യേന വലിയ തടസ്സം നേരിടാതിരുന്ന ഷാക്കിൾട്ടണും സംഘത്തിനും ഈ അവസരത്തിൽ ഒരു വലിയ കുഴപ്പം പററി. അവിടങ്ങളിൽ അപ്പോൾ വേനൽക്കാലമായിരുന്നു. എങ്കിലും പെട്ടെന്നുണ്ടായ ഒരു കൊടുങ്കാററുനിമിത്തം ചില ഹിമക്കൂട്ടങ്ങൾ എൻഡ്യൂറൻസിനെ വലയംചെയ്ത് അതിൻെറ ഗതിയെ നിരോധിച്ചു. തങ്ങളെ കരയിൽനിന്നും വേർതിരിച്ച ഈ ഹിമഗിരിയെ കാൽനടയായി തരണംചെയ്യുവാൻ വളരെ ശ്രമിച്ചുനോക്കി എങ്കിലും അവർക്ക് ഇക്കാര്യത്തിൽ വിജയം ഉണ്ടായില്ല. ആ പതനത്തിൽ ഷാക്കിൾട്ടണ് ആശിക്കാമെന്നുണ്ടായിരുന്നത് ഒന്നുമാത്രമായിരുന്നു. കടലിൻെറ

അന്തർഭാഗത്തുകൂടിയുള്ള വല്ല ഒഴുക്കും കപ്പലിനെ കുത്തിയിളക്കി ആ ഹിമാവരണത്തിൽ നിന്നും വിമുക്തമാക്കിത്തീർത്താൽ അവക്ക് രക്ഷനേടാമെന്നുള്ളതായിരുന്നു ആത്തു്. ഇതിനിടക്കു ശാസ്ത്രസംബന്ധമായ നിരീക്ഷണങ്ങൾ മുറക്കു നടത്തികൊണ്ടിരുന്നു. മാത്രമല്ല, കപ്പലിനു വന്നുചേരാവുന്ന അപകടത്തെ ഭയന്നു മഞ്ഞുനിലത്തിൻെറ മുകളിലായിത്തന്നെ അതിലുണ്ടായിരുന്ന വള്ളങ്ങളും മററുസാമാനങ്ങളും ഇറക്കിയിട്ടു. ഏകദേശം പത്തുമാസംവരെ ആ കപ്പൽ ചുററുമുള്ള ഹിമസംഹതിയൊപ്പം മന്ദംമന്ദമായി കരയിൽ നിന്നും അകലത്തേയ്ക്കായി നീങ്ങികൊണ്ടിരുന്നു. ഇതിനിടെ ബലം കുറയാൻ തുടങ്ങിയിരുന്ന അതിൻെറ ഭാഗങ്ങൾ മഞ്ഞുകട്ടകളുടെ ഊക്കോടുകൂടിയ നിരന്തരസമ്മർദ്ദമേററു് ഒടുവിൽ ഞെരിഞ്ഞുപോകയും കപ്പൽ ആഴിയുടെ അടിത്തട്ടിലേക്കു താഴുകയും ചെയ്തു.

ഷാക്കിൾടണും കൂട്ടരും ഈ ഘട്ടത്തിൽ നന്നേ വിഷമിച്ചു. അവക്ക് ധാരാളം ആഹാരസാധനങ്ങളും ആവശ്യത്തിനു വേണ്ട വള്ളങ്ങളും ഉണ്ടായിരുന്നു എങ്കിലും കപ്പൽ മുങ്ങിയതോടുകൂടി അവക്ക് തുറന്നതും, ആപൽക്കരവുമായ മഞ്ഞുനിലങ്ങളെത്തന്നെ അഭയംപ്രാപിക്കേണ്ടിവന്നു. പോരെങ്കിൽ കരയിൽനിന്നും വളരെ അകലത്തായിട്ടുമായിരുന്നു അവരുടെ തല്ക്കാലസ്ഥിതി. വേനല്ക്കാലത്തു തങ്ങൾ പാത്തിരുന്ന മഞ്ഞുമലകൾ മെല്ലെമെല്ലെ ഉരുകാൻ ഇടയുണ്ടായിരുന്നതിനാൽ അവരുടെ സ്ഥിതി ദിവസംചെല്ലുംതോറും കൂടുതൽ ആപൽക്കരമായി പരിണമിച്ചു. ആകയാൽ, വരുന്നതുവരട്ടെ എന്നു നിശ്ചയിച്ചുകൊണ്ടു അവർ വടക്കോട്ടു തിരിച്ചു. ആറുമാസ

ത്തെ ഇടവിടാതുള്ള സഞ്ചാരത്തിനുശേഷം അവർ തെക്കെഷെട്ട്ലണ്ട് ദ്വീപസമൂഹത്തിൽപ്പെട്ട 'എലിഫൻറ്' ദ്വീപിൽ വന്നുചേൎന്നു. അന്യസഹായംകൂടാതെ ആ സംഘത്തിന് ജനവാസമില്ലാത്ത ആ ദ്വീപിൽനിന്നും രക്ഷപ്പെടാൻ മാൎഗ്ഗമില്ലായിരുന്നു. തെക്കേ അമേരിക്കയുടെ തെക്കപടിഞ്ഞാറെ ഭാഗത്തുള്ള ചിലി എന്ന രാജ്യത്തു ചെന്നുചേൎന്നാൽ സഹായം ലഭിക്കാൻ പ്രയാസമില്ലെന്ന് അറിയാമായിരുന്ന ഷാക്കിൾട്ടൺ, ഒന്നുരണ്ടനുചരന്മാരുമൊന്നിച്ച് ഒരു ചെറിയ വള്ളത്തിൽക്കയറി 'എലിഫെൻറ്' ദ്വീപിൽനിന്നും തിരിച്ചു. ആ ദ്വീപിനും ചിലിക്കും മദ്ധ്യേ ഉള്ള സമുദ്രം കാററും കോളും നിമിത്തം എപ്പോഴും (വലിയ കപ്പലുകൾക്കുപോലും) ആപൽക്കരമായിരുന്നു. എന്നാൽ ക്ലേശലൊന്നും കൂടാതെ തങ്ങളുടെ ചെറു വള്ളത്തിൽ അവർ ഈ ഭയങ്കരസമുദ്രം കടന്ന് ചിലിയിൽ എത്തി. ഇവിടെനിന്നും ഒരു പരിത്രാണസംഘത്തെ സജ്ജീകരിച്ചുകൊണ്ടുപോയി, എലിഫൻറ് ദ്വീപിൽ താമസിച്ചിരുന്ന തൻെറ കൂട്ടരിൽ മററാളുകളെ എല്ലാവരേയും യാതൊരു ജീവാപായവുമെന്യേ ഷാക്കിൾട്ടൺ രക്ഷപ്പെടുത്തി.

ഈ സഞ്ചാരത്തിൽ ഷാക്കിൾട്ടന്ന് തൻെറ ഉദ്ദേശം നിറവേററാൻ കഴിവുണ്ടായില്ല. എന്നുവരികിലും, തൻെറ ഉദ്യമം പരാജയത്തിലാണ് കലാശിച്ചതു് എന്നു വരികിലും, വ്യഗ്രതകളോടും ആപത്തുകളോടും ധീരധീരം പോരാടുന്നതിനു വേണ്ട ശേഷിയും മനക്കരുത്തും സംഘടനാസാ

മത്ത്യവുമുള്ള ഒരു യഥാൎത്ഥ നായകനാണു് താൻ എന്നുള്ള വസ്തുതയെ നല്ലപോലെ വെളിപ്പെടുത്താൻ സാധിച്ചു.

## അദ്ധ്യായം ൭

### "എവറസ്റ്റ്" ആരോഹണം
### ബ്രൂസ് മുതലായവരുടെ പരിശ്രമങ്ങൾ

ലോകത്തിലെ വമ്പിച്ച പൎവ്വതനിരകൾക്കെല്ലാം അത്യുന്നതമായ കൊടുമുടികളുണ്ടു്. ഈ കൊടുമുടികളുടെ അഗ്രഭാഗം വരെ കയറുക എന്നതു് ഒരു പ്രത്യേക സാമത്ഥ്യമായിട്ടാണു പല ദേശാന്വേഷകന്മാരും ഗണിച്ചുവരുന്നതു്. ഈ ഗിരിശൃംഗങ്ങളിൽ കയറുന്നതു് വളരെ ഉപയോഗപ്രദമായ ഒരു കൃത്യമല്ല. ശാസ്ത്രീയമായി ചില ഉപയോഗങ്ങൾ ഉണ്ടെന്നിരുന്നാൽത്തന്നെയും അവ, ഈ ഉദ്യമത്തിനുവേണ്ടിവരുന്ന പണച്ചിലവു്, ക്ലേശങ്ങൾ, സ്ഥിരോത്സാഹം, എന്നിവയോടു തുലനം ചെയ്തുനോക്കുമ്പോൾ അത്രതന്നെ പ്രാധാന്യത്തെ അൎഹിക്കുന്നില്ല. ഇങ്ങനെയൊക്കെയാണെങ്കിലും, പൎവ്വതാരോഹണത്തിൽ ഏൎപ്പെടുന്ന ദേശാന്വേഷകസംഘങ്ങൾ ധാരാളമാണു്. ഇതിന്റെ രഹസ്യം മറെറാന്നുമല്ല, ലാഭേച്ഛകളെല്ലാത്ത സാഹസികന്മാൎക്കു തങ്ങളുടെ ഊൎജ്ജസ്വലതയേയും

പൌരുഷത്തേയും ശരിയായി പ്രദർശിപ്പിക്കാൻ ഉതകുന്ന ഒരു വ്യാപാരം ഇതുപോലെ വേറൊന്നുമില്ല എന്നുള്ളതാണു്. അറിയപ്പെടാത്ത രാജ്യങ്ങളെ കണ്ടുപിടിക്കുന്നതു നിമിത്തം സ്വന്തരാജ്യത്തിനു് ഉപനിവേശസ്ഥലങ്ങളോ കച്ചവടകേന്ദ്രങ്ങളോ സമ്പാദിച്ചുകൊടുക്കാൻ ഒരു ദേശാന്വേഷകനു സാധിക്കുന്നു. നദിയുടെ ഗതി, തടാകങ്ങളുടെ കിടപ്പു്, വനങ്ങളുടേയും മരുഭൂമികളുടേയും ഉൾഭാഗങ്ങളിലെ സ്ഥിതികൾ, ഇവയെ നിർണ്ണയിക്കാൻ ഉദ്യമിക്കുന്ന ഒരു സഞ്ചാരിക്കു്, ഭൂമിശാസ്ത്രം സസ്യശാസ്ത്രം ഭൗതികശാസ്ത്രം മുതലായ ശാസ്ത്രങ്ങൾ സംബന്ധിച്ചുള്ള പല കാര്യങ്ങളും കണ്ടുപിടിച്ചു് അവയെ മനുഷ്യസമുദായത്തിനു പയുക്തമാം വിധം സജ്ജമാക്കാൻ സൌകര്യമുണ്ടാകുന്നു. എന്നാൽ, വൻമലകളുടെ അത്യുച്ചഭാഗങ്ങളിൽ എത്തിക്കൂടുവാൻ ശ്രമം ചെയ്യുന്ന സാഹസികൾക്കു് ഏതാദൃശ ഫലാപേക്ഷകൾക്കൊന്നും വകയില്ല. അവരുടെ ഉൾക്കരുത്തും 'ഉഷ്റിത'ത്വവും കണ്ടു് അതിശയം കൊള്ളാമെന്നല്ലാതെ സാധാരണക്കാർക്കു് ഇവരുടെ കാലടികളെ പിന്തുടരുവാൻ നിവ്വാഹമില്ലായ്ക നിമിത്തം മററു വിധത്തിൽ യാതൊരു പ്രയോജനത്തേയും ഈ ശ്രമങ്ങൾ നൽകുന്നതുമില്ല.

പല കാലങ്ങളിലായി പല ധീരന്മാരും, യൂറോപ്പിലെ പ്രധാന പൎവ്വതപംക്തിയായ ആൽപ്സിൻെറ അത്യുന്നതശിഖരമായ 'മൌണ്ട് ബ്ളാങ്കു്', ആഫ്രിക്കയിലെ ഏററവും പൊക്കംകൂടിയ കൊടുമുടികളായ 'കിലിമാൻജരോ' 'കെന്ന്യാ' എന്നിവ, തെക്കെ അമേരിക്കയിലെ ആൻഡീസു പൎവ്വതങ്ങളിലെ പ്രധാന ശൃംഗങ്ങളായ 'ചിംബറാസോ'

'അകൊൺകാഗവാ' ഇവ, വടക്കെ അമേരിക്കയിലെ റാക്കീസ്നിരകളുടെ മകുടമായ 'മക്കിൻലി' എന്ന വേണ്ട നൂതനമായി കണ്ടറിയപ്പെട്ട അന്റാർട്ടിക്കാ ഖണ്ഡത്തിലെ 'എറിബസ്' എന്ന ഹിമാവൃതമായ ഗിരിശിഖരം പോലും, ആരോഹണം ചെയ്തു കഴിഞ്ഞിരുന്നു. എന്നിട്ടും ഭൂലോകത്തിലേയ്ക്കുംവച്ച് ഏററവും പൊക്കം കൂടിയതെന്ന് സുപ്രസിദ്ധമായ മൌണ്ട് എവറസ്റ്റ് (ഗൌരീശങ്കരം) കൊട്ടുമുടിയിൽ കയറുവാൻ ൧൯൨൧-വരെ ആരും തന്നെ ഒരുമ്പെട്ടില്ല. ഉദ്ദേശം എഴുപതിൽ ചില്വാനം കൊല്ലങ്ങളായി ഈ മഹാശൃംഗം പാശ്ചാത്യലോകത്തിന് സുപരിചിതമായിരുന്നു എങ്കിലും ൧൯൨൦-ന്റെ അവസാനത്തിൽ പോലും, യാതൊരു യൂറോപ്യനും ഇതിന്റെ ൪൦-മുതൽ ൧൦൦-വരെ മയിൽ അകലത്തു നിന്നല്ലാതെ ഇതിനെ ദർശിക്കപോലും ചെയ്തിട്ടില്ലായിരുന്നു.

൧൯൨൧-ൽ ആണ് സർ ഫ്രാൻസിസ്സ് യങ്ഹസ്ബൻഡ് എന്ന പ്രസിദ്ധനായ ദേശാന്വേഷകന്റെ നേതൃത്വത്തിൽ ഒരു സംഘം എവറസ്റ്റിനെ ആക്രമിക്കാൻ സന്നദ്ധമായതു്. സർ ഫ്രാൻസിസ്സ് ആ അവസരത്തിൽ ലണ്ടനിലെ റായൽ ജിയാഗ്രാഫിക്കൽ സൊസൈററി (രാജകീയ ഭൂമിശാസ്ത്രസമിതി)യുടെ അദ്ധ്യക്ഷനായിരുന്നു. അദ്ദേഹം ഇന്ത്യയ്ക്കുചുററുമുള്ള പല രാജ്യങ്ങളിലും ബ്രിട്ടീഷ് ചക്രവത്തിയുടെ പ്രതിനിധിയായി ജോലിയിലിരുന്നിട്ടുള്ള ആളും ഇന്ത്യയുടെ നേർ വടക്കുഭാഗത്തുള്ള ടിബററ് എന്ന രാജ്യത്തിന്റെ തലസ്ഥാനമായ ലാസാപട്ടണത്തിൽ ആദ്യമായി പ്രവേശിച്ച പാശ്ചാത്യനും ആയിരുന്നു.

ഇങ്ങനെ പല പ്രകാരത്തിൽ യോഗ്യത സിദ്ധിച്ചിരുന്ന അദ്ദേഹത്തിൻെറ നിയന്ത്രണത്തിൽ രൂപവല്കരിക്കപ്പെട്ട സംഘത്തിനും പർവ്വതാരോഹണവിഷയത്തിൽ പ്രത്യേകം പ്രാവീണ്യം ഉണ്ടായിരുന്നു. അവരിൽ പ്രധാനികൾ ജെനറൽ സി. ജി. ബ്രൂസ്, ൨൪൦൦൦ അടി ഉയരം ഉള്ള ഒരു പർവ്വതശൃംഗത്തിൽ കയറിയിട്ടുള്ള ഡാക്ടർ ലാംഗ് സ്റ്റാഫ്, ഹിമാലയത്തിൽതന്നെ അത്യുപ്രാവശ്യം അത്യുന്നതസ്ഥാനങ്ങളിൽ ആരോഹണം ചെയ്തിരുന്ന ഡാക്ടർ കെല്ലാസ്, കേണൽ ഹൊവാർഡ് ബ്യൂറി, ഡാക്ടർ റേയ്ബേർൺ, മാലൊറി, നാർട്ടൺ, മോഴ്സ്ഹെഡ് വീലർ, ബുള്ളക് എന്നിവരായിരുന്നു. ഇവരെ കൂടാതെ ഇന്ത്യയിൽ ജോലിയിലിരുന്ന ചില സിവിലിയന്മാരും ഇന്ത്യൻ പട്ടാളത്തിൽ ശേവുകക്കാരായ ചില ഗൂർക്കന്മാരും ഈ സംഘത്തെ അനുഗമിച്ചു.

ഈ സംരംഭത്തിൽ ഏർപ്പെട്ടിരുന്ന ഓരോരുത്തനും തികച്ചും അരോഗദൃഢഗാത്രനായിരിക്കേണ്ട ആവശ്യം ഉണ്ടായിരുന്നു. എന്തെന്നാൽ, സമുദ്രനിരപ്പിൽനിന്നും വളരെ പൊക്കത്തിൽ കയറേണ്ടിയിരുന്ന അവക്ക് ആ സ്ഥലങ്ങളുടെ ഔന്നത്യം നിമിത്തം ഉളവാകുന്ന സുഖക്കേടുകളെ ജയിച്ചു നിൽക്കേണ്ടിയിരുന്നു. മല കയറുന്നവക്ക് സാധാരണയായി ഉണ്ടാകാറുള്ള ഒരു ശീലായ്മയാണ് തല ചുററലും ഛർദ്ദിയും. ഇതു് ഒരുമാതിരി ക്ഷീണം കൊണ്ടുണ്ടാകുന്നതാകയാൽ പർവ്വതം കയറുന്നവർ നല്ല മനക്കരുത്തുള്ളവരും, ഉരുക്കുപോലെ ബലിഷ്ഠവും എന്നാൽ റബ്ബർ പോലെ വഴങ്ങുന്നതും ആയ ശരീരത്തോടുകൂടിയവരും,

ആയിരിക്കണം. ഉയൎന്ന പ്രദേശങ്ങളിൽ വായുവിന്റെ സമ്മർദ്ദം സമുദ്രനിരപ്പിൽനിന്നുമുള്ള ആ സ്ഥലത്തിന്റെ പൊക്കം അനുസരിച്ചു കുറഞ്ഞു കുറഞ്ഞു വരുന്നു. അതായതു്, നമുക്ക പ്രാണധാരണത്തിന്നു് അത്യാവശ്യമായ അമ്ലജനകം (oxygen) സമുദ്രതീരപ്രദേശങ്ങളിലെ വായുവിൽ എത്രയുണ്ടോ അതിൽ നേർപകുതി മാത്രമേ ഉദ്ദേശം ൧൮൦൦൦ അടി ഉയരത്തിലുള്ള വായുവിൽ ഉണ്ടായിരിക്കയുള്ളു. തന്നിമിത്തം, പൊക്കത്തിൽ കയറും തോറും കൂടുതൽ വേഗത്തിൽ ശ്വാസിക്കേണ്ടി വരുന്നു. ഈ അവസരങ്ങളിൽ വളരെ ശക്തിയുള്ള മനുഷ്യർപോലും ഒരുതരം ശാരീരികമായ ഉദാസീനതയ്ക്കു വശംവദരാകുന്നു. തന്നെയുമല്ല അവൎക്കു് അത്യന്തമായ മനോനിശ്ചയം കൊണ്ടല്ലാതെ ദേഹംകൊണ്ടു് ആയാസപ്പെടുന്നതിനു സാധിക്കാതെയും തീരുന്നു. ൨൯൧൪൦ അടിപൊക്കമുള്ള എവറസ്റ്റിന്റെ മുകൾഭാഗത്തെത്തണമെങ്കിൽ അപ്പോൾ എത്രത്തോളം ക്ലേശം വേണ്ടിയിരിക്കുന്നു എന്നു് ഊഹഗോചരമാണല്ലോ. ഇരുപതിനായിരം അടി ഉയരം കഴിഞ്ഞാൽ പിന്നെ കൃത്രിമമായി നിൎമ്മിക്കപ്പെടുന്ന പ്രാണവായുവിന്റെ ഉപയോഗം കൊണ്ടല്ലാതെ ജീവസന്ധാരണം മിക്കവാറും അസാധ്യമാണു്.

ആ യാത്രാസംഘം, ഉത്തരഇൻഡ്യയിൽ സമുദ്രനിരപ്പിൽനിന്നു് ൭൦൦൦ അടി പൊക്കത്തിൽ സ്ഥിതിചെയ്യുന്ന "ഡാർജീലിംഗ്" എന്ന പട്ടണത്തിൽനിന്നും ൧൯൨൧ മേ ൧൮—ാംനു- പുറപ്പെട്ടു. ആറു കഴുതകളുടെ പുറത്തു തങ്ങൾക്കാവശ്യമായ പലവിധ സാമാനങ്ങളും സജ്ജീകരിച്ചു്

അവരെയും നയിച്ചുകൊണ്ടു് ഇരുപതു് ഇന്ത്യൻ ചുമട്ടുകാരും സംഘത്തെ അനുഗമിച്ചിരുന്നു.

ഡാർജീലിങ്ങിൽനിന്നും പുറപ്പെട്ടു് 'സിക്കിം' എന്ന ഇന്ത്യൻ രാജ്യത്തിന്റെ കിഴക്കുവശത്തുകൂടി ചുംബി, ഫാരി, എന്ന ചെറുപട്ടണങ്ങൾവഴി ഹിമാലയപ്രാന്തത്തിൽ എത്തി, ആ പർവതപംക്തിയെ തരണംചെയ്തു 'ടിബററു്' രാജ്യത്തിൽ പ്രവേശിച്ചു് ആ രാജ്യത്തെ ടൂണാ, കാമ്പസോങ്ങ്, ടിങ്കി, ഷേകർ, റോങ്ങ്ബക്ക്, എന്ന സ്ഥലങ്ങളിൽകൂടി ഇരുന്നൂറിൽപരം മൈൽ സഞ്ചരിച്ചു് എവറസ്റ്റിന്റെ വടക്കേ ചരിവിൽ എത്തിച്ചേരണം എന്നതായിരുന്നു അവരുടെ ഉദ്യമത്തിന്റെ ആദ്യഘട്ടം. വഴിയിൽവച്ചുതന്നെ ഡാക്ടർ റേയ്ബർൺ രോഗബാധിതനാവുകയും, ഡാക്ടർ കെല്ലാസ് ഹൃദയസ്പന്ദനം നിലച്ചുപോകയാൽ കാമ്പസോങ്ങ് എന്ന സ്ഥലത്തുവച്ചു് മരണം പ്രാപിക്കുകയും ചെയ്തു.

ഉഷ്ണകാലം മുഴുവനും സംഘം മുറയ്ക്കു യാത്ര ചെയ്തു. പല ക്ലേശങ്ങളും സഹിച്ചു് സെപ്ടംബർ മാസത്തോടുകൂടി അവർ ൨൧൦൦൦ അടി ഉയരത്തിൽ എത്തി. അതിനുശേഷം നിരന്തരമായ അന്വേഷണങ്ങളുടെ ഫലമായി എവറസ്റ്റിലേയ്ക്കു കയറാൻ ഏററവും എളുപ്പമെന്നു തോന്നിയ ഒരു വഴി അവർ കണ്ടുപിടിച്ചു. ഇതു ൨൩൦൦൦ അടി പൊക്കമുള്ള ഒരു മലയിടുക്കിൽ കൂടിയായിരുന്നു. ഈ മലയിടുക്കിനു് അവർ 'നാത്തു്പാസു്' എന്നു് നാമകരണം ചെയ്തു.

ഇതിനിടയ്ക്കു് മഞ്ഞുകാലം അടുത്തിരുന്നു. ഹിമാലയത്തിലെ മഞ്ഞുകാലം ഏതു വിധത്തിലായിരിക്കുമെന്നു

പാറയാനില്ലല്ലോ. ആർക്കട്ടിക്ക പ്രദേശങ്ങളിലെ ശിശിര കാലംപോലും ഇത്രത്തോളം കഠോരമല്ലായിരുന്നു. എന്നിട്ടും, ധീരന്മാരായ ആ സംഘം ഒരു കൈ നോക്കാതെ പിന്മാറാൻ ഭാവമില്ലായിരുന്നു. സെപ്റ്റംബർ ൨൪-ാംനു- മോർസ്ഹെഡ്, വീലർ, മാലൊറി, ബുള്ളക്ക് എന്നീ നാലുപേരും നാത്തുപാസിന്റെ തരണം ചെയ്യാൻ ശ്രമിച്ചു. മലയിടുക്കിന്റെ വീതികുറഞ്ഞഭാഗം കടന്നു മറുവശത്തു തുറസ്സായ സ്ഥലത്തു ചെന്നുചേന്നപ്പോഴേയ്ക്കും അതിഭയങ്കരമായ ഒരു പടിഞ്ഞാറൻ കാററടിച്ച് അവരെ വീണ്ടും ഇടുക്കിന്റെ ഉള്ളിൽ അഭയം പ്രാപിപ്പിച്ചു. എന്നാൽ തിരികെ ൨൧൦൦൦ അടി ഉയരത്തിൽ സ്ഥാപിക്കപ്പെട്ടിരുന്ന താഴത്തെ താവളസ്ഥലത്തു ചെന്നെത്താൻ അവക്കു ശക്യമാകും മുമ്പുതന്നെ നാത്തുപാസ്സിലൂടെ അടിഞ്ഞു കയറാൻ തുടങ്ങിയ ഒരുക്കൻ ഹിമവർഷം അവരെ വഴിമുട്ടിച്ചു. നാലുദിവസത്തേയ്ക്ക് അവിടെനിന്നും ഒരടി പിന്നാക്കം പോരാൻ അവക്കു കഴിവുണ്ടായില്ല.

കാലാവസ്ഥ പ്രതികൂലമായിരുന്നതിനാൽ തങ്ങളുടെ പരിശ്രമങ്ങൾ തൽക്കാലം നിറുത്തിവച്ച് ആ സംഘം ഇന്ത്യയിലേയ്ക്കു തിരിച്ചു പോന്നു. എങ്കിലും ഈ യാത്രയിൽ അവക്ക് എവറസ്റ്റിന്റെ താഴ്ഭാഗങ്ങളിൽ പലയിടത്തും താവളങ്ങൾ ഉറപ്പിക്കുന്നതിനു സൌകര്യമുള്ള സ്ഥലങ്ങൾ കണ്ടുപിടിക്കാനും ൨൩൦൦൦ അടിയോളം കയറുന്നതിനും, മുകളററംവരെ കയറാൻ ഏററവും എളുപ്പമായ വഴിയേതെന്നു പരിശോധിക്കുന്നതിനും സാധിച്ചിരുന്നു.

൧൯൨൨ ശരൽക്കാലത്ത് ഡാർജിലിങ്ങിൽ, ഹിമാലയാരോഹണത്തിനു സന്നദ്ധമായ ഈ സംഘം വീണ്ടും

ഒരുമിച്ചു. മുൻ യാത്രയിൽ ഉൾപ്പെട്ടിരുന്നവരിൽ, നിര്യാതനായ കെല്ലാസിനെക്കൂടാതെ, ബ്യൂറി, റേയ്ബേർൺ, ബുള്ളക്, വീലർ എന്നവർ ഈ നൂതനസംരംഭത്തിൽ പങ്കുകൊണ്ടിരുന്നില്ല. പകരമായി സ്രൂട്ട്, ഫിഞ്ച്, വേക്ഫീൽഡ്, മാറിസ്, ക്രാഫോർഡ്, എന്നിവരും, ജനറൽ ബ്രൂസിൻെറ ഒരു ഭാഗിനേയനായ ജ്യോഫ്രേ ബ്രൂസും ഡാക്ടർ സാമർവെല്ലും ഈ സംഘത്തിൽ കൂട്ടതലായി ഉണ്ടായിരുന്നു. ഇവരിൽ ഒടുവിൽ പറഞ്ഞ ആൾ ദക്ഷിണ തിരുവിതാംകൂറിലെ നെയ്യൂർ എന്ന സ്ഥലത്തുള്ള മിഷ്യൻ ആശുപത്രിയിലെ വിശ്രുതനായ ഭിഷഗ്വരനാണ്.

അവർ മാർച്ച് ൨൬-ാംനു- ഡാർജീലിംഗിൽനിന്നും തിരിച്ചു. ഏപ്രിൽ അവസാനത്തോടുകൂടി നാർത്തുപാസ്സിനു ൮൦ മയിൽ ഇങ്ങേപ്പുറത്തുള്ള 'റോങ്ബക്' എന്ന ദിക്കിൽ എത്തി. ഇവിടെ അവർ തങ്ങളുടെ പ്രധാന താവളം ഉറപ്പിച്ചു. റോങ്ബക് തുക്കായുള്ള രണ്ടു പർവ്വതനിരകളുടെ ഇടയ്ക്കുള്ള ഒരു അധിത്യക ആയിരുന്നു. അവിടം സസ്യാദികളൊന്നുമുണ്ടാകാത്ത ഒരു ഊഷരപ്രദേശമായിരുന്നു എന്നുവരികിലും പ്രധാനമായ ഒരു ബൌദ്ധവിഹാരം ആ സ്ഥലത്തു സ്ഥിതിചെയ്തിരുന്നതിനാൽ ആൾ പാർപ്പുള്ള ദിക്കായിരുന്നു. സമുദ്രനിരപ്പിൽ നിന്നും ൧൬൫൦൦ അടി പൊക്കമുള്ള ഈ സ്ഥലം അവർ തങ്ങളുടെ പ്രവർത്തനകേന്ദ്രമാക്കാൻ ഇതായിരുന്നു കാരണവും.

റോങ്ബക്കിൻെറ അടുത്തായിത്തന്നെ അതിവിശാലമായ ഒരു മഞ്ഞുനിലം ഉണ്ടായിരുന്നു. ഇതു് എവറ-

സ്റ്റിന്റെ പാർശ്വംവരെ നീണ്ടു ചരിഞ്ഞു കിടന്നിരുന്നു. ഈ ഹിമതലത്തിന്റെ കിഴക്കുവശത്തുകൂടി നമ്മുടെ സഞ്ചാരികൾ മെല്ലെ കയറാൻ തുടങ്ങി. അവർ, ൧൯൦൦൦ അടി കയറിക്കഴിഞ്ഞു് ആ സ്ഥലത്തു് പുതനായി ഒരു താവളം ഏർപ്പെടുത്തി. (ക്യാമ്പ് നമ്പർ ൧) പിന്നെയും ൧൫൦൦ അടി കൂടുതൽ കയറി എത്തിയ സ്ഥലത്തു രണ്ടാം താവളവും, ൨൧൦൦൦ അടി ഉയരത്തിൽ മൂന്നാം താവളവും, ൨൧൦൦൦ അടി പൊക്കത്തിൽ നാലാംതാവളവും ഇങ്ങനെ നാലുതാവളങ്ങൾ ഉണ്ടാക്കി. ഇത്രയും കയറിയതു പതിനഞ്ചുദിവസംകൊണ്ടായിരുന്നു. അപ്പോഴേക്കും മേ ൧൬-ാംനു ആയി. ജൂൺ മാസത്തിൽ പതിവുള്ള മൺസൂൺ കാലവർഷം തുടങ്ങിപ്പോയാൽ പിന്നെ, പർവ്വതാരോഹണത്തിനു സൌകര്യപ്പെടുകയില്ല. ആകയാൽ കഴിയുന്നതും വേഗം എവറസ്റ്റിന്റെ മൂർദ്ധാവിൽ എത്തുന്നതിനു് അവർക്കു ശ്രമിക്കേണ്ടിയിരുന്നു. ഇതിനിടെ, സ്കൂട്ട്, ഫിഞ്ച് ഈ രണ്ടുപേർ രോഗബാധിതരായിത്തീരുകയാൽ, റോങ്ബക്കിലെ പ്രധാന താവളത്തിലേക്കു തിരിച്ചയയ്ക്കപ്പെട്ടു. ബാക്കിയുള്ളവരിൽ മാലൊറി, സാമർവെൽ, നാർട്ടൺ, മാർസ്ഹെഡ് എന്നിവർ ദൃഢനിശ്ചയത്തോടെവീണ്ടും പർവ്വതാരോഹണം തുടന്നു. ൨൫൦൦൦ അടി ഉയരത്തിൽ എത്തിയപ്പോൾ (൫-ാം താവളം) അവരുടെ പരിതസ്ഥിതികൾ വളരെ അസഹ്യമായിത്തുടങ്ങി. കാററിന്റെ അത്യുഗ്രമായ തണുപ്പും കടന്നുപോകാനുള്ള വഴിയുടെ ഖരമായ നിമ്നോന്നതത്വവും വഴുതുന്ന പ്രകൃതവും, ആയാസംനിമിത്തം ഉണ്ടായിത്തീർന്ന ക്ഷീണവും എല്ലാംകൂടി അവരെ ഏററെ വലച്ചു. മാഴ്സ്ഹെഡിനു് തീരെ

വയ്യാതായി. അയാളെ ഒരു പാറയുടെ ചരിവിൽ ഇരുത്തിയുംവച്ച് മററു മൂന്നുപേരുംകൂടി, ക്ഷീണം വകവയ്ക്കാതെ യാത്രതുടൎന്നു. അവർ ൨൦൦൦ അടിയോളം പിന്നെയും കയറി. എന്നാൽ ഈ കയററം വളരെ സാവധാനത്തിലായിരുന്നു. ആറുമണിക്കൂറുനേരത്തെ അത്യധ്വാനത്തിനുശേഷം ഇങ്ങനെ അവർ ൨൬൯൮൫ അടി ഉയരത്തിൽ ചെന്നുചേൎന്നു. ഇവിടെവച്ച് സാമർവെൽ ആ ഭൂപ്രദേശത്തിൻെറയും തൻെറ കൂട്ടുകാരുടെയും ഫോട്ടോ എടുത്തു. അതുവരെയ്ക്കും ഇത്രത്തോളം ഉയരത്തിലുള്ള സ്ഥലത്തുവച്ച് ഒരു ഫോട്ടോ എടുക്കപ്പെട്ടിട്ടില്ലായിരുന്നു. തല്ക്കാലം ഇതിലും മുകളിലേക്കു കയറാൻ ശ്രമിക്കാതെ അവർ തിരിച്ചുപോന്നു. രണ്ടു മണിക്കൂർകൊണ്ടു് ൫-ാംതാവളത്തിൽ എത്തി. അവിടെ നിന്നും താഴോട്ടിറങ്ങാൻ ശ്രമിക്കവേ, നന്നേ ക്ഷീണിച്ചിരുന്ന അവരുടെ കാൽ തെററുകയും മൂന്നുപേരും വീണുപോകയും ഉണ്ടായി. കോണിപോലുള്ള ചരിവോടുകൂടിയ ആ സ്ഥലത്തു വീണാൽ ഭയങ്കരമായ ഏതെങ്കിലും ഒരു വിടവിൻെറ വക്രത്തിൽ എത്തുന്നതുവരെ താഴോട്ടു വഴുതി അതിൽ പതിച്ച് അവർ മരണം പ്രാപിയ്ക്കുമായിരുന്നു. എന്നാൽ മാലൊറി പെട്ടെന്നു തൻെറ മഞ്ഞുകോടാലിയെ നിലത്തൂന്നിപ്പിടിക്കനിമിത്തം അന്യോന്യം ബന്ധിക്കപ്പെട്ടിരുന്ന അവൎക്കു വീണ്ടും ചുവടുറപ്പിക്കാൻ അവസരം കിട്ടുകയും അങ്ങനെ അവർ രക്ഷപ്രാപിക്കയും ചെയ്തു. കയറുമ്പോൾ, അവർ വളരെ പണിപ്പെട്ടു തങ്ങളുടെ മാൎഗ്ഗത്തിൽ പടികൾ വെട്ടിയിരുന്നതെല്ലാം ഇതിനിടെ മഞ്ഞുകൊണ്ടു മൂടപ്പെട്ടുപോയി. തിരിയെ വരാനുള്ള വഴി കാട്ടുവാൻ വേണ്ടി

165285
382-13
U8:1:N3
32G9.1



അങ്ങുമിങ്ങുമായി കെട്ടിയുറപ്പിച്ചിട്ടുണ്ടായിരുന്ന കയറും തിരെ അദൃശ്യമായിത്തീൎന്നിരുന്നു. പോരെങ്കിൽ ഇരുട്ടുമായിത്തുടങ്ങി. എന്നാലും അവിടെ രാത്രി കഴിച്ചുകൂട്ടുവാൻ നിൎവാഹമില്ലാതിരുന്നതിനാൽ യാത്ര നിറുത്തിയില്ല. സാമർവെൽ ഒരു മെഴുകുതിരി കത്തിച്ചുപിടിച്ചു് അതിൻെറ വെട്ടത്തിൽ അവർ മെല്ലെ കീഴോട്ടുനടന്നു. ഒരു സ്ഥലത്തു് അവൎക്കു് പത്തിരുപതടി പൊക്കത്തിൽനിന്നും താഴത്തു ചാടേണ്ടിവന്നു. ഈ അവസരത്തിൽ മെഴുകുതിരി അണഞ്ഞുപോയി. പക്ഷേ, ദൈവാധീനംകൊണ്ടു വഴികാട്ടാനിട്ടിരുന്ന കയറിൽ യദൃച്ഛയാ തടയാനിടവന്നു. ഇതു് അവരെ രക്ഷിച്ചു. എന്തെന്നാൽ ഈ കയർ പിടിച്ചുപിടിച്ചു് ഇരുട്ടിൽക്കൂടിയെങ്കിലും അപകടമൊന്നും കൂടാതെ അവർ ൪-ാം താവളത്തിൽ എത്തിച്ചേൎന്നു.

അവിടെ ചെന്നുചേൎന്നപ്പോൾ അവിടെ ആക്കിയിരുന്ന ചുമട്ടുകാർ രണ്ടുപേരും ആഹാരം പാകം ചെയ്യാനുള്ള അടുപ്പുംകൊണ്ടു് ആ സ്ഥലം വിട്ടുപോയിരുന്നു എന്നു് അവർ കണ്ടു. വീണ്ടും ആ രാത്രി യാത്ര തുടരുവാൻ തക്ക ശക്തി ശേഷിച്ചിട്ടില്ലായിരുന്ന അവർ നേരം വെളുക്കുന്നതുവരെ ആ താവളത്തിൽ നിരാഹാരമായി കഴിച്ചുകൂട്ടി.

പിറേറദിവസം ഉച്ചയായപ്പോൾ അവർ താവളത്തിലെത്തി. അവിടെ സഹായത്തിനു് ആളുകൾ ഉണ്ടായിരുന്നതിനാൽ ഈ യാത്രക്കാർ ഉടൻതന്നെ റോങ്ബക്കിലുണ്ടായിരുന്ന പ്രധാന താവളത്തിലേയ്ക്കു കൊണ്ടുപോകപ്പെട്ടു.

ഈ നാലു... പരിശ്രമം വിജയകരമാകാത്തതിനാൽ, ഫി... ഒരു ഗൂൎഖാപട

MUL
165285

യാളിയായ തെജ്ബിർ, ഇവരൊന്നിച്ച് മറെറാരു പരീക്ഷണംകൂടി നടത്താൻ ഒരുമ്പെട്ടു. ഇവർ ൨൭-ാംനു- നാലാംതാവളത്തിൽ നിന്നും പുറപ്പെട്ടു. ഇത്തവണ ശ്വസിക്കുന്നതിനു് ആവശ്യമായ അമ്ലജനകവാതകം നിറച്ച കുഴലുകൾകൂടി അവർ കരുതിയിരുന്നു. ൨൭൦൦൦ അടി ഉയരത്തിൽവച്ച് ഈ പൎവ്വതസംഘത്തിനു ശീതാധിക്യമുള്ളതും അതിരൂക്ഷവുമായ കൊടുങ്കാററിനോടു മല്ലിടേണ്ടിവരികയാൽ മേലോട്ടുപോകാൻ നിവൃത്തിയില്ലാതെ അവിടെ ഒരു കൂടാരമടിച്ച് അതിൽ അഭയം പ്രാപിക്കേണ്ടിവന്നു. രണ്ടുദിവസം കഴിഞ്ഞിട്ടും കാററിന്റെ ഊററം ശമിച്ചില്ല. മൂന്നാംദിവസം കാററ് അല്പം ശമിച്ചിരുന്ന തക്കംനോക്കി അവർ വീണ്ടും പുറപ്പെട്ടു. എന്നാൽ കുറച്ചു ദൂരംകൂടി കയറിയപ്പോൾ മുമ്പിലത്തേതിലും അധികം ഉഗ്രതയോടെ കാററടിക്കാൻ ആരംഭിച്ചു. തന്നെയുമല്ല തെജ്ബീർ കുഴഞ്ഞുവീണുപോകയും ചെയ്തു. അയാളെ കൂടാരത്തിലേയ്ക്കു തിരിച്ചയച്ചിട്ടു മററു രണ്ടുപേരുംമാത്രം മേലോട്ടുകയറി. അമ്ലജനകത്തിന്റെ ഉപയോഗംകൊണ്ടു്, ദേഹാധ്വാനം നിമിത്തമുള്ള ക്ഷീണമല്ലാതെ മററു കുഴപ്പങ്ങളൊന്നും പററാതെ അവർ മാലൊറിയും കൂട്ടരും സാധിച്ചതിൽനിന്നും കൂടുതൽ ഉയരത്തിൽ എത്തി. അവർ എത്തിയിരുന്ന സ്ഥലത്തുനിന്നും എവറസ്റ്റിന്റെ അഗ്രഭാഗത്തേയ്ക്കു് ഇനിയും ൧൭൦൦ അടി പൊക്കംമാത്രമേ ഉണ്ടായിരുന്നുള്ളു. എന്നാൽ വിശപ്പുകൊണ്ടും, മററു ക്ലേശങ്ങൾകൊണ്ടും, ഇതിലും കൂടുതൽ ദേഹാധ്വാനം ചെയ്യുന്ന കാൎയ്യം അസാദ്ധ്യമെന്നും അഥവാ സാധിച്ചാൽതന്നെ ജീവനോടെ തിരിച്ചുപോരുന്ന

കാൎയ്യം വിഷമമെന്നും അവൎക്കു രണ്ടാൾക്കും തോന്നുകയാൽ ബാക്കിയുള്ള ഭാഗംകൂടി കയറുന്നതിനു തൽക്കാലം അവർ യത്നിച്ചില്ല.

അവർ താഴത്തേയ്ക്കിറങ്ങി. നാലാമത്തെ താവളത്തിൽ വല്ല വിധേനയും വന്നെത്തി. ബ്രൂസിൻെറ കൈകാലുകൾ തണുപ്പുനിമിത്തം മരവിച്ചുപോയിരുന്നതിനാൽ അദ്ദേഹത്തെ റോങ്ങ്ബക്കിലെ താവളത്തിലേയ്ക്ക് എടുത്തുകൊണ്ടുപോകേണ്ടതായിവന്നു. ഫിഞ്ചിന് അത്രത്തോളം കുഴപ്പം നേരിട്ടിരുന്നില്ലെങ്കിലും ആ മനുഷ്യനും വളരെ പരവശനായിത്തീൎന്നിരുന്നു.

മൺസൂൺ തുടങ്ങുന്നതിനുമുമ്പു മൂന്നാമത്തും ഒരു ശ്രമംകൂടി നടത്തുവാൻ ആ സാഹസികന്മാർ തീൎച്ചയാക്കി. ഇത്തവണ നാലു ചെറുസംഘങ്ങളായി പിരിഞ്ഞു് എവറസ്റ്റിനെ എതിൎക്കാനാണ് അവർ ഉദ്യമിച്ചതു്. അവർ നാൎത്തുപാസ്സിൻെറ ഉപരിഭാഗത്തു നിന്നും ജൂൺ ൭-ാംനു- പുറപ്പെട്ടു. നായകന്മാർ മാലൊറി, സാമർവെൽ, ക്രാഫോർഡ് ഇവരായിരുന്നു. പകുതിയോളം വഴികയറിയപ്പോൾ സഞ്ചരിച്ചിരുന്ന മഞ്ഞു നിലം ആകമാനം താഴോട്ടു വഴുതുകയാൽ അവരെല്ലാപേരും വളരെ വിദൂരമായ ഒരു ഭാഗത്തേയ്ക്ക് ഇഴുത്തുകൊണ്ടുപോകപ്പെട്ടു. രണ്ടു ചെറുസംഘങ്ങൾ ഹിമങ്ങളുടെ ഇടയ്ക്കുള്ള ഒരു ഭയങ്കര ഗൎത്തത്തിൽ പതിച്ചു. മററുള്ളവർ തങ്ങൾ എങ്ങനെ രക്ഷപ്രാപിച്ചു എന്ന് അത്ഭുതപ്പെട്ടുംകൊണ്ടു് ഒരുവിധം ആ അപകടകരമായ മഞ്ഞു നിലത്തിൻെറ ഒരു വശത്തു വന്നെത്തി. എന്നിട്ട് കാണാതെപോയ ആളുകളെ രക്ഷി

ക്കാൻ ഭീമമായ ഒരു ശ്രമംതന്നെ അവക്ക് വേണ്ടിവന്നു. ഒരുപാട്ട മഞ്ഞുകട്ടകളെ വെട്ടിമാററിയതിനുശേഷം അതിൽ രണ്ടാളുകളെ അവർ രക്ഷപ്പെടുത്തി. ആറുപേർ മരിച്ചുപോയിരുന്നു. ഒമ്പതാമതായി ആ കൂട്ടത്തിലുണ്ടായിരുന്ന ഒരുത്തൻെറ ശവശരീരംപോലും കണ്ടുകിട്ടിയില്ല. ഇങ്ങനെ അവരുടെ ആ കൊല്ലത്തെ മൂന്നാമത്തെ ഉദ്യമവും പരാജയത്തിൽ കലാശിച്ചു. മൺസൂൺ തുടങ്ങിപ്പോയതിനാൽ പർവ്വതാരോഹണശ്രമങ്ങൾ മതിയാക്കി ആ യാത്രാസംഘം ഇൻഡ്യയിലേക്കു മടങ്ങിപ്പോരികയും ചെയ്തു.

## അദ്ധ്യായം ന്ന

"ഹിമാലയത്തിൻെറ രഹസ്യം"

മാലൊറി, ഇർവിൻ ഇവരുടെ തിരോധാനം.

വീണ്ടും വീണ്ടും പരാജിതനാക്കപ്പെട്ടു എങ്കിലും സാഹസികനായ മനുഷ്യൻ ഹിമാലയത്തോടു മല്ലിടുന്നതിൽനിന്നും പിൻമാറാൻ തയ്യാറല്ലായിരുന്നു. ൧൯൨൪-ലെ വേനൽക്കാലത്തു പർവ്വതാരോഹണത്തിനു സന്നദ്ധമായി പുതിയ ഒരു സംഘം മുമ്പിലത്തേപ്പോലെതന്നെ ഡാർജീലിംഗിൽനിന്നും പുറപ്പെട്ടു. ഇതിൻെറയും നായകൻ ജനറൽ ബ്രൂസ് ആയിരുന്നു. പഴയ സംഘത്തിലെ അംഗങ്ങളും ഹിമാലയത്തിൽ വേണ്ട വൈദഗ്ദ്ധ്യം സമ്പാദിച്ചിരുന്നവരുമായ നാർട്ടൺ, മാലൊറി, സാമർവെൽ, നോയർ, ജി. ബ്രൂസ് എന്നിവരെ കൂടാതെ പുത്തനായി ഹിങ്സ്റ്റൺ, ഹാസർഡ്, ഇർവിൻ, ഓഡൽ, ഷെബിയേർ എന്നിവരും ഈ അഭിനവസംഘത്തിൽ ഉൾപ്പെട്ടിട്ടുണ്ടായിരുന്നു.

അവരുടെ പുറപ്പാടുതന്നെ ശുഭദ്യോതകമായിരുന്നില്ല. റോങ്ബക്കിലെ പ്രധാനതാവളത്തിൽ എത്തിച്ചേരുംമുമ്പു തന്നെ ജനറൽ ബ്രൂസിനു ജ്വരം പിടിക്കുകയാൽ സംഘത്തിൻെറ നായകത്വം നാർട്ടൺ കൈയേററു. കൊടുങ്കാററുകൾ ഇടവിടാതെ അവരുടെ യാത്രയെ ശ്രമകരമാക്കി. ഒരു സ്ഥലത്തു് ഏറെപ്പെട്ടുത്തിയ താവളം, അവിടം പിന്നിട്ടുപോയി തിരിച്ചുവന്നുചേരുന്ന അവസരത്തിൽ മഞ്ഞുകൊ

ണ്ടുമുടി നഷ്ടപ്പെട്ടുപോക എന്നുള്ള സംഭവം പല അവസരങ്ങളിലും അവരെ വിഷമിപ്പിച്ചു. എങ്കിലും, ഈ വിഷമങ്ങളെല്ലാം സഹിച്ച് അവർ നാർത്തുപാസിന്റെ ചുവട്ടിലുള്ള പണ്ടത്തെ മൂന്നാംതാവളത്തിൽ ചെന്നു ചേന്നു.

അവരുടെ മുൻഭാഗത്ത് അത്യുന്നതമായ എവറസ്റ്റ് കൊടുമുടി ശ്യാമവണ്ണത്തോടും രാജസപ്രഭാവത്തോടും കൂടി തലപൊന്തിച്ചു നിന്നിരുന്നു. യാത്രക്കാരെല്ലാരും ചുമപിടിച്ച് ക്ഷീണശരീരികളായിത്തീന്നിരുന്നു. നാർത്തുപാസ്സിൽകൂടിയുള്ള പാതിയിൽ ഇതിനിടെ വലിയ മാററങ്ങൾ വന്നിരുന്നതിനാൽ നാലാംതാവളത്തിൽ ചെന്നെത്തുവാൻ അവക്കു കൂടുതൽ സമയവും ക്ലേശവും വേണ്ടിവന്നു. പിന്നെയും പല തടസ്സങ്ങളും നേരിട്ടുകൊണ്ടിരുന്നതിനാൽ തങ്ങൾ പിൻവാങ്ങിപ്പോന്നിരുന്ന മൂന്നാം താവളത്തിൽ നിന്നും മുന്നോട്ടു നീങ്ങുന്നതിനു മേ ൨൮-ാംനു- വരെ അവക്കു കഴിവുണ്ടായില്ല. ആ ദിവസം, സാമർവെൽ, ഇർവിൻ, ഹാസർഡ്, ഇവരുടെ നേതൃത്വത്തിൽ ഒരു സംഘം വീണ്ടും പുറപ്പെട്ടു. പകൽ മുഴുവനും ഇടമുറിയാതെ മഞ്ഞുവീണുകൊണ്ടിരുന്നു. രാത്രി അടുത്തപ്പോൾ തണുപ്പു തീരെ അസഹ്യമായിത്തീന്നു. മഞ്ഞുനിലം വഴുതാൻ തുടങ്ങിയാലത്തെ അപകടം ഓത്ത് അവർ അന്നും തിരിച്ചു പോരാൻതന്നെ ഇടയായി. പക്ഷെ ഹാസർഡും പന്ത്രണ്ടുചുമട്ടുകാരും മുകളിൽ തങ്ങിപ്പോയി. വല്ലവിധത്തിലും ഹാസർഡ് അവരിൽ എട്ടുപേരെ വർദ്ധിച്ചു തുടങ്ങിയിരുന്ന ഇരുൾമയക്കത്തിൽകൂടി മൂന്നാം താവളത്തിലെ

രക്ഷാസ്ഥാനത്തു കൊണ്ടെത്തിച്ചു. എന്നാൽ ചുമട്ടുകാരിൽ ബാക്കിയുണ്ടായിരുന്ന നാലുപേർ എത്ര നിർബന്ധിച്ചിട്ടും, ഭയംനിമിത്തം തങ്ങൾ ഇരുന്നിരുന്ന കിഴക്കാംതൂക്കായ ഒരു ഹിമശിഖരംവിട്ടു താഴോട്ടിറങ്ങാൻ വിസമ്മതിച്ചു.

ഇവരുടെ സ്ഥിതി ഏററവും ആശങ്കാജനകമായിരുന്നു. കൊണ്ടുപോയിരുന്ന ആഹാരസാധനങ്ങൾ കൈവിട്ടുപോയ അവർ വിശപ്പും തണുപ്പുംകൊണ്ടു് മരവിച്ചു മരിച്ചുപോകാനാണു് ഇടയുണ്ടായിരുന്നതു്. കൂടാതെ, ഇനിയും ഒരു ഹിമവർഷം ഉണ്ടാകുന്നപക്ഷം, താഴോട്ടുള്ള വഴി അനേക ദിവസത്തേയ്ക്കു് കടക്കാൻ പാടില്ലാത്തതായിത്തീരാനും തരമുണ്ടു്. ആകയാൽ അവരെ കഴിയുന്നതും വേഗം രക്ഷപ്പെടുത്തേണ്ടതായിരുന്നു. നാർട്ടൺ ഉടൻ തന്നെ ഇതിന്നായി ഒരുമ്പെട്ടു. മററുള്ളവരെ അതിലും താഴെയുള്ള താവളത്തിലേക്കയച്ചിട്ടു് മൂന്നുപേർ മാത്രം—മാലൊറിയും, സാമർവെല്ലും നാർട്ടണും—മുകളിലോട്ടു കയറാൻ കല്പിച്ചു വെളിച്ചം കിട്ടുന്നതിനു്, നേരം വെളുത്തു തുടങ്ങുന്നതും പാർത്തു് അവിടെ നില്പായി. പ്രഭാതമാകുന്നതിനു മുമ്പുതന്നെ, സ്വന്തം ജീവനെപ്പോലും പണയപ്പെടുത്തിക്കൊണ്ടു് അവർ മുന്നോട്ടു കയറി അപകടത്തിൽ പെട്ടിരിക്കുന്ന ആ നാലുപേരുടേയും ഏകദേശം സമീപത്തെത്തി.

ഈ ധീരകൃത്യത്തിൽ മുന്നിട്ടു നിന്നതു് സാമർവെൽ ആണു്. ചുമയുടെ ഉപദ്രവം നന്നേ ബാധിച്ചിരുന്നു എങ്കിലും അതു വകവെയ്ക്കാതെ പോകാനുള്ള വഴിക്കു് മഞ്ഞിൽ പടികൾ വെട്ടിയുണ്ടാക്കിയാണു് അദ്ദേഹം ആ

കിഴക്കാംതൂക്കായുള്ള മാൎഗ്ഗത്തെ തരണം ചെയ്തതു്. ഹിമ
ശിഖരത്തിൽ അകപ്പെട്ടവരുടെ വളരെ സമീപത്തെത്തി
അവരിൽ രണ്ടുപേരെ സാമർവൽ വല്ല വിധത്തിലും
രക്ഷപ്പെടുത്തി. രണ്ടാമത്തെ ആളെ കൈകൊടുത്തു് താൻ
വന്ന മാർഗ്ഗത്തിലേക്ക വലിച്ചിറക്കുന്ന അവസരത്തിൽ
അഗ്രഭാഗത്തു ശേഷിച്ചിരുന്ന മററ രണ്ടുപേരും പെട്ടെന്നു
വഴുതി ആ ഹിമശൃംഗത്തിൻെറ പശ്ചാൽ ഭാഗത്തുകൂടി
അതിവേഗത്തിൽ കീഴോട്ടു വീഴാൻ തുടങ്ങി. ഇതുകണ്ടു്
സാമർവെൽ പെട്ടെന്നു തൻെറ മഞ്ഞുകോടാലിയെ ഒരു
കുററിപോലെ താൻ നിന്നിരുന്ന ഭാഗത്തു നാട്ടിക്കൊണ്ടു്
കൈയിലുണ്ടായിരുന്ന കയറിന്റെ ഒരററം അതിൽ ബന്ധി
ച്ചു. മറേറ അററം മറുവശത്തേയ്ക്കു വലിച്ചെറിഞ്ഞു്
അതിൽ പിടിച്ചുംകൊണ്ടു് ദ്രുതമായി കീഴോട്ടിറങ്ങി.
കയറിൻെറ തുമ്പുവരെ ഇറങ്ങിയപ്പോൾ വഴുതിവീണവരെ
കഷ്ടിച്ചു കൈ നീട്ടി തൊടാമായിരുന്നു. ഈ നിലയിൽ
തൂങ്ങിക്കിടന്നുംകൊണ്ടു് അവരിൽ ഓരോരുത്തരെയായി പ
ണിപ്പെട്ടു വലിച്ചുകയററി. വടത്തിൽ പിടികിട്ടിയ അവർ
പിന്നെ മെല്ലെമെല്ലെ അതിൽ പിടിച്ചു കയറി ആ ഹിമ
ശൃംഗത്തിൻെറ ഇപ്പുറത്തു് എത്തി. സാമർവെൽ തീർ
ത്തിരുന്ന മഞ്ഞുപടികളിൽക്കൂടി ഇപ്പോൾ ഇവർക്കു താഴോ
ട്ടിറങ്ങാൻ വിഷമമില്ലായിരുന്നു. പോരെങ്കിൽ സഹായ
ത്തിനു് മാലൊറിയും നാർട്ടണും ഉണ്ടായിരുന്നു താനും.
ഇങ്ങനെ ചുമട്ടുകാരായ നാലു കറുത്ത മനുഷ്യരെ രക്ഷി
ക്കാൻവേണ്ടി സ്വജീവനെപ്പോലും ഈ മൂന്നു വെള്ളക്കാ
രും, പ്രത്യേകിച്ചും സാമർവെൽ, തൃണവൽ ഗണിച്ചതോ
ൎക്കുമ്പോൾ ഹിമാലയത്തെപ്പോലുള്ള ഒരു മഹച്ഛക്തിയുടെ

സന്നിധാനത്തിൽ, അല്ലെങ്കിൽ പ്രകൃതിശക്തികളുമായി പോരാടാൻ സധീരം ഒരുമ്പെടുന്ന അവസരങ്ങളിൽ, മനുഷ്യനു് ജാതിഭേദത്തിലും വർണ്ണഭേദത്തിലും അതീതമായ ഒരു 'ഏകോദരത്വ'ചിന്ത സ്വതഏവ ജന്യമായി അവനെ സാധാരണ തോതുകളിൽ നിന്നും, പരിചയങ്ങളിൽ നിന്നും, വളരെ ഉയൎന്നതായ ഒരു പടിയിൽ എത്തിക്കുന്നു എന്നു കാണാവുന്നതാണു്.

മുൻ വിവരിച്ച സംഭവത്തിനുശേഷം ഒന്നാം താവളത്തിലേയ്ക്കു മടങ്ങിപ്പോന്നിരുന്ന ആരോഹണസംഘം ആ വേനൽക്കാലം അവസാനിക്കുംമുമ്പു വീണ്ടും ഒന്നു രണ്ടു പരീക്ഷണങ്ങൾകൂടി നടത്തുന്നതിനുതന്നെ നിശ്ചയിച്ചു. തമ്മിൽ ആലോചിച്ചു് തങ്ങളുടെ പ്രവൃത്തിപദ്ധതിയെ ഒന്നു പുതുക്കി. ഈരണ്ടുപേർ വീതം രണ്ടു പ്രാവശ്യം കൂടി ശ്രമിക്കുന്നതിനും ആവശ്യംവരുന്നപക്ഷം, പിന്നെയുണ്ടായിരുന്ന മൂന്നു യൂറോപ്യൻമാരും മൂന്നാമതൊരു പ്രാവശ്യംകൂടി അവസാനമായി ശ്രമിക്കുന്നതിനും, ഇതിലും പരാജയമാണു് ഫലമെങ്കിൽ പർവതാരോഹണശ്രമങ്ങൾ ആ ആണ്ടത്തേയ്ക്കു നിൎത്തിവയ്ക്കുന്നതിനും അവർ തീൎച്ചയാക്കി.

ആദ്യമായി മലൊറിയും ജ്യോഫ്രേ ബ്രൂസുംകൂടി ജൂൺ ഒന്നാംതീയതി നാലാം താവളത്തിൽനിന്നും തിരിച്ചു. അധികദൂരം കയറുന്നതിനു മുമ്പുതന്നെ ഭയങ്കരമായ ചണ്ഡവാതം അടിക്കാനാരംഭിക്കയും ഏറെത്താമസിയാതെ ബ്രൂസ് ഹൃദയം തിറമ്പുകയാൽ രക്തം തുപ്പാൻ തുടങ്ങുകയും ചെയ്തു. തൻമൂലം അവർ മടങ്ങിപ്പോന്നു.

ണ്ടാമതായി പുറപ്പെട്ടതു് നാർട്ടണും സാമർവെല്ലും കൂടി ആയിരുന്നു. ഉഗ്രമായ കാററു് ഇപ്പോഴും ഉണ്ടായിരുന്നു എങ്കിലും അവർ ൨൫൦൦൦ അടി ഉയരംവരെ കയറി. അന്നു് അവിടെ വിശ്രമിച്ചു. പിറേറ ദിവസം കാററും കോളും ഒഴിഞ്ഞു് അന്തരീക്ഷം നിർമ്മലമായി. ഉത്സാഹത്തോടെ അവർ യാത്ര തുടർന്നു. അന്നു വൈകുന്നേരം അവർ ൨൬൮൦൦ അടി ഉയരത്തിൽ എത്തിച്ചേർന്നു. കൂടെയുണ്ടായിരുന്ന ചുമട്ടുകാരെ ഈ ഘട്ടത്തിൽ തിരിച്ചയച്ചിട്ടു്, സാമർവെല്ലിൻെറ വല്ലാത്ത ചുമയേയും വകവയ്ക്കാതെ, അന്നുരാത്രി അവർ ആ ഉറസ്സായ സ്ഥലത്തു് ഒരു ചെറുകൂടാരം നിർമ്മിച്ചു് അതിൽ കഴിച്ചുകൂട്ടി.

അടുത്ത ദിവസം കാലത്തു് ആറരമണിയായപ്പോൾ അവർ വീണ്ടും ആരോഹണം തുടർന്നു. അവർ അമ്ലജനകം നിറച്ച കുഴലുകൾ കൊണ്ടുപോന്നിരുന്നില്ല. ആകയാൽ ശ്വാസോച്ഛ്വാസം വളരെ വിഷമിച്ചു വേണ്ടിവന്നു. ഓരോ അടിയും കയറുമ്പോഴും അവർ അത്യധികം കിതച്ചുതുടങ്ങി. എങ്കിലും ആശ കൈവെടിയാതെ മുന്നോട്ടു തന്നെ കയറി അവർ ൨൮൦൦൦ അടി ഉയരത്തിൽ എത്തി. ഇവിടെവച്ചു് അത്യധികമായ ക്ഷീണം നിമിത്തവും ചുമയുടെ ശല്യം നിമിത്തവും തീരെ വയ്യാതാവുകയാൽ സാമർവെൽ കൂടുതൽ കയറുന്ന ഉദ്യമത്തിൽ നിന്നും പിൻവാങ്ങി. നാർട്ടൺ തനിച്ചു യാത്രതുടർന്നു. സാമർവെൽ നാർട്ടണെത്തന്നെ നോക്കിയുംകൊണ്ടു അവിടെയിരുന്നു. ൧൩൦ അടികൂടി കയറിയപ്പോൾ നാർട്ടണും നന്നേ കുഴഞ്ഞു. തൻെറ ദേഹബലം ക്ഷയിക്കാൻ തുടങ്ങിയിരി

കുന്ന ഈ അവസരത്തിൽ ഇനിയും ബാക്കികിടക്കുന്ന ആയിരം അടികൂടി വല്ലവിധത്തിലും കയറി എവറസ്റ്റിൻെറ മുകൾപ്പരപ്പിൽ എത്തിച്ചേൎന്നാൽ തന്നെയും അക്കഥ പറയാൻ തിരിച്ചെത്തിക്കൊള്ളാമെന്നുള്ള ധൈൎയ്യം തോന്നാതിരുന്നതിനാൽ, തിരിച്ചുപോരികതന്നെ എന്നു നാർട്ടൺ ഇവിടെ വച്ചു നിശ്ചയിച്ചു. ആകയാൽ തഴെഇറങ്ങി ദീനനായ സാമർവെല്ലിനെയും കൂട്ടിക്കൊണ്ടു അവർ രണ്ടാളുംകൂടി നാലാംതാവളത്തിൽ തിരികെ എത്തി. ഇങ്ങനെ രണ്ടാമത്തെ ഉദ്യമവും പരാജയത്തിൽ കലാശിച്ചു. എങ്കിലും, എവറസ്റ്റിൻെറ കഴിവുള്ളടത്തോളം പൊക്കത്തിൽ എത്തിച്ചേൎന്നിട്ടു് ജീവനോടെ തിരിച്ചുപോരാൻ സാധിച്ചതു് ഇവർക്കായിരുന്നു എന്നുള്ള സംഗതി വിസ്മരണീയമല്ല.

തീരെ അവശരായിത്തീൎന്നിരുന്ന സാമർവെൽ, നാർട്ടൺ, ബ്രൂസ്, ഇവരെ ശുശ്രൂഷിക്കുവാൻതക്കതായ ആളുകൾ വേണ്ടിയിരുന്നതിനാൽ മൂന്നാമതായി പൎവ്വതാരോഹണത്തിനു് സന്നദ്ധരായിരുന്നവരിൽ ഒരാൾക്കു് പോരാൻ നിർവാഹമില്ലായിരുന്നു. എന്നുമാത്രമല്ല ഈ മൂന്നാം സംഘത്തിൽ അധികം ഉയരത്തിൽ കയറി പരിചയമുള്ള വരാരുംതന്നെ ഉണ്ടായിരുന്നില്ല. ആകയാൽ ഇവരിൽ രണ്ടുപേരായ ഇർവിൻ ഓഡൽ എന്നവരും, മാലൊറിയും ഒരുമിച്ചാണു് മൂന്നാംപ്രാവശ്യം പുറപ്പെട്ടതു്. അവർ ജൂൺ ൬-ാംനു- നാലാംതാവളത്തിൽനിന്നും തിരിക്കയും അപകടമൊന്നുംകൂടാതെ സാമർവെൽ എത്തിയ സ്ഥലമായ ൨൮൦൦൦- അടി ഉയരത്തിൽ ജൂൺ ൮-ാംനു- ചെന്നു

ചേരുകയും ചെയ്തു. ഓഡൽ അവിടെ തങ്ങി. അന്നുച്ച യ്ക്കുമേൽ മണി ഒന്നടിച്ച് ൮ം-മിനിട്ടു കഴിഞ്ഞപ്പോൾ ഇർവിനും മാലൊറിയും മല കയറിക്കൊണ്ടിരിക്കുന്നതായും ആ സമയത്ത് അവർക്ക് എവറസ്റ്റിൻെറ അഗ്രത്തിൽ ചെന്നുചേരാൻ ഉദ്ദേശം ൮൦൦-അടിയോളംമാത്രം ബാക്കി യുണ്ടായിരുന്നതായും താൻ കണ്ടറിഞ്ഞതായി ഓഡൽ പറയുന്നു. എന്നാൽ ഈ ഘട്ടത്തിൽ ചുഴലിക്കാററും മേഘങ്ങളും വന്ന് അയാളുടെ ദൃഷ്ടിപഥത്തെ മറച്ചു. വളരെ വളരെ നേരം അവിടെത്തന്നെ നിന്നിട്ടും അ യാൾക്ക് അവരെ വീണ്ടും കാണാൻ സാധിച്ചില്ല. ഒരു ദിവസം തികച്ചും കഴിഞ്ഞിട്ടും ആ രണ്ടു ധീരന്മാരും അ പ്രത്യക്ഷരായിത്തന്നെ ഇരിക്കയാൽ ഓഡലിൻെറ ആപ ല്ശങ്ക വർദ്ധിച്ചു. താഴത്തെ താവളത്തിൽ വന്ന് അയാൾ വിവരം കൂട്ടുകാരെ അറിയിച്ചു. സൂക്ഷ്മമായ ഒരു അ ന്വേഷണത്തിന് പരിസരാവസ്ഥകൾ അനുവദിച്ചിരു ന്നില്ല എന്നുവരികിലും ക്ഷീണബാധിതരായിരുന്ന അവർ തങ്ങളാലാവുംവിധം എല്ലാം മാലൊറിയെയും ഇർവിനേ യും തിരഞ്ഞു.

അവരുടെ പ്രയത്നം കേവലം നിഷ്ഫലമായി പരി ണമിച്ചു. ആകയാൽ ഹതാശരായ ആ യാത്രക്കാർ വീണ്ടും ഒരുതവണകൂടി പർവ്വതാരോഹണത്തിനുവേണ്ട ഊർജ്ജി തമോ, മുഷ്ക്കോ ശേഷിക്കാതെവരായി, ഇന്ത്യയി ലേക്കു മടങ്ങി. പോരെങ്കിൽ കാലാവസ്ഥയും അവർക്കു പ്രതികൂലമാവാൻ ആരംഭിച്ചിരുന്നു. ഇങ്ങനെ അവരുടെ ഈ ഉദ്യമവും പരാജയത്തിൽത്തന്നെ കലാശിച്ചു. ഇത്ത വണയും എവറസ്റ്റ് തന്നെ ജയിച്ചു.

പർവ്വതശിരസ്സിൽ അപ്രത്യക്ഷരായ മാലൊറിയുടെയും ഇർവിൻെറയും കഥ എന്തായിരിക്കാം? അവർ മടങ്ങി എത്താതിരുന്നതിൽ നിന്നു് എന്താണു് അനുമാനിക്കേണ്ടതു്? തങ്ങളുടെ ജീവിതാശയായ, എവറസ്റ്റിൻെറ മുകൾപ്പരപ്പിൽ എത്തുക എന്നുള്ള കാര്യം അവർ വിജയപൂർവ്വം നിർവ്വഹിച്ചുവോ? അതോ, ആ മഹാ വിജയാപ്തി തങ്ങൾക്കു് അനന്യസുലഭമാംവിധം കരഗതമായിരിക്കെ, അവിചാരിതമായ എന്തെങ്കിലും അത്യാഹിതം അവരുടെ ഉൽഗമനോന്മുഖങ്ങളായ പദങ്ങളെ എന്തോ മരണഗർത്തത്തിലേക്കു പിറകോട്ടു വലിച്ചിഴത്തുവോ? ഈ പ്രശ്നങ്ങൾക്കുള്ള മറുപടി ഇനിയും ഊഹമാത്രങ്ങളായ ചില വിവരങ്ങളെ ആശ്രയിച്ചിരിക്കുന്നതല്ലാതെ പരമാർത്ഥമറിയുന്നതിനു് യാതൊരു മാർഗ്ഗവുമില്ലാത്ത വിധത്തിൽ ആണു പരിഗണിക്കപ്പെട്ടിരിക്കുന്നതു്. ഈ ധീരാത്മാക്കൾ രണ്ടുപേരും ആ 'ഗൗരീശങ്കര' നിവാസസ്ഥാനത്തിൻെറ അഖണ്ഡമഹിമാവിൽ ജഡദേഹം ഉപേക്ഷിക്കേണ്ടതായിവന്നു എങ്കിൽപോലും അതിൽ പരിതപിക്കാനില്ല. എന്തെന്നുവച്ചാൽ സർവപ്രകാരമുള്ള വിപത്സംഭവങ്ങൾക്കും, വേണ്ടിവന്നാൽ ജീവാപായത്തിനു തന്നെയും, ധൃതകങ്കണരായിട്ടാണല്ലോ അവർ ഈ മേദുര സംരംഭത്തിനു സന്നദ്ധരായതു്. എന്നാൽ, അവരുടെ ആത്മാഭിലാഷം, ഏകതാനമായ ലക്ഷ്യം, എന്തെല്ലാം വിപത്തുകൾ നേരിട്ടാലും തങ്ങൾക്കു് എവറസ്റ്റിൻെറ അഗ്രഭാഗത്തു് എത്തിച്ചേരണമെന്നുള്ള അഭേദ്യമായ ദൃഢനിശ്ചയം, സാധിതപ്രായമാക്കാൻ അവക്കു സംഗതി വന്നോ ഇല്ലയോ എന്നുള്ള കാര്യമാണു് നമുക്കു സൂക്ഷ്മമായി അറി

യേണ്ടിയിരിക്കുന്നതു്. സംഭവബഹുലമായ എവറസ്റ്റ് ആരോഹണ പരിശ്രമങ്ങളെ ശാസ്ത്രീയബുദ്ധ്യാ നിരീക്ഷണം ചെയ്യുന്ന. ജിജ്ഞാസുക്കൾക്ക് മറെറാന്നും ആരായേണ്ടതായിട്ടില്ല. ശാസ്ത്രീയമായ വിജ്ഞാനത്തിൻെറ അപ്രതിരോധ്യമായ പുരോഗമനം, അതിനു പശ്ചാത്തമായ്ഭവിക്കുന്ന ജീവത്യാഗങ്ങളെയും നരമേധങ്ങളെയും അത്ര പ്രധാനമോ ഗൗരവാവഹമോ ആയി കണക്കാക്കാറില്ല.

എന്നു വരികിലും, മാലൊറിയും ഇൗർവിനും ഹിമാലയത്തിൻെറ അത്യുച്ചശൃംഗമായ എവറസ്റ്റിൻെറ അഗ്രഭാഗത്തു ചെന്നുചേൎന്നോ ഇല്ലയോ എന്നുള്ള സൂക്ഷ്മജ്ഞാനം നമുക്കില്ലാതിരിക്കുന്നേടത്തോളം കാലം ഈ രണ്ടു മഹാധീരന്മാരുടെയും അജ്ഞാതമായ അന്തിമാവസ്ഥയെപററി നാം തപ്തഹൃദയരായിരിക്കുവാനേ തരമുള്ളൂ. വിജയം കരസ്ഥമാക്കാതെയാണു് അവർ തങ്ങളുടെ ജീവൻ ബലികഴിച്ചതു് എങ്കിൽ അവരുടെ ത്യാഗം നിഷ്ഫലമായിരുന്നല്ലോ എന്നോൎക്കുമ്പോൾ ആരും സങ്കടപ്പെട്ടുപോകും. നേരേമറിച്ചു് ആ മഹാഗിരിയുടെ മൂർദ്ധാവിൽ എത്തിച്ചേരുവാൻ സാധിച്ചതിനുശേഷമാണു് അവരുടെ നിൎയ്യാണമെങ്കിൽ, സാധാരണ മനുഷ്യനു് കേവലം ദുസ്സാധ്യമായ ഒരു ധീരകൃത്യം നിൎവ്വഹിച്ചു് വിജിഗീഷുക്കളായിത്തീൎന്ന അവർ ആ അത്ഭുതവാൎത്തയെ ലോകത്തോടുൽഘോഷിക്കുവാൻ സജീവരായി തിരിച്ചെത്തിയില്ലല്ലോ എന്നുള്ള ഒരു ഖിന്നതമാത്രമേ നമുക്കുണ്ടാകാൻ വകയുള്ളൂ. എന്തെന്നാൽ, തങ്ങളുടെ ജീവിതോദ്ദേശമായി സ്വയംവരിച്ച ഈ ഉദ്യമത്തിൽ പരിപൂൎണ്ണവിജയം അവൎക്കു കരഗതമായിക്കു

ഴിഞ്ഞു എന്നുവന്നാൽ അതിലും മീതെയായി അവർ മറെറാന്നും ആഗ്രഹിച്ചിരുന്നില്ലായ്കയാൽ സന്തോഷത്തോടും കൃതാൎത്ഥതയോടുംകൂടി ആയിരുന്നിരിക്കണം അവർ ജീവൻ വെടിഞ്ഞതു്. അങ്ങനെ ആണെങ്കിൽ അവർ അന്യരുടെ അനുശോചനങ്ങൾക്കു് അതീതരുമാണല്ലോ. ഏതായാലും, മാലൊറിയുടെയും ഇൎവ്വിന്റെയും, ഈ അന്തിമപ്രയത്നത്തിന്റെ പൎയ്യവസാനത്തെ ആവരണംചെയ്യുന്ന അതിസന്ദിഗ്ദ്ധത, മനുഷ്യന്റെ സാഹസികോദ്യമങ്ങൾക്കു കീഴടങ്ങാതെ അദ്യാപി അജയ്യനായിത്തന്നെ വൎത്തിക്കുന്ന ഹിമവാന്റെ അഭേദ്യങ്ങളായ പരമരഹസ്യങ്ങളിൽ ഒന്നായി എന്നെന്നേക്കും നിലനിന്നുപോരുന്നതാണു്.

165285
382 13
U8:1:N3
32691

UNIVERSITY LIBRARY
- 8 JUL 195
MADRAS

MUL
165285

JUL 8

8 FEB 1956